

VOL NO: 08 I ISSUE 08
2024 FEBRUARY 24 I ₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com

വേഗത്തിൽ വളർന്നു വികസിക്കുന്ന വിജ്ഞാനശാഖയാണ് ശാസ്ത്രം. പുതിയ കണ്ടെത്തലുകൾ പഴയ അറിവിനെ നവീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നത് ശാസ്ത്രത്തിന്റെ ഗുണമായേ കാണാനാവൂ. അല്ലാഹുവിന്റെ അത്ഭുതകരമായ സൃഷ്ടിപ്പിനെ അനാവരണം ചെയ്യുക മാത്രമാണ് യഥാർഥത്തിൽ ശാസ്ത്രം ചെയ്യുന്നത്. അതുകൊണ്ട് തന്നെ നിയതമായ ഒരു ശാസ്ത്രസത്യത്തിനും ദൈവികവചനങ്ങൾ സമാഹരിച്ച ക്വുർആനിന് എതിരു നിൽക്കുക സാധ്യമല്ല. ഇതു മനസ്സിലാക്കാതെ ശാസ്ത്രത്തിന്റെ മൂശയിൽ ക്വുർആനിനെ വാർത്തെടുക്കാനുള്ള ശ്രമങ്ങൾ പരിഹാസ്യമാണ്.

## ക്വുർആൻ വ്യാഖ്യാനിക്കാൻ ശാസ്ത്രത്തെ കൂട്ടുപിടിക്കുമ്പോൾ

### സകാത്ത്; എന്ത്, എന്തിന്?

- || വാക്കുകൾ സൂക്ഷിക്കുക
- || ശഅ്ബാൻ മാസത്തിലെ അനാചാരങ്ങൾ
- || ഹദീസ് നിഷേധം, ക്വുർആൻ വിമർശനം, സർവമത സത്യവാദം




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

# 0370
# നേർപഥം
വാരിക

2024 ഫെബ്രുവരി 24
1445 ശഅ്ബാൻ 14
പുസ്തകം 08 / ലക്കം 08





Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Psrint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**


കവർ സ്റ്റോറി
10




**ശമീർ മദീനി ശ്രീമൂലനഗരം**

വേഗത്തിൽ വളർന്നു വികസിക്കുന്ന വിജ്ഞാനശാഖയാണ് ശാസ്ത്രം. പുതിയ കണ്ടെത്തലുകൾ പഴയ അറിവിനെ നവീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നത് ശാസ്ത്രത്തിന്റെ ഗുണമായേ കാണാനാവൂ. അല്ലാഹുവിന്റെ അത്ഭുതകരമായ സൃഷ്ടിപ്പിനെ അനാവരണം ചെയ്യുക മാത്രമാണ് യഥാർഥത്തിൽ ശാസ്ത്രം ചെയ്യുന്നത്. അതുകൊണ്ട് തന്നെ നിയതമായ ഒരു ശാസ്ത്രസത്യത്തിനും ദൈവികവചനങ്ങൾ സമാഹരിച്ച ക്വുർആനിന് എതിരു നിൽക്കുക സാധ്യമല്ല. ഇതു മനസ്സിലാക്കാതെ ശാസ്ത്രത്തിന്റെ മൂശയിൽ ക്വുർആനിനെ വാർത്തെടുക്കാനുള്ള ശ്രമങ്ങൾ പരിഹാസ്യമാണ്.


**05** മുഖമൊഴി
ഹദീസ് നിഷേധം,
ക്വുർആൻ വിമർശനം,
സർവമത സത്യവാദം

**06** കർമപഥം
സകാത്ത്;
എന്ത്, എന്തിന്?
വിവ. അബ്ദുൽ ജബ്ബാർ മദീനി

**16** ചലനങ്ങൾ
കേരള യൂത്ത്
കോൺഫറൻസിന്റെ നാൾവഴികൾ
താജുദ്ദീൻ സ്വലാഹി

**18** പഠനം
നല്ല ഉദ്ദേശ്യവും
സുന്നത്തും
ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ: ശമീർ മദീനി

**22** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറ:സ്വാദ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**25** ഹദീസ് പാഠം
വാക്കുകൾ
സൂക്ഷിക്കുക
ടി.കെ ത്വൽഹത്ത് സ്വലാഹി

**26** ലേഖനം
സ്വയം നിലനിൽക്കൽ
അനിവാര്യമായ അസ്തിത്വം
ശാഹുൽ പാലക്കാട്

**30** ലേഖനം
തീരാത്ത മൂപ്പിളമത്തർക്കം
മൂസ സ്വലാഹി കാര

**34** നമുക്കുചുറ്റും
ശഅ്ബാൻ മാസത്തിലെ
അനാചാരങ്ങൾ
ഉസ്മാൻ പാലക്കാഴി



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly



# കേരള യൂത്ത് കോൺഫറൻസിലെ അവിസ്മരണീയ നിമിഷങ്ങൾ

'ഇത്രയും വലിയ സ്റ്റേജിലൊന്നും ഞാനിതുവരെ കയറിയിട്ടില്ല; നല്ല പേടിയുണ്ട്! നമ്മൾ പ്ലാൻ ചെയ്തത് മുഴുവൻ പറയാൻ കഴിയോ എന്നൊരു ആശങ്ക!' വിസ്ഡം യൂത്ത് സംഘടിപ്പിച്ച കേരള യൂത്ത് കോൺഫറൻസിൽ, വളരെ ചെറുതും എന്നാൽ അർഥഗർഭവുമായ ഒരു സെഷൻ അവതരിപ്പിച്ച കാഴ്ചപരിമിതനായ ഗഫൂർ മാഷിന്റെ വാക്കുകളാണിത്. വർണശബളമായ ഈ ലോകത്തെ കണ്ടു കൊതി തീരും മുമ്പേ, ബാല്യത്തിൽ തന്നെ കാഴ്ചശക്തി പതിയെ കുറഞ്ഞുവന്ന് പൂർണമായ അന്ധതയിലേക്ക് വീണുപോയ വ്യക്തിയാണ് അദ്ദേഹം. പ്രോഗ്രാം ടീമിൽ പ്രമേയവിശദീകരണ സെഷന്റെ ചുമതലയുള്ളതുകൊണ്ട്, ചുരുങ്ങിയ ദിവസങ്ങൾകൊണ്ടുതന്നെ വിഷയാവതാരകനായ അദ്ദേഹവുമായി നല്ല ആത്മ ബന്ധമുണ്ടാക്കിയിരുന്നു. 'യുവത്വം നിർവചിക്കപ്പെടുന്നു' എന്ന സെഷനിലെ എട്ട് വിഷയങ്ങളിലെ ഏറ്റവും അവസാനത്തെ അദ്ദേഹത്തിന്റെ സംസാരത്തിന് തൊട്ടുമുമ്പ് എന്നോട് പറഞ്ഞതാണ് മുകളിൽ സൂചിപ്പിച്ച ഈ ആശങ്ക.

വേദിയും സദസ്സും എന്നല്ല, തന്റെ മുന്നിലുള്ള മൈക്ക് സ്റ്റാൻഡ് പോലും കാണാൻ കഴിയാത്ത അദ്ദേഹത്തിന് ആ വലിയ സ്റ്റേജിൽ കയറാൻ ഇത്തിരിയെങ്കിലും പേടി തോന്നിച്ചത് കേവലം സഭാകമ്പം കൊണ്ടായിരുന്നില്ല, മറിച്ച് തന്നിലൂടെ സദസ്സിന് സംവദിക്കപ്പെടേണ്ട വിഷയങ്ങൾക്ക് എന്തെങ്കിലും പോരായ്മകൾ ഉണ്ടാവുമോ എന്ന ആകുലതയായിരുന്നു. എന്നാൽ, ചുരുങ്ങിയ വാക്കുകൾ കൊണ്ടു തന്നെ കേട്ടിരുന്നവരുടെ കണ്ണുകളെ ഈറനണിയിച്ച സംസാരശേഷം അദ്ദേഹം പറഞ്ഞു: "കാഴ്ചയെന്ന അമൂല്യമായ അനുഗ്രഹം നഷ്ടമായ എനിക്ക്, ആ അനുഗ്രഹമുള്ള കുറച്ചു പേരുടെ ജീവിതത്തിലെങ്കിലും ഒരു വെളിച്ചമാകാൻ കഴിഞ്ഞെങ്കിലോ എന്ന് ആലോചിച്ചതുകൊണ്ട് മാത്രമാണ്, ഈ ജനസഞ്ചയത്തിന്റെ മുന്നിൽ ഞാൻ സ്റ്റേജിൽ കയറിയത്. എന്റെ ഈ ജീവിതംകൊണ്ട് ഇതെങ്കിലും ഞാൻ ചെയ്യേണ്ടേ, അതെന്റെ ബാധ്യതയല്ലേ? ആ ഉത്തരവാദിത്തബോധം നൽകിയ ധൈര്യമാണ് എന്നെ സഹായിച്ചത്."

കണ്ണുള്ള നമ്മൾ കാണുന്നതിനെക്കാൾ എത്രയോ വർണാഭമായ കാഴ്ചകൾ തങ്ങളുടെ അകക്കണ്ണു കൊണ്ട് ഓരോ കാഴ്ചപരിമിതനും കാണുന്നുണ്ട്. തന്നെപ്പോലുള്ള അംഗപരിമിതരെ ജീവിതത്തോട് ചേർത്തു നിർത്തേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം തന്റെ സംസാരത്തിൽ സൂചിപ്പിച്ചപ്പോഴാണ്, കാഴ്ച പരിമിതരായ ഇവരെ 'കണ്ണുപൊട്ടൻ' എന്നാണല്ലോ പലരും വിളിക്കുന്നത് എന്നോർത്തുപോയത്.

സ്വന്തം ജീവിതംകൊണ്ട് മറ്റുള്ളവർക്ക് പ്രകാശം പകർന്ന് വഴികാട്ടിയാകുന്നവരിൽ ഉൾപ്പെടാൻ നമുക്ക് സാധിക്കണം. കാഴ്ചയും കേൾവിയും ശ്വസനവും ചലനവും ചിന്തയുമെല്ലാം സർവശക്തനായ സ്രഷ്ടാവ് നമുക്ക് നൽകിയ വലിയ അനുഗ്രഹങ്ങളാണ്. ഏതുനിമിഷവും നമ്മിൽ നിന്നും നീങ്ങിപ്പോ യേക്കാവുന്ന, അൽപായുസ്സ് മാത്രമുള്ള അത്തരം അനുഗ്രഹങ്ങളെയെല്ലാം സുചിന്തിതവും ക്രിയാത്മ കവുമായി ഉപയോഗിക്കാനുള്ള ശ്രദ്ധയും ജാഗ്രതയും നമുക്കുണ്ടാവണം.

ഇതുപോലുള്ള മറക്കാനാവാത്ത ഒരുപിടി തിരിച്ചറിവുകളും അനുഭവങ്ങളുമാണ്, യുവത്വത്തെ അക്ഷരാർഥത്തിൽ പുനർനിർവചിച്ച കേരള യൂത്ത് കോൺഫറൻസ് സമ്മാനിച്ചത്. രണ്ടു ദിവസങ്ങളിലും വൈകുന്നേരങ്ങളിലെ വെയിലിനെ വകവെക്കാതെ ഒന്നാം നിരയിൽതന്നെ ഇരിപ്പുറപ്പിച്ചവരും തിങ്ങി നിറഞ്ഞ സമ്മേളനനഗരിക്കപ്പുറം അടച്ചിട്ട കടകമ്പോളങ്ങൾക്ക് മുന്നിൽ നിന്ന് സമ്മേളനം അനുഭവിച്ച റിഞ്ഞവരും ഭൂഖണ്ഡങ്ങൾ ഭേദിച്ച ഈ നന്മയുടെ അലയൊലികൾ തൽസമയം വീക്ഷിച്ചുകൊണ്ടേയിരുന്ന ആയിരക്കണക്കിന് ഓൺലൈൻ പ്രേക്ഷകരുമെല്ലാം ഇത്തരത്തിൽ വ്യത്യസ്തമായ അനുഭൂതികളിലൂടെയാ യിരിക്കും കടന്നുപോയിട്ടുണ്ടാവുക എന്നത് തീർച്ചയാണ്. കെട്ടിലും മട്ടിലും സംഘാടനത്തിലുമെല്ലാം, പിന്നണിയിലുള്ളവരുടെ ആത്മാർഥതയും അർപ്പണബോധവും നേതൃത്വത്തിലുള്ളവരുടെ ദീർഘ വീക്ഷണവും കൃത്യമായ ഏകോപനവുമെല്ലാം കൊണ്ട്, മറ്റു സമ്മേളനങ്ങളിൽനിന്നെല്ലാം വ്യതിരിക്തമായി മാറുകയായിരുന്നു കേരള യൂത്ത് കോൺഫറൻസ്. അല്ലാഹു സ്വീകരിക്കട്ടെ.

**ഡോ. ഷഹബാസ് കെ അബ്ബാസ്**
(വൈസ് പ്രസിഡന്റ്, വിസ്ഡം സ്റ്റുഡന്റ്സ്)

# ഹദീസ് നിഷേധം, ക്വുർആൻ വിമർശനം, സർവമത സത്യവാദം

ഒരു ക്വുർആൻ സൂക്തം, അല്ലെങ്കിൽ പ്രവാചകവചനം; അതിന്റെ പൊരുൾ കൃത്യമായി മനസ്സിലാക്കാൻ ഒരു രീതിശാസ്ത്രമുണ്ട്. അതിനെ മറികടന്നുകൊണ്ട്, അല്ലെങ്കിൽ അവഗണിച്ചുകൊണ്ട് സ്വന്തമായി അർഥവും വിശദീകരണവും നൽകൽ വലിയ അപകടം ക്ഷണിച്ചുവരുത്തുന്ന പ്രവർത്തനമാണ്. പ്രഥമ അഭിസംബോധിത ജനതയും അവരെ തുടർന്നു വന്നവരും എങ്ങനെ മനസ്സിലാക്കി എന്നു പഠിച്ചറിയൽ അനിവാര്യമാണ്. അവതരണ പശ്ചാത്തലം, പറഞ്ഞ സാഹചര്യം പോലുള്ള കാര്യങ്ങൾ മനസ്സിലാക്കാതെ പ്രമാണ വചനങ്ങളെ വ്യാഖ്യാനിക്കുന്നത് അബദ്ധമാണെന്ന് പറയേണ്ടതില്ലല്ലോ. യുദ്ധത്തിന്റെ പശ്ചാത്തലത്തിലിറങ്ങിയ ക്വുർആൻ സൂക്തങ്ങൾ എടുത്തുദ്ധരിച്ച് 'ക്വുർആൻ കലാപത്തിനും കൊലക്കും ആഹ്വാനം ചെയ്യുന്ന ഗ്രന്ഥമാണെ'ന്ന് പ്രചരിപ്പിക്കുന്നവർ നമ്മുടെ നാട്ടിലുണ്ട് എന്ന കാര്യം ഓർക്കുക.

ക്വുർആൻ വ്യാഖ്യാനത്തിന് കൃത്യമായ ചില മാനദണ്ഡങ്ങളുമുണ്ട്. ക്വുർആനിലെ ഒരു പദത്തിനോ സൂക്തത്തിനോ ക്വുർആനികാശയങ്ങൾക്ക് വിരുദ്ധമായ അർഥവും വ്യാഖ്യാനവും എത്രവലിയ പണ്ഡിതൻ നൽകിയാലും അത് മുസ്‌ലിംകളാൽ തന്നെ ചോദ്യം ചെയ്യപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യാറുണ്ട് എന്നത് അനിഷേധ്യമാണ്. ആയിരത്തി നാനൂറ് വർഷം മുമ്പ് അവതരിച്ച ഒരു ഗ്രന്ഥം ഇന്ന് അതേ രൂപത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ, അതിലെ കൽപനാനിർദേശങ്ങൾ അന്നത്തെയാളുകൾ മനസ്സിലാക്കി പ്രാവർത്തികമാക്കിയതുപോലെ ഇന്നത്തെയാളുകളും പ്രാവർത്തികമാക്കുന്നുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുന്നത് ആ ഗ്രന്ഥത്തിന്റെ ദൈവികതയും പ്രായോഗികതയുമാണ്.

നവോത്ഥാനത്തിന്റെ മൊത്തക്കുത്തകയും മുജാഹിദുകളുടെ പാരമ്പര്യവും തങ്ങൾക്കാണെന്നു വരുത്തിത്തീർക്കുവാൻ അഹോരാത്രം പണിയെടുക്കുന്ന ഒരു വിഭാഗം ഈയിടെ നടത്തിയ സമ്മേളനം ഏതൊക്കെ വിധത്തിൽ പ്രമാണങ്ങളെ പൊളിച്ചെഴുതാമെന്ന് ഗവേഷണം നടത്തുന്ന തരത്തിലുള്ളതായിരുന്നു. വിശുദ്ധ ക്വുർആൻ സ്രഷ്ടാവിന്റെ വചനങ്ങളാണെന്നു വിശ്വസിക്കുന്നവരെല്ലാം സംശയലേശമന്യെ, ചോദ്യം ചെയ്യാതെയാണ് അതിനെ അംഗീകരിക്കുന്നതും സ്വീകരിക്കുന്നതും. എന്നാൽ പ്രസ്തുത സമ്മേളനത്തിൽ ഒരു പണ്ഡിതൻ നടത്തിയ പ്രസംഗം സർവമത സത്യവാദം സൂചിപ്പിക്കുന്നതായിരുന്നെങ്കിൽ മറ്റൊരാളുടെത് ദൈവിക വചനങ്ങളെയും അന്ധമായി സ്വീകരിക്കരുത് എന്ന് പ്രഖ്യാപിക്കുന്നതായിരുന്നു. "തങ്ങളുടെ രക്ഷിതാവിന്റെ വചനങ്ങൾ മുഖേന ഉൽബോധനം നൽകപ്പെട്ടാൽ ബധിരൻമാരും അന്ധൻമാരുമായിക്കൊണ്ട് അതിൻമേൽ ചാടിവീഴാത്തവരുമാകുന്നു അവർ" എന്ന (25:73) സൂക്തം ഓതിക്കൊണ്ടാണ് തെറ്റായ വ്യാഖ്യാനം നൽകി സമുദായത്തെ വഴികേടിലാക്കുന്ന സന്ദേശം നൽകാൻ ശ്രമിച്ചത്.

ആ പ്രസംഗകന്റെ പിതാമഹൻ പതിറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഇങ്ങനെയൊരർഥം ഇതിനില്ലെന്ന് തന്റെ വിഖ്യാതമായ ക്വുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അല്ലാഹുവിന്റെ ആയത്തുകൾ മുഖേന ഉപദേശിക്കപ്പെടുന്ന അവസരത്തിൽ അവിശ്വാസികളും കപടവിശ്വാസികളും ചെയ്യാറുള്ളതുപോലെ അശ്രദ്ധയും അവഗണനയും അവർ കാണിക്കുകയില്ല എന്നാണ് അതിന്റെ ഉദ്ദേശ്യമെന്നും ചിലർ തെറ്റിദ്ധരിച്ചതുപോലെ അല്ലെങ്കിൽ താൽപര്യപൂർവം ദുർവ്യാഖ്യാനം ചെയ്തതുപോലെ അല്ലാഹുവിന്റെ ആയത്തുകൾകൊണ്ട് ഉപദേശിക്കപ്പെടുമ്പോൾ അത് കണ്ണടച്ച് വിശ്വസിക്കാതെ, വിമർശനബുദ്ധ്യാ പരിശോധിച്ച് ബോധ്യപ്പെട്ടാൽ മാത്രമെ അത് സ്വീകരിക്കുകയുള്ളൂ എന്നല്ല ഈ വചനത്തിന്റെ സാരം എന്നും അദ്ദേഹം വിവരിക്കുന്നുണ്ട്. ■

വിവ. അബ്ദുൽ ജബ്ബാർ മദീനി

# സകാത്ത്; എന്ത്, എന്തിന്?

മതത്തിന്റെ സാങ്കേതികഭാഷയിൽ, ഒരു നിർണിത നിസ്വാബ് (തോത്) എത്തിയ സമ്പത്തിൽ പ്രത്യേകമായ നിബന്ധനകളോടുകൂടി പ്രത്യേക വിഭാഗത്തിനുള്ള അവകാശത്തെ കുറിക്കുന്ന പ്രയോഗമാകുന്നു സകാത്ത്. അതു ഒരു ദാസനു ശുദ്ധിയും അവന്റെ ആത്മാവിനു സംസ്കരണവുമാകുന്നു.



ഭാഷയിൽ ‘സകാത്തി’ന്റെ അർഥം ‘വളർച്ച,’ ‘വർധനവ്’ എന്നൊക്കെയാണ്. കൃഷി വളർന്നാൽ സകാ അസ്സർഉ (കൃഷി വളർന്നു) എന്നു പറയപ്പെടും. മതത്തിന്റെ സാങ്കേതികഭാഷയിൽ, ഒരു നിർണിത നിസ്വാബ് (തോത്) എത്തിയ സമ്പത്തിൽ പ്രത്യേകമായ നിബന്ധനകളോടുകൂടി പ്രത്യേക വിഭാഗത്തിനുള്ള അവകാശത്തെ കുറിക്കുന്ന പ്രയോഗമാകുന്നു സകാത്ത്. അതു ഒരു ദാസനു ശുദ്ധിയും അവന്റെ ആത്മാവിനു സംസ്കരണവുമാകുന്നു. അല്ലാഹു പറഞ്ഞു: “അവരെ (വിശ്വാസികളെ) ശുദ്ധീകരിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുക്കളിൽനിന്ന് നീ വാങ്ങുക” (ക്വുർആൻ 9: 103).

മുസ്‌ലിം സമൂഹത്തിലെ വ്യക്തികൾക്കിടയിൽ പരസ്പര

സംരക്ഷണവും സ്നേഹവും ഐക്യവും പ്രചരിപ്പിക്കുവാനുള്ള കാരണങ്ങളിലൊന്നാകുന്നു സകാത്ത്.

**സകാത്തിന്റെ വിധിയും തെളിവും**

ഇസ്‌ലാമിലെ നിർബന്ധകാര്യങ്ങളിൽ ഒന്നും അതിന്റെ പഞ്ചസ്തംഭങ്ങളിൽ ഒന്നുമാകുന്നു സകാത്ത്. നമസ്‌കാരം കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട സ്തംഭം അതത്രേ. അല്ലാഹു പറഞ്ഞു: "നമസ്കാരം മുറ പോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുവിൻ" (ക്വുർആൻ 2: 143).

"അവരെ(വിശ്വാസികളെ) ശുദ്ധീകരിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യാനുതകുന്ന ദാനം അവരുടെ സ്വത്തുക്കളിൽനിന്ന് നീ വാങ്ങുക" (ക്വുർആൻ 9: 103).

തിരുനബി(സ്വ) പറഞ്ഞു: "അഞ്ചു സ്തംഭങ്ങളിലായി ഇസ്‌ലാം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുൻ റസൂലുല്ലാഹ് എന്ന ശഹാദത്ത്, നമസ്കാരം യഥാവിധം നിലനിർത്തൽ, സകാത്തു നൽകിവീട്ടൽ, കഅ്ബത്തിങ്കൽ (ചെന്ന്) ഹജ്ജുചെയ്യൽ, റമാദാനിലെ നോമ്പ്."

മുആദ് ഇബ്നു ജബലി(റ)നെ യമനിലേക്ക് അയച്ചപ്പോൾ അദ്ദേഹത്തിനുള്ള വസ്വിയ്യത്തിൽ നബി(സ്വ) പറഞ്ഞു: "അല്ലാഹുവല്ലാതെ യഥാർഥ ആരാധ്യനായി മറ്റാരുമില്ലെന്നും ഞാൻ അല്ലാഹുവിന്റെ റസൂലാണെന്നും സാക്ഷ്യം വഹിക്കുവാൻ താങ്കൾ അവരെ ക്ഷണിക്കണം. അതിന് അവർ താങ്കളെ അനുസരിച്ചാൽ എല്ലാദിവസവും രാവും പകലുമായി അഞ്ചു നമസ്കാരങ്ങൾ അല്ലാഹു അവരുടെമേൽ നിർബന്ധമാക്കിയിരിക്കുന്നുവെന്ന് താങ്കൾ അവരെ അറിയിക്കണം. അതിനും അവർ താങ്കളെ അനുസരിച്ചാൽ അവരുടെ സമ്പത്തുകളിൽ അല്ലാഹു അവർക്കു സകാത്ത് നിർബന്ധമാക്കിയിരിക്കുന്നുവെന്ന് അറിയിക്കുക. സകാത്ത് അവരിലെ ധനികന്മാരിൽനിന്നു വസൂലാക്കപ്പെടുകയും അവരിലെ സാധുക്കളിലേക്കു തിരിച്ചുനൽകപ്പെടുകയും ചെയ്യണം."

എല്ലാ നാടുകളിലുമുള്ള മുസ്‌ലിംകൾ സകാത്ത് നിർബന്ധമാണെന്നതിൽ ഏകോപിച്ചിരിക്കുന്നു. സകാത്തു നൽകൽ നിർബന്ധമാണെന്ന വിധി ക്വുർആൻകൊണ്ടും സുന്നത്തുകൊണ്ടും ഇജ്മാഉകൊണ്ടും സ്ഥിരപ്പെട്ടിരിക്കുന്നു എന്ന് വ്യക്തം.

**സകാത്തിനെ നിഷേധിച്ചവന്റെ വിധി**

ഒരാൾ സകാത്തിനെക്കുറിച്ചുള്ള അറിവില്ലായ്മ നിമിത്തം അതു നിർബന്ധമാണെന്നതിനെ നിരാകരിച്ചാൽ അതു നിർബന്ധമാണെന്നത് അവന് അറിയിച്ചുകൊടുക്കണം. പുതുതായി ഇസ്‌ലാം ആശ്ലേഷിച്ചവനും പട്ടണങ്ങളിൽനിന്നു വിദൂരമായ മരുഭൂപ്രദേശങ്ങളിൽ വളർന്നവനും സകാത്തിന്റെ വിഷയത്തിൽ അജ്ഞനായിരിക്കും. അവന്റെമേൽ സത്യനിഷേധം (കുഫ്ർ) വിധിക്കപ്പെടരുത്; കാരണം അവൻ ഒഴിവുകഴിവുള്ളവനാണ്.

സകാത്തിനെ നിഷേധിക്കുന്നവൻ മുസ്‌ലിം നാടുകളിലും പണ്ഡിതന്മാർക്കിടയിലും വളർന്ന മുസ്‌ലിമാണെങ്കിൽ അവൻ മുർതദ്ദാകുന്നു (മതഭ്രഷ്ടനാകുന്നു). അവനിൽ രിദ്ദത്തിന്റെ (മതപരിത്യാഗത്തിന്റെ) വിധിനടപ്പിലാകും. കാരണം, സകാത്തു നിർബന്ധമാണെന്നതിന്റെ തെളിവുകൾ ക്വുർആനിലും സുന്നത്തിലും മുസ്‌ലിം സമുദായത്തിന്റെ ഇജ്മാഇലും സുവ്യക്തമാണ്. മുസ്‌ലിം നാടുകളിലും പണ്ഡിതന്മാർക്കിടയിലും വളർന്ന ഒരാൾക്ക് ഇതൊരിക്കലും ഗോപ്യമാകില്ല. അതിനാൽ അവൻ സകാത്ത് നിർബന്ധമാണെന്നതിനെ നിഷേധിച്ചാൽ അത് അവൻ ക്വുർആനും സുന്നത്തും കളവാക്കുന്നതിനാലും അവയിൽ അവിശ്വസിക്കുന്നതിനാലും മാത്രമാണ്.

**പിശുക്കിനാൽ സകാത്തു നൽകാത്തവന്റെ വിധി**

സകാത്ത് നിർബന്ധമാണെന്ന് വിശ്വാസമുള്ളതോടൊപ്പം വല്ലവനും സകാത്ത് നൽകാതിരുന്നാൽ അവൻ കുറ്റക്കാരനാകും; അത് അവനെ ഇസ്‌ലാമിൽനിന്ന് പുറത്താക്കുകയില്ല. കാരണം, സകാത്ത് ഇസ്‌ലാമിലെ ഒരു കർമപരമായ കാര്യമാണ്.

അതുപേക്ഷിക്കുന്നതുകൊണ്ട് മാത്രം ഉപേക്ഷവരുത്തുന്നവൻ കാഫിറാവുകയില്ല. കാരണം, സകാത്തു നൽകാത്തവന്റെ വിഷയത്തിൽ നബി(സ്വ) പറഞ്ഞു: "ശേഷം അവൻ തന്റെ വഴികാണും; ഒന്നുകിൽ സ്വർഗത്തിലേക്ക്, അല്ലെങ്കിൽ നരകത്തിലേക്ക്."

അവൻ കാഫിറായിട്ടുണ്ടെങ്കിൽ സ്വർഗത്തിലേക്ക് അവനു മാർഗമുണ്ടാകുമായിരുന്നില്ല. തഅ്സീറായ ഒരു ശിക്ഷ അയാൾക്കു നൽകുന്നതോടൊപ്പം അയാളിൽനിന്നു ബലമായി സകാത്ത് പിടിച്ചുവാങ്ങണം. അതു പിടിച്ചുവാങ്ങാതിരിക്കുവാൻ അയാൾ യുദ്ധം ചെയ്താൽ അയാൾ അല്ലാഹുവിന്റെ കൽപനക്കു കീഴ്പെട്ടു സകാത്തു നൽകുന്നതുവരെ അയാളോടു യുദ്ധം ചെയ്യണം. അല്ലാഹു പറഞ്ഞു: "ഇനി അവർ (ബഹുദൈവ വിശ്വാസികൾ) പശ്ചാത്തപിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നപക്ഷം നിങ്ങൾ അവരുടെ വഴി ഒഴിവാക്കിക്കൊടുക്കുക" (ക്വുർആൻ 9: 5).

അബൂബക്ർ(റ) പറഞ്ഞു: "അല്ലാഹുവാണേ, അവർ അല്ലാഹുവിന്റെ തിരുദൂതനു നൽകാറുണ്ടായിരുന്ന ഒരു പെണ്ണാടിൻകുട്ടിയെ നൽകുവാൻ വിസമ്മതിച്ചാൽ അതിന്റെ പേരിൽ ഞാൻ അവരോടു യുദ്ധം ചെയ്യുകതന്നെ ചെയ്യും." (പെണ്ണാടിൻകുട്ടിക്ക് 'അനാക്' എന്നാണുള്ളത്. മഅസ്സിന്റെ (കോലാടിന്റെ) കുട്ടികളിൽ ഒരു വയസ്സു തികയാത്ത പെണ്ണിനാണ് അതു പറയപ്പെടുക).

അബൂബക്റി(റ)നൊപ്പം അതേ അഭിപ്രായത്തിലായിരുന്നു മൂന്നു ഖലീഫമാരും മറ്റെല്ലാ സ്വഹാബികളും. അതോടെ ഈ നിലപാട് സകാത്തു നൽകുവാൻ വിസമ്മതിക്കുന്നവരോടു യുദ്ധം ചെയ്യണമെന്നതിൽ അവരുടെ ഇജ്മാഅ് (ഏകോപിച്ചുള്ള തീരുമാനം) ആയി. പിശുക്കിനാൽ സകാത്ത് നൽകുവാൻ വിസമ്മതിക്കുന്നവർ ഈ പ്രമാണവചനങ്ങളുടെ വിധിക്കുകീഴിൽ ഉൾപ്പെടുന്നു.

**സകാത്ത് നിർബന്ധമാകുന്ന സമ്പത്തുകൾ**

സമ്പത്തിൽ അഞ്ചു വകുപ്പുകളിൽ സകാത്തു നിർബന്ധമാകും:

*1) കന്നുകാലികൾ:* ഒട്ടകം, മാട്, ആട് എന്നിവയാണവ. നബി(സ്വ) പറഞ്ഞു: "... ഒട്ടകം, ആട്, മാട് എന്നിവയുടെ സകാത്ത് നൽകിവീട്ടാതെയുള്ള അവയുടെ ഉടമകളിൽ ഒരാളുമില്ല (അന്ത്യനാളിൽ വരാതെ), അന്ത്യനാളായാൽ അവ നല്ലവണ്ണം തടിച്ചുകൊഴുത്ത നിലയിൽ വരികയും അവനെ അവയുടെ കൊമ്പുകൾകൊണ്ട് കുത്തുകയും കുളമ്പുകൾകൊണ്ട് ചവിട്ടുകയും ചെയ്യും. അവയിൽ ഒടുക്കത്തേത് അവന്റെ മേൽ നടന്നുപോയാൽ ഒന്നാമത്തേതിനെ അവനിലേക്കു മടക്കപ്പെടുന്നതാണ്. അടിയാറുകൾക്കിടയിൽ വിധിതീർപ്പ് നടക്കുന്നതുവരെ അപ്രകാരമായിരിക്കും."

*2) നാണ്യങ്ങൾ:* സ്വർണവും വെള്ളിയുമാണവ; അതുപോലെ അവ രണ്ടിന്റെയും സ്ഥാനത്തു നിൽക്കുന്ന, ഇന്നു കൈമാറ്റം ചെയ്യപ്പെടുന്ന കറൻസികളും.

അല്ലാഹു പറഞ്ഞു: "സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക" (ക്വുർആൻ 9:34).

നബി(സ്വ) പറഞ്ഞു: "സ്വർണത്തിന്റെയും വെള്ളിയുടെയും സകാത്ത് നൽകിവീട്ടാതെയുള്ള അവയുടെ ഉടമകളിൽ ഒരാളുമില്ല; അന്ത്യനാളായാൽ തീയിൽനിന്നുള്ള കട്ടകൾ അയാൾക്കായി എടുക്കപ്പെടാതെ. ശേഷം നരകത്തീയിൽ അവ ചൂടാക്കപ്പെടും. അതിൽപിന്നെ അവന്റെ പാർശ്വങ്ങളിലും നെറ്റിയിലും മുതുകിലും അവകൊണ്ട് ചൂടുവെക്കപ്പെടുകയും ചെയ്യും. അത് തണുക്കുമ്പോഴെല്ലാം അത് വീണ്ടും ചൂടാക്കി അവനിലേക്ക് മടക്കപ്പെടും.

"സ്വർണത്തിന്റെയും വെള്ളിയുടെയും സകാത്ത് നൽകിവീട്ടാതെയുള്ള അവയുടെ ഉടമകളിൽ ഒരാളുമില്ല; അന്ത്യനാളായാൽ തീയിൽനിന്നുള്ള കട്ടകൾ അയാൾക്കായി എടുക്കപ്പെടാതെ. ശേഷം നരകത്തീയിൽ അവ ചൂടാക്കപ്പെടും. അതിൽപിന്നെ അവന്റെ പാർശ്വങ്ങളിലും നെറ്റിയിലും മുതുകിലും അവകൊണ്ട് ചൂടുവെക്കപ്പെടുകയും ചെയ്യും. അത് തണുക്കുമ്പോഴെല്ലാം അത് വീണ്ടും ചൂടാക്കി അവനിലേക്ക് മടക്കപ്പെടും. അമ്പതിനായിരം വർഷങ്ങളുടെ ദൈർഘ്യമുള്ള ഒരു ദിനമായിരിക്കും ഇത്."



അമ്പതിനായിരം വർഷങ്ങളുടെ ദൈർഘ്യമുള്ള ഒരു ദിനമായിരിക്കും ഇത്."

*3) ധാന്യങ്ങളും ഫലങ്ങളും:* സൂക്ഷിച്ചു വെക്കപ്പെടുകയും ഭക്ഷ്യമായുപയോഗിക്കപ്പെടുകയും ചെയ്യുന്ന ഗോതമ്പ്, ബാർലി, അവയല്ലാത്ത മറ്റു ധാന്യങ്ങൾ, ഇവയാണ് ധാന്യങ്ങൾ (ഹുബൂബ്). കാരക്കയും ഉണക്കമുന്തിരിയുമാണ് ഫലങ്ങൾ (സിമാർ). അല്ലാഹു പറഞ്ഞു: "ഭൂമിയിൽനിന്ന് നിങ്ങൾക്ക് നാം ഉൽപാദിപ്പിച്ചുതന്നതിൽനിന്നും നിങ്ങൾ ചെലവഴിക്കുവിൻ" (ഖുർആൻ 2:267).

"അതിന്റെ വിളവെടുപ്പുദിവസം അതിലുള്ള ബാധ്യത നിങ്ങൾ കൊടുത്തുവീട്ടുകയും ചെയ്യുക" (ഖുർആൻ 6:141).

നബി(സ്വ) പറഞ്ഞു: "മഴവെള്ളമോ നദിയിലെ വെള്ളമോ ഉപജീവിച്ചുണ്ടായ കൃഷിയുൽപന്നങ്ങൾക്കും നനയില്ലാതെതന്നെ വേരുകൾ വലിച്ചെടുത്തും മറ്റുമുണ്ടാകുന്ന കൃഷിയുൽപന്നങ്ങൾക്കും പത്തിലൊന്നാകുന്നു(പത്തു ശതമാനം) സകാത്ത്. തേവി നനച്ചുണ്ടാക്കിയ കൃഷിയുൽപന്നങ്ങൾക്ക് പത്തിലൊന്നിന്റെ പകുതിയും (അഞ്ചു ശതമാനവും)."

*4) ഖനിജങ്ങളും നിധിയും:* ഖനിജം (മഅ്ദിൻ) എന്നാൽ സ്വർണം, വെള്ളി, ചെമ്പ്, തുടങ്ങിയ വിലയുള്ളതും ആരും കൊണ്ടുവെക്കാത്ത നിലയ്ക്കു ഭൂമിയിൽ പടക്കപ്പെട്ടതും അതിൽനിന്നു പുറത്തെടുക്കപ്പെടുന്നതുമാണ്. നിധി (രികാസ്) എന്നാൽ അനിസ്‌ലാമിക കാലഘട്ടങ്ങളിൽ കുഴിച്ചുമൂടപ്പെട്ടത് ഭൂമിയിൽ നിന്നു കണ്ടെടുക്കപ്പെടുന്നതാണ്. ഇവയിൽ സകാത്തു നിർബന്ധമാണെന്നതിന്റെ തെളിവ് ഒരു വിശുദ്ധ വചനത്തിന്റെ പൊതുതാൽപര്യമാണ്. അല്ലാഹു പറഞ്ഞു: "നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ല വസ്തുക്കളിൽനിന്നും, ഭൂമിയിൽനിന്ന് നിങ്ങൾക്കു നാം ഉൽപാദിപ്പിച്ചുതന്നതിൽനിന്നും നിങ്ങൾ ചെലവഴിക്കുവിൻ" (ഖുർആൻ 2:267).

ഈ വചനത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം ഖുർത്വുബി പറഞ്ഞു: "അഥവാ സസ്യലതാതികകൾ, ഖനിജങ്ങൾ, നിധി എന്നിവയാണ്." നബി(സ്വ) പറഞ്ഞു: "രികാസിൽ അഞ്ചിലൊന്ന് (ഇരുപതു ശതമാനം) സകാത്തു കൊടുക്കണം." ഖനിജ വസ്തുക്കളിൽ സകാത്ത് നിർബന്ധമാണെന്നതിൽ മുസ്‌ലിം സമുദായം ഏകോപിച്ചിരിക്കുന്നു.

*5. കച്ചവടച്ചരക്കുകൾ:* ലാഭം നേടുവാനായി വിൽക്കുവാനും വാങ്ങുവാനും ഒരുക്കപ്പെട്ടതെല്ലാമാണ് ഉറൂദുത്തിജാറഃ (കച്ചവടച്ചരക്കുകൾ). അല്ലാഹു പറഞ്ഞു: "സത്യവിശ്വാസികളേ, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ നല്ലവസ്തുക്കളിൽനിന്നു നിങ്ങൾ ചെലവഴിക്കുവിൻ" (ഖുർആൻ 2:267). ഈ ആയത്തുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് കച്ചവടച്ചരക്കിന്റെ സകാത്താണെന്ന് പണ്ഡിതന്മാരിൽ പലരും ഉണർത്തിയിട്ടുണ്ട്.

(തുടരും)

ശമീർ മദീനി ശ്രീമൂലനഗരം
: 79079 60860

# ക്വുർആൻ വ്യാഖ്യാനിക്കാൻ ശാസ്ത്രത്തെ കൂട്ടുപിടിക്കുമ്പോൾ

വേഗത്തിൽ വളർന്നു വികസിക്കുന്ന വിജ്ഞാനശാഖയാണ് ശാസ്ത്രം. പുതിയ കണ്ടെത്തലുകൾ പഴയ അറിവിനെ നവീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നത് ശാസ്ത്രത്തിന്റെ ഗുണമായേ കാണാനാവൂ. അല്ലാഹുവിന്റെ അത്ഭുതകരമായ സൃഷ്ടിപ്പിനെ അനാവരണം ചെയ്യുക മാത്രമാണ് യഥാർഥത്തിൽ ശാസ്ത്രം ചെയ്യുന്നത്. അതുകൊണ്ട് തന്നെ നിയതമായ ഒരു ശാസ്ത്രസത്യത്തിനും ദൈവികവചനങ്ങൾ സമാഹരിച്ച ക്വുർആനിന് എതിരു നിൽക്കുക സാധ്യമല്ല. ഇതു മനസ്സിലാക്കാതെ ശാസ്ത്രത്തിന്റെ മൂശയിൽ ക്വുർആനിനെ വാർത്തെടുക്കാനുള്ള ശ്രമങ്ങൾ പരിഹാസ്യമാണ്.

ലോകരക്ഷിതാവായ അല്ലാഹു അവന്റെ സൃഷ്ടികൾക്ക് ഇഹപര വിജയത്തിനുള്ള മാർഗദർശനമായി അവതരിപ്പിച്ചിട്ടുള്ള വേദഗ്രന്ഥങ്ങളുടെ അവസാന പതിപ്പാണ് വിശുദ്ധ ക്വുർആൻ. അത് വ്യാഖ്യാനിക്കുമ്പോൾ അതിന്റെതായ പവിത്രതയും ഗൗരവവും കൈവിടാതെ സൂക്ഷിക്കേണ്ടതുണ്ട്. ദേഹേച്ഛകൾക്കനുസരിച്ചോ വ്യക്തിതാല്പര്യങ്ങൾക്കുവേണ്ടിയോ സ്വാർഥലാഭങ്ങൾ മുന്നിൽ കണ്ടോ മതത്തിന്റെ അധ്യാപനങ്ങളെ ദുരുപയോഗം ചെയ്യുന്നതിനെ ഇസ്‌ലാം അതിശക്തമായി എതിർത്തിട്ടുണ്ട്.

അല്ലാഹു പറയുന്നു: "നിങ്ങളുടെ നാവുകൾ വിശേഷിപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത് അനുവദനീയമാണ്, ഇത് നിഷിദ്ധമാണ് എന്നിങ്ങനെ കള്ളം പറയരുത്. നിങ്ങൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയത്രെ (അതിന്റെ ഫലം). അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുന്നവർ വിജയിക്കുകയില്ല; തീർച്ച" (ക്വുർആൻ 16:116).



അല്ലാഹുവിന്റെ വചനങ്ങളുടെ ഉദ്ദേശ്യവും താൽപര്യവും ഇന്ന താണ് എന്ന് ഒരാൾ പറയുമ്പോൾ അത് കൃത്യവും വ്യക്തവുമായ രേഖയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം. അല്ലാത്തപക്ഷം അത് അല്ലാഹുവിന്റെ പേരിൽ കളവു കെട്ടിപ്പറയുന്നതിന് തുല്യമാണ്. നമ്മുടെയാരുടെയെങ്കിലും ഒരു വാചകത്തെ നമ്മളുദ്ദേശിക്കാത്ത അർഥതലങ്ങളിലേക്ക് ആരെങ്കിലും വ്യാഖ്യാനിച്ച് കൊണ്ടുപോയാൽ അതിനോട് നമ്മുടെ നിലപാട് എന്തായിരിക്കും? ആ ഒരു ഭയപ്പാടും ജാഗ്രതയും പടച്ചവന്റെ വാക്കുകളെ വിശദീകരിക്കുമ്പോൾ പലരും പാലിച്ചു കാണുന്നില്ല എന്നത് ഏറെ ഗൗരവമുള്ള സംഗതിയാണ്.

പിശാച് മനുഷ്യനെ വഴിതെറ്റിക്കാൻ ചെയ്യുന്ന കാര്യങ്ങളിൽ പ്രധാനപ്പെട്ട ഒന്ന് ഇത്തരം സംഗതികളാണെന്നു ക്വുർആൻ പലതവണ ഉണർത്തിയിട്ടുണ്ട്.

"മനുഷ്യരേ, ഭൂമിയിലുള്ളതിൽ നിന്ന് അനുവദനീയവും വിശിഷ്ടവുമായത് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരാതിരിക്കുകയും ചെയ്യുക. അവൻ നിങ്ങളുടെ പ്രത്യക്ഷശത്രു തന്നെയാകുന്നു. ദുഷ്കൃത്യങ്ങളിലും നീചവൃത്തികളിലും ഏർപ്പെടുവാനും അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കറിഞ്ഞുകൂടാത്തത് പറഞ്ഞുണ്ടാക്കുവാനുമാണ് അവൻ നിങ്ങളോട് കൽപിക്കുന്നത്" (2:168,169).

"പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും അധർമവും ന്യായം കൂടാതെയുള്ള കയ്യേറ്റവും യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്കുചേർക്കുന്നതും അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്. ഓരോ സമുദായത്തിനും ഓരോ അവധിയുണ്ട്. അങ്ങനെ അവരുടെ അവധി വന്നെത്തിയാൽ അവർ ഒരു നാഴികനേരം പോലും വൈകിക്കുകയോ നേരത്തെ ആക്കുകയോ ഇല്ല" (7:33,34).

മുൻ സമുദായങ്ങൾക്ക് പറ്റിയ അപചയങ്ങളുടെ പ്രധാന കാരണവും മറ്റൊന്നായിരുന്നില്ല. ഊഹങ്ങളും നിഗമനങ്ങളും വെച്ചുകൊണ്ട് സ്വന്തം അഭിപ്രായങ്ങളെ ക്വുർആനിന്റെ വിശദീകരണമായും അല്ലാഹുവിന്റെ സന്ദേശങ്ങളായും അവതരിപ്പിക്കുന്നത് വളരെയേറെ ഭയപ്പെടേണ്ട സംഗതിയാണെന്ന് സാരം.

മഹാനായ അബൂബക്ർ(റ) പറയുന്നു: "എനിക്ക് വ്യക്തമായ അറിവില്ലാത്ത ഒരു കാര്യം അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ കാര്യത്തിൽ ഞാൻ പറഞ്ഞാൽ ഏത് ഭൂമിയാണ് എന്നെ പേറുക? ഏത് ആകാശമാണ് എനിക്ക് തണൽ വിരിക്കുക?"

ഈ വാക്കുകൾ പ്രസ്തുത ആശയമാണ് വ്യക്തമാക്കുന്നത്. അതിനാൽ അതീവലാഘവത്തോടെ കൈകാര്യം ചെയ്യേണ്ട ഒന്നല്ല ക്വുർആൻ വചനങ്ങൾക്ക് അർഥവും വ്യാഖ്യാനവും നൽകുക എന്ന കാര്യം.

ക്വുർആനിന്റെ സത്യതയ്ക്കും ദൈവികതയ്ക്കും ഉതകുന്ന തെളിവുകൾ നിരത്തി മറ്റുള്ളവരെ അതിലേക്ക് ക്ഷണിക്കുന്നതും അവരുടെ ചിന്തയെ തട്ടിയുണർത്തുന്നതും മഹത്തായ കാര്യംതന്നെയാണെങ്കിലും മേൽസൂചിപ്പിച്ച അടിസ്ഥാനവിഷയം വിസ്മരിച്ചുകൊണ്ടായിക്കൂടാ അത് എന്നാണ് ഉണർത്തിയത്. ക്വുർആനിക വചനങ്ങളെയും പ്രവാചക വചനങ്ങളെയും ആധുനിക ശാസ്ത്രവുമായി ബന്ധപ്പെടുത്തിക്കൊണ്ട് പലരും പലതും പറയാറുണ്ട്. ക്വുർആൻ-ഹദീസ് വചനങ്ങൾക്ക് ശാസ്ത്രത്തെ കൂട്ടുപിടിച്ചുകൊണ്ട് വിശദീകരണം നൽകുന്ന വിഷയത്തിൽ രണ്ട് വിരുദ്ധ നിലപാടുകളാണ് പൊതുവിൽ കാണപ്പെടുന്നത്.

ഒന്ന്: ശാസ്ത്രീയമായ യാതൊരു വിശദീകരണവും ക്വുർആനിന്റെയും ഹദീസിന്റെയും വിശദീകരണങ്ങളിൽ ഉൾപ്പെടുത്തരുതെന്ന തികച്ചും യാഥാസ്ഥിതികമായ ഒരു നിലപാട്. ക്വുർആനും ഹദീസും ശാസ്ത്രം പഠിപ്പിക്കാൻ വന്നതല്ലെന്നും ശാസ്ത്രത്തിനു സ്ഥിരതയില്ലെന്നുമൊക്കെയാണ് അത്തരക്കാർ നിരത്തുന്ന പ്രധാന ന്യായങ്ങൾ.

രണ്ട്: ക്വുർആനിന്റെ ദൈവികത ബോധ്യപ്പെടുത്താൻ പറ്റിയ പ്രധാനപ്പെട്ട കാര്യമാണ് ശാസ്ത്രീയ കണ്ടെത്തലുകളെന്നും അതിനാൽ അതിന്റെ അടിസ്ഥാനത്തിൽ ക്വുർആനും സുന്നത്തും വിശദീകരിക്കുക യാണ് വേണ്ടതെന്നുമുള്ള ഉദാരസമീപനം. അവർ എന്തിനെയും ഏതിനെയും പ്രധാനമായും ശാസ്ത്രത്തിന്റെ മേമ്പൊടിയോടുകൂടിയായിരിക്കും അവതരിപ്പിക്കുക. അതിലൂടെയേ ക്വുർആനിന്റെ നിത്യനൂതനത്വം മറ്റുള്ളവർക്ക് ബോധ്യപ്പെടുകയുള്ളൂ എന്നും അത് സത്യദീനിനെ അറിയാനും ഉൾക്കൊള്ളാനും മറ്റുള്ളവർക്ക് വലിയ പ്രേരണയാകുമെന്നും അക്കൂട്ടർ വിശദീകരിക്കുകയും ചെയ്യുന്നു.

ഈ രണ്ട് വിരുദ്ധധ്രുവങ്ങളിലെ തീവ്ര നിലപാടുകളിൽനിന്ന് വ്യത്യസ്തമായി ഒരു മധ്യമ

> ക്വുർആൻ വ്യക്തമായി പ്രസ്താവിച്ചതും പിന്നീട് ശാസ്ത്രീയ പഠന-ഗവേഷണങ്ങളിലൂടെ സ്ഥിരീകരിച്ച വസ്തുതയും യോജിച്ചുവരുന്ന പല സംഗതികളും ക്വുർആൻ-ശാസ്ത്ര താരതമ്യ പഠനത്തിലൂടെ കണ്ടെത്താൻ സാധിക്കുന്നതാണ്. ക്വുർആനിന്റെ അവതരണകാലത്തോ സ്വഹാബത്തിന്റെ ജീവിത കാലത്തോ കേട്ടുകേൾവി പോലുമില്ലാത്തതും പിന്നീട് നൂറ്റാണ്ടുകൾക്കുശേഷം മാത്രം ശാസ്ത്രലോകം സ്ഥിരീകരിച്ചതുമായ വസ്തുതകളോട് നൂറുശതമാനവും യോജിക്കുന്ന പല പ്രസ്താവനകളും പരാമർശങ്ങളും ക്വുർആനിലും ഹദീസിലുമുണ്ട് എന്നത് അവയുടെ അജയ്യതയും ദൈവികതയുമാണ് അറിയിക്കുന്നത്.

സമീപനമാണ് പ്രമാണങ്ങളോട് യോജിക്കുന്ന നീതിയുക്തമായ നിലപാട്. ക്വുർആൻ ശാസ്ത്രതത്ത്വങ്ങൾ പഠിപ്പിക്കാൻ വന്ന ഗ്രന്ഥമല്ലെങ്കിലും ക്വുർആനിൽ നിരവധി ശാസ്ത്ര സൂചനകളുണ്ട് എന്നത് സത്യമാണ്. ആകാശം, ഭൂമി, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, രാവ്, പകൽ... മുതലായ പലതിനെക്കുറിച്ചും ക്വുർആൻ പ്രതിപാദിക്കു ന്നുണ്ട്, അവ ദൃഷ്ടാന്തങ്ങളാണെന്നു പറയുന്നുണ്ട്, അവയെക്കുറിച്ച് ചിന്തിക്കുവാൻ ആഹ്വാനം ചെയ്യുന്നു ണ്ട്.

"ആകാശഭൂമികളുടെ സൃഷ്ടിപ്പിലും, രാപകലുകളുടെ മാറ്റത്തിലും, മനുഷ്യർക്ക് ഉപകാരമുള്ള വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും, ആകാശത്തുനിന്ന് അല്ലാഹു മഴ ചൊരിഞ്ഞുതന്നിട്ട് നിർജീവാവസ്ഥയ്ക്കുശേഷം

ഭൂമിക്ക് അതുമുഖേന ജീവൻ നൽകിയതിലും, ഭൂമിയിൽ എല്ലാതരം ജന്തുവർഗങ്ങളെയും വ്യാപിപ്പിച്ചതിലും, കാറ്റുകളുടെ ഗതിക്രമത്തിലും, ആകാശഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്; തീർച്ച"(2:164).

"തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും രാപകലുകൾ മാറിമാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്"(3:190).

"രാവും പകലും മാറിമാറി വരുന്നതിലും, അല്ലാഹു ആകാശത്തുനിന്ന് ഉപജീവനം ഇറക്കി അതുമുഖേന ഭൂമിക്ക് അതിന്റെ നിർജീവാവസ്ഥയ്ക്ക് ശേഷം ജീവൻ നൽകിയതിലും, കാറ്റുകളുടെ ഗതി നിയന്ത്രണത്തിലും ചിന്തിച്ചു മനസ്സിലാക്കുന്ന ആളുകൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്"(45:5).

ഖുർആൻ വ്യക്തമായി പ്രസ്താവിച്ചതും പിന്നീട് ശാസ്ത്രീയ പഠന-ഗവേഷണങ്ങളിലൂടെ സ്ഥിരീകരിച്ച വസ്തുതയും തമ്മിൽ യോജിച്ചുവരുന്ന പല സംഗതികളും ഖുർആൻ-ശാസ്ത്ര താരതമ്യ പഠനത്തി ലൂടെ കണ്ടെത്താൻ സാധിക്കുന്നതാണ്. ഖുർആനിന്റെ അവതരണകാലത്തോ സ്വഹാബത്തിന്റെ ജീവിതകാലത്തോ കേട്ടുകേൾവി പോലുമില്ലാത്തതും പിന്നീട് നൂറ്റാണ്ടുകൾക്കുശേഷം മാത്രം ശാസ്ത്രലോകം സ്ഥിരീകരിച്ചതുമായ വസ്തുതകളോട് നൂറുശതമാനവും യോജിക്കുന്ന പല പ്രസ്താവനകളും പരാമർശങ്ങളും ഖുർആനിലും ഹദീസിലുമുണ്ട് എന്നത് അവയുടെ അജയ്യതയും ദൈവികതയുമാണ് അറിയിക്കുന്നത്. ഈ വസ്തുത ബോധ്യപ്പെട്ട് ഇസ്‌ലാം സ്വീകരിച്ച ശാസ്ത്രജ്ഞൻമാർ പലരുമുണ്ട്.

അതിന് ഒരു ഉദാഹരണമാണ് മനുഷ്യക്കുഞ്ഞിന്റെ വളർച്ചയുടെ വിവിധഘട്ടങ്ങളെക്കുറിച്ചുള്ള ഖുർആനിന്റെ പരാമർശങ്ങൾ. ഭ്രൂണശാസ്ത്രത്തിന്റെ ബാലപാഠം പോലും ലോകത്ത് ചർച്ചയാകുന്നതിനും എത്രയോ മുമ്പാണ് ഖുർആൻ ഭ്രൂണത്തിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങൾ കൃത്യമായി പ്രതിപാദിച്ചത്.

അല്ലാഹു പറയുന്നു: "തീർച്ചയായും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽനിന്ന് നാം സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്ത് വെച്ചു. പിന്നെ ആ ബീജത്തെ നാം ഒരു ഭ്രൂണമായി രൂപപ്പെടുത്തി. അനന്തരം ആ ഭ്രൂണത്തെ നാം ഒരു മാംസപിണ്ഡമായി രൂപപ്പെടുത്തി. തുടർന്ന് നം ആ മാംസപിണ്ഡത്തെ അസ്ഥികൂടമായി രൂപപ്പെടുത്തി. എന്നിട്ട് നാം അസ്ഥികൂടത്തെ മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് മറ്റൊരു സൃഷ്ടിയായി നാം അവനെ വളർത്തിയെടുത്തു. അപ്പോൾ ഏറ്റവും നല്ല സൃഷ്ടികർത്താവായ അല്ലാഹു അനുഗ്രഹപൂർണനായിരിക്കുന്നു"(23:12-14).

ശാസ്ത്രീയ തത്ത്വങ്ങളും കണ്ടെത്തലുകളും വിശദീകരിക്കുകയല്ല ഖുർആൻ ഇവിടെ ചെയ്യുന്നതെങ്കിലും ഭ്രൂണശാസ്ത്രത്തിന്റെ പുതിയ പുതിയ അറിവുകളുമായി ബന്ധപ്പെടുന്ന ഏതൊരാൾക്കും ആയിരത്തി നാനൂറ് വർഷങ്ങൾക്കു മുമ്പ് ഖുർആൻ പറഞ്ഞ ഈ കാര്യങ്ങൾ അത്യത്ഭുതകരമായി തോന്നുമെന്നതിൽ സംശയമില്ല. ശേഷം ഖുർആൻ മരണത്തെയും മരണാനന്തര ജീവിതത്തെയുമാണ് പ്രസ്തുത അധ്യായത്തിൽ ഓർമിപ്പിക്കുന്നത്. വലിച്ചുനീട്ടി എന്തിനെയും ഏതിനെയും ശാസ്ത്രവുമായി ബന്ധിപ്പിച്ച് ഖുർആനിനും സുന്നത്തിനും ആവശ്യമില്ലാത്ത 'വ്യാജ ക്രെഡിറ്റുകൾ' ഉണ്ടാക്കിക്കൊടുക്കാനുള്ള ശ്രമം തീർത്തും അനഭിലഷണീയവും എതിർക്കപ്പെടേണ്ടതുമായ കാര്യമാണ്.

### ഫിർഔനിന്റെ ജഡം: ഖുർആൻ പറഞ്ഞതെന്ത്?

മൂസാ നബി(അ)യുടെ കാലത്തുണ്ടായിരുന്ന ധിക്കാരിയും അക്രമിയും സ്വേഛാധിപതിയുമായിരുന്ന ഫിർഔനിന്റെ മരണത്തെയും ജഡത്തെയും കുറിച്ച് ഖുർആൻ പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെടുത്തി ചിലർ നടത്തുന്ന വ്യാഖ്യാനങ്ങൾ ഇത്തരം ഉദാര സമീപനക്കാരുടെ ഒരു വിശദീകരണമായിട്ട് തോന്നിയ കാര്യമാണ്.

അതായത് ഫിർഔനിന്റെ ജഡം കേടുപാടുകൾ കൂടാതെ ലോകാവസാനംവരെ സംരക്ഷിക്കുമെന്ന് ഖുർആൻ പറഞ്ഞിട്ടുണ്ടെന്നും സഹസ്രാബ്ദങ്ങൾ കഴിഞ്ഞിട്ടും ആ ശരീരം ഇന്നും ഈജിപ്തിലെ മ്യൂസിയത്തിൽ കേടുപറ്റാതെ നിലനിൽക്കുന്നുണ്ടെന്നും ഇത് ഖുർആനിന്റെ ദൈവികത വിളിച്ചോതുന്ന അനിഷേധ്യമായ തെളിവാണെന്നുമൊക്കെയാണ് അത്തരക്കാർ അവതരിപ്പിക്കുന്നത്. ശാസ്ത്രീയ പഠനങ്ങളിലൂടെ അത് ഫിർഔനിന്റെതുതന്നെ എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ടെന്നു പറയുന്നതിനെ നാം പാടെ എതിർക്കുന്നില്ല. അത് ഫിർഔനിന്റെ ജഡമായിരിക്കാം, അല്ലായിരിക്കാം. സത്യത്തിൽ ഫിർഔനിന്റെ ജഡവുമായി ബന്ധപ്പെട്ട് ഖുർആൻ എന്താണ് പറഞ്ഞിട്ടുള്ളത് എന്നാണ് ഇവിടെ പരിശോധനാ വിധേയമാക്കുന്നത്.

അല്ലാഹു പറയുന്നു: "എന്നാൽ നിന്റെ പുറകെ വരുന്നവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കേണ്ടതിനു വേണ്ടി ഇന്നു നിന്റെ ശരീരത്തെ നാം രക്ഷപ്പെടുത്തി എടുക്കുന്നതാണ്. തീർച്ചയായും മനുഷ്യരിൽ ധാരാളം പേർ നമ്മുടെ ദൃഷ്ടാന്തങ്ങളെപ്പറ്റി അശ്രദ്ധരാകുന്നു"(10:92).

ഇവിടെ ക്വുർആൻ പറയുന്നത് 'ഇന്നേദിവസം നിന്റെ ശരീരത്തെ നാം സംരക്ഷിക്കും' എന്നാണ്. കാലാകാലം സംരക്ഷിക്കുമെന്ന് പറഞ്ഞിട്ടില്ല. എന്തിന് എന്ന ചോദ്യത്തിന് ക്വുർആൻ നൽകുന്ന മറുപടി 'നിന്റെ പുറകെ വരുന്നവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കേണ്ടതിനു വേണ്ടി' എന്നാണ്.

ഫിർഔനിന്റെത് എന്ന് പറയപ്പെടുന്ന ഭൗതികശരീരം കണ്ടുകിട്ടുന്നതിനും എത്രയോ നൂറ്റാണ്ടുകൾ ഇവിടെ കഴിഞ്ഞു പോയിട്ടുണ്ട്. അവർക്കൊന്നും ഈ പറയപ്പെട്ട ദൃഷ്ടാന്തം ഇല്ലാതെ പോയി എന്നാണോ? മൂസാ നബി(അ)യുടെ കാലക്കാർ മുതൽ ഇങ്ങോട്ട് ഈ വചനം ഓതിപ്പഠിച്ച നബി(സ്വ)യും സ്വഹാബത്തു മടക്കമുള്ള ആരുംതന്നെ ഈ ജഡം കണ്ടിട്ടു പോലുമില്ലല്ലോ. അപ്പോൾ പിന്നെ എന്താണ് ക്വുർആൻ പറഞ്ഞതിന്റെ വിവക്ഷ?

മുൻകാല തഫ്സീറുകൾ പരിശോധിച്ചാൽ അതിൽനിന്നൊക്കെ ഗ്രഹിക്കാൻ കഴിയുന്നത് ഇങ്ങനെ സംഗ്രഹിക്കാം: താൻ ദൈവമാണെന്ന് സ്വയം വാദിച്ച ഫിർഔൻ ചെങ്കടലിൽ മുങ്ങിനശിച്ചു. അവന്റെ മോശവും നിന്ദ്യവുമായ അന്ത്യം കണ്ടുമനസ്സിലാക്കുന്നതിനുവേണ്ടി ആ ജഡം കരക്കടിഞ്ഞു. അല്ലായിരു ന്നെങ്കിൽ ഫിർഔൻ ഏതോ അദൃശ്യലോകത്തേക്ക് പോയിമറഞ്ഞിരിക്കുകയാണെന്ന് ആ ജനത കരുതു മായിരുന്നു. ഇബ്നു അബ്ബാസ്(റ) അടക്കമുള്ള പൂർവസൂരികളായ മുഫസ്സിറുകൾ പറയുന്നു: "ബനൂ ഇസ്റാ ഈൗല്യരിൽപെട്ട ചില വിഭാഗങ്ങൾ ഫിർഔനിന്റെ മരണത്തിൽ സംശയിച്ചിരുന്നു. അതിനാൽ അയാളുടെ, ജീവൻ നഷ്ടപ്പെട്ട ഭൗതികശരീരം കരയിലേക്ക് എല്ലാവർക്കും കാണുവാൻ തക്ക രൂപത്തിൽ ഇട്ടുകൊടുക്കാൻ അല്ലാഹു സമുദ്രത്തിനു നിർദേശം നൽകി" (ഇബ്നു കസീർ).

അതിലൂടെ ഫിർഔനിന്റെ കാലത്തുണ്ടായിരുന്ന ബനൂഇസ്റാഈൗല്യർക്കും പിന്നീട് വന്നവർക്കുമെല്ലാം അതൊരു ഗുണപാഠവും ദൃഷ്ടാന്തവുമായി. ലോകാവസാനം വരെ ഈ ചരിത്രം പഠിക്കുന്നവർക്കും അറിയുന്നവർക്കുമൊക്കെ അത് ഒരു വലിയ ദൃഷ്ടാന്തം തന്നെയാണെന്നതിൽ സംശയമില്ല.

ക്വുർആൻ പറയാത്തത് ക്വുർആനിന്റെ പേരിൽ നമ്മുടെ സ്വന്തം വകയായി അവതരിപ്പിക്കുമ്പോൾ അതിൽ വന്നേക്കാവുന്ന പല ഗുരുതര സംഗതികളുമുണ്ട്. ഇവിടെയും നാം അത് കാണാതെ പോകരുത്. ഫറോവയുടേത് എന്ന് പറയപ്പെടുന്ന ഈ ഭൗതികശരീരം ഏതെങ്കിലും നിലയ്ക്ക് വല്ല ദുരന്തത്താലോ മറ്റോ നശിച്ചുപോയി എന്നിരിക്കട്ടെ, അങ്ങനെ വന്നാൽ ക്വുർആനിന്റെ പ്രവചനത്തിനും അതുവഴി ക്വുർആനിന്റെ ദൈവികതക്കും ഒരു കോട്ടവും വരികയില്ല

**ക്വുർആനിലെ ശാസ്ത്രസൂചനകൾക്ക് ശാസ്ത്രീയമായ വിശദീകരണം നൽകൽ നിഷിദ്ധവും പിഴവുമാണെന്ന് മൊത്തത്തിൽ കാടടച്ചു നിഷേധിക്കാവതല്ല എന്നപോലെത്തന്നെ, യാതൊരു നിയന്ത്രണവുമില്ലാതെ ആർക്കും എന്തും പറയുവാനുള്ള ഒരു തലമായി ഇതിനെ കാണാനും പാടില്ല. പ്രത്യുത അതിന്റേതായ യോഗ്യതകളും കഴിവുകളുമുള്ള പണ്ഡിതന്മാരുടെ മേൽനോട്ടത്തിലാണ് അവ നടക്കേണ്ടത്.**

എന്ന വസ്തുത നാം ഗ്രഹിക്കേണ്ടതുണ്ട്. അങ്ങനെയൊന്നും സംഭവിക്കാതെ എല്ലാവിധ കയ്യേറ്റങ്ങളിൽനിന്നും പ്രകൃതിപ്രതിഭാസങ്ങളിൽനിന്നും ഈ ജഡത്തെ കാലാകാലം സംരക്ഷിച്ചു നിർത്തുമെന്ന് ക്വുർആൻ ഒരിടത്തും പറഞ്ഞിട്ടില്ല എന്നതാണ് വാസ്തവം.

## ശാസ്ത്രീയ വ്യാഖ്യാനങ്ങൾ നൽകുമ്പോൾ ശ്രദ്ധിക്കേണ്ടത്

ക്വുർആനിനും സുന്നത്തിനും ശാസ്ത്രീയ വിശദീകരണങ്ങൾ നൽകുമ്പോൾ അതിന്റെ സ്വീകാര്യത ഉറപ്പുവരുത്താൻ ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്:

1) ക്വുർആനും സുന്നത്തും ശരിയായ സ്രോതസ്സുകളിൽനിന്ന് ഗ്രഹിച്ചെടുക്കാനുള്ള കഴിവും പ്രാപ് തിയും ഉള്ളയാളായിരിക്കണം. പലപ്പോഴും അറബി ഭാഷപോലും വേണ്ടത്ര ഗ്രാഹ്യമല്ലാത്ത,

കേവലം ഏതെങ്കിലും പരിഭാഷകളെയും പ്രഭാഷകരെയും അനുകരിച്ചായിരിക്കും ഇത്തരം 'ശാസ്ത്രീയ' വിശദീകരണങ്ങൾ പങ്കുവെക്കുന്നത്. അത് തീർത്തും അപകടകരമായ പ്രവണതയാണ്.

2) താൻ പറയുന്ന ശാസ്ത്രീയവിഷയങ്ങളിലും വ്യക്തമായ അറിവും കാഴ്ചപ്പാടുകളും ഉള്ള ആളായിരിക്കണം. ശാസ്ത്രമെന്ന പേരിൽ പറയപ്പെടുന്നതൊക്കെ ശാസ്ത്രീയ സത്യങ്ങളാണെന്ന അന്ധവിശ്വാസം പലരിലുമുണ്ട്. ശാസ്ത്രലോകത്തുതന്നെ ശക്തമായ എതിർവാദങ്ങളും വിയോജിപ്പുകളുമുള്ള സംഗതികളെയും കേവല നിഗമനങ്ങളെയും ശാസ്ത്രീയ സത്യമെന്നപോലെ കണ്ട് ഖുർആനിന്റെയും സുന്നത്തിന്റെയും വിശദീകരണമായി നൽകുന്നതും ഗുരുതരമായ തെറ്റാണ്.

3) ഖുർആനിന്റെ ഭാഷാനിയമങ്ങളും ഖുർആൻ-സുന്നത്ത് നിദാനശാസ്ത്രവും (ഉസ്വൂലുത്തഫ്സീർ, ഉസ്വൂലുൽ ഹദീസ്) അറിയുന്നതോടൊപ്പം ദീനീ പരിജ്ഞാനമുള്ള പണ്ഡിതന്മാരുമായി ചർച്ച ചെയ്തും സംശയങ്ങൾ ദുരീകരിച്ചുമൊക്കെയായിരിക്കണം ഇത്തരം വിശദീകരണങ്ങളിലേക്ക് കടക്കൽ.

4) ഖുർആനിക പദങ്ങൾക്ക് അർഥകൽപന നൽകുമ്പോൾ അറബി ഭാഷയിലെ ഏതെങ്കിലും ഒരു ഡിക്ഷ്ണറിയോ ആധുനിക പ്രയോഗ



ങ്ങളോ മാത്രം അവലംബിക്കാതെ ഖുർആനിന്റെ അവതരണ കാലത്തെ ഭാഷാപ്രയോഗങ്ങൾക്കും അർഥങ്ങൾക്കും അർഹമായ പരിഗണന നൽകേണ്ടതുണ്ട്. ഭാഷാ നിയമ ങ്ങളും അറബിഭാഷാ സാഹിത്യ ശൈലികളും അറിഞ്ഞിരിക്കണം. ഒരു പദത്തിന്റെ ശരിയായ അർഥം മനസ്സിലാക്കാതെ അതിനെ ആലങ്കാരിക പ്രയോഗമെന്നു പറഞ്ഞു വ്യാഖ്യാനങ്ങളിലേക്ക് പോകുന്നതും വലിയ അബദ്ധമായിരിക്കും.

5) ഖുർആനും സുന്നത്തും സ്ഥിരീകരിച്ചതും ഖുർആനിന്റെയും സുന്നത്തിന്റെയും പ്രഥമ അഭിസംബോധിതരായ സ്വഹാബത്തടക്കമുള്ള സച്ചരിതരായ മുൻഗാമികൾ തർക്കമില്ലാതെ അംഗീകരിച്ച് പോന്നതുമായ വസ്തുതകളെ സംശയത്തിന്റെ നിഴലിൽ നിർത്തി പുതിയ ഗവേഷണങ്ങളും ചിന്തകളും അവതരിപ്പിക്കുന്നതും അപകടകരമായിരിക്കും. മറിച്ച് അവയെ അടിസ്ഥാന യാഥാർഥ്യങ്ങളായി കണ്ടുകൊണ്ട് അവയോടു യോജിക്കുന്നവയെ സ്വീകരിക്കുകയും വിയോജിക്കുന്നവയെ തിരസ്കരിക്കുകയുമാണ് വേണ്ടത്.

6) ശാസ്ത്രീയമായി സ്ഥിരീകരിക്കപ്പെട്ട വസ്തുതകളല്ലാതെ, ഇനിയും പഠന-ഗവേഷണങ്ങൾ ആവ ശ്യമുള്ള, ശാസ്ത്രലോകംതന്നെ പറയുന്ന കേവല അഭിപ്രായങ്ങളെയോ നിഗമനങ്ങളെയോ കൂട്ടുപിടിച്ചുകൊണ്ട് മതപ്രമാണങ്ങളെ വ്യാഖ്യാനിക്കാൻ മുതിരരുത്. ശാസ്ത്രത്തിന് അപ്രമാദിത്വം കൽപിച്ചുകൊണ്ട് ഖുർആനിനെയും സുന്നത്തിനെയും അതിന്റെ പിന്നിൽ കൊണ്ടു പോയി കെട്ടുന്ന രീതി ഒരിക്കലും ഉണ്ടാകരുത്.

നല്ല സൂക്ഷ്മതയോടെയും ജാഗ്രതയോടെയും കൈകാര്യം ചെയ്യേണ്ട ഒരു മേഖലയാണിത്. ഖുർആനിലെ ശാസ്ത്രസൂചനകൾക്ക് ശാസ്ത്രീയമായ വിശദീകരണം നൽകൽ നിഷിദ്ധവും പിഴവുമാണെന്ന് മൊത്തത്തിൽ കാടടച്ചു നിഷേധിക്കാവതല്ല എന്നപോലെത്തന്നെ, യാതൊരു നിയന്ത്രണവുമില്ലാതെ ആർക്കും എന്തും പറയുവാനുള്ള ഒരു തലമായി ഇതിനെ കാണാനുംപാടില്ല. പ്രത്യുത അതിന്റേതായ യോഗ്യതകളും കഴിവുകളുമുള്ള പണ്ഡിതന്മാരുടെ മേൽനോട്ടത്തിലാണ് അവ നടക്കേണ്ടത്.

ഹിജ്റ 1408 സ്വഫർ മാസത്തിൽ (ക്രിസ്താബ്ദം 1987 ഒക്റ്റോബറിൽ) മക്ക കേന്ദ്രീകരിച്ചുള്ള റാബിത്വ ത്തുൽ ആലമിൽ ഇസ്‌ലാമിയുടെ സഹകരണത്തോടെ പാകിസ്ഥാനിലെ ഇസ്‌ലാമാബാദിൽ ഒരു ലോകമഹാസമ്മേളനം ഈ വിഷയകമായി നടക്കുകയുണ്ടായി. 52 രാജ്യങ്ങളിൽ നിന്നായി 228 പണ്ഡിതന്മാർ പങ്കെടുത്ത സമ്മേളനം വൈജ്ഞാനിക സ്ഥാപനങ്ങളും യൂണിവേഴ്സിറ്റികളും കഴിവുറ്റ പണ്ഡിതന്മാരും ഈ മേഖലയിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തണമെന്ന ആഹ്വാനത്തോടെയാണ് സമാപിച്ചത്.

നിഷേധത്തിന്റെയും അതിവാദത്തിന്റെയും ധ്രുവങ്ങളിൽനിന്നകന്നു സത്യത്തിന്റെ മധ്യമനിലപാട് ഈ വിഷയത്തിലും പിന്തുടർന്നാണ് നാം മുന്നോട്ടു പോകേണ്ടത്.

താജുദ്ദീൻ സ്വലാഹി




# കേരള യൂത്ത് കോൺഫറൻസിന്റെ നാൾവഴികൾ

*‘ഇരുളിൽ ചെറിയൊരു തിരികൊളുത്താൻ*
*കൈകൾ ചേർത്തുപിടിക്കുമോ?*
*ഇരുൾ പരത്തും ശക്തികൾക്കൊരു*
*മതിലു തീർക്കാൻ പോരുമോ?*
*ഇവിടെ നിറയും യുവജനങ്ങൾ*
*ഇനിയുമിനിയും പറയുമോ;*
*നന്മ ഇവിടെ പുലരുവോളം*
*കൂടെയുണ്ടടരാടുവാൻ...’*

കേരള യൂത്ത് കോൺഫറൻസിന്റെ തീം സോങ്ങിലെ ഈ വരികൾ കാതിൽ മുഴങ്ങുമ്പോഴെല്ലാം മനസ്സിൽ തെളിയുന്നത് നിസ്വാർഥരായ നിരവധി സഹപ്രവർത്തകരുടെ മുഖങ്ങളാണ്. അർധരാത്രി കഴിഞ്ഞയുടനെ ഹെഡ് ലൈറ്റ് സെറ്റ് ചെയ്ത് ജോലി തുടങ്ങുന്ന ടാപ്പിംഗ് തൊഴിലാളികളും, തിരകളോട് പൊരുതി ജീവിതായോധനം നടത്തുന്ന മത്സ്യത്തൊഴിലാളികളും രാവിലെ മുതൽ രാത്രിവരെയും പിന്നെയും രോഗികൾക്കിടയിൽ ജീവിക്കുന്ന ഡോക്ടർമാരും, മൾട്ടി നാഷണൽ കമ്പനികളിലെ ജീവനക്കാരും, പ്രവാസത്തിന്റെ നൊമ്പരത്തിലും ഈ ദൗത്യനിർവഹണത്തെ നെഞ്ചോടു ചേർക്കുന്നവരും, സർക്കാർ ഉദ്യോഗസ്ഥരുമെല്ലാം ചേരുന്ന ഒരു കൊച്ചുസംഘം!

എന്നാൽ കർമരംഗത്ത് എല്ലാവർക്കും ഒരേ ലക്ഷ്യം, ഒരേ സ്ഥാനം. പരിമിതികളുടെ കനൽക്കട്ടകൾ ചവിട്ടിക്കടന്ന് കർമവീഥിയിൽ സഹനശ്രമങ്ങൾ നടത്തുന്ന അടിത്തട്ടിലെ പ്രവർത്തകർ, കൂടെയുണ്ടെന്ന കേവല പ്രഖ്യാപനത്തിലുപരി രാവിനെ പകലാക്കി കഠിനാദ്ധ്വാനം ചെയ്യുന്നവർ...ഈ ധർമസമരത്തിൽ എന്നും എപ്പോഴും കൂടയുണ്ടാകുമെന്നല്ല, മുന്നിൽത്തന്നെയുണ്ടാകുമെന്ന് അവർ തെളിയിച്ചിട്ടുണ്ട്!

## പ്രഖ്യാപന സമ്മേളനം

പ്രഖ്യാപനം നടന്നത് ആലപ്പുഴ ജില്ലയിലെ ചേർത്തലയിലാണ്. ഇസ്‌ലാഹിന്റെ വെളിച്ചം പ്രസരിക്കാത്ത ഈ പ്രദേശം തന്നെ തിരഞ്ഞെടുത്തത് സമ്മേളനത്തിന്റെ പ്രീ പ്രോഗ്രാമുകളുടെ ഒരു സന്ദേശം കൈമാറാൻ കൂടിയായിരുന്നു. ആലപ്പുഴ ജില്ലക്ക് പ്രാമുഖ്യം നൽകി, സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളുടെയും പ്രാതിനിധ്യം ഉറപ്പാക്കി സമ്മേളന ഊർജം കീഴ്ഘടകങ്ങളിലേക്ക്

പകരാൻ സാധിച്ചു.

### നൂറുദിന കർമപദ്ധതി

പ്രഖ്യാപനം മുതൽ ഒരായിരം നന്മകൾക്ക് സാക്ഷിയായ 100 ദിനങ്ങളായിരുന്നു പിന്നിട്ടത്. യുവ സമൂഹത്തിന്റെ ആത്മീയ-ഭൗതിക പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന 100 ദിന കർമപദ്ധതിക്ക് സംസ്ഥാന കൗൺസിൽ രൂപം നൽകി. സമൂഹത്തിലെ വ്യത്യസ്ത സാഹചര്യങ്ങളിലുള്ളവരുമായി സംവദിച്ചു. പ്രശ്നങ്ങൾ പറഞ്ഞവസാനിപ്പിക്കുന്നതിനു പകരം പരിഹാരം കാണാനുള്ള വഴികൾ പഠിപ്പിക്കണമെന്ന നിലപാട് സ്വീകരിച്ചു

### ക്വുർആൻ സമ്മേളനങ്ങൾ

ക്വുർആനിന്റെ ദൈവികത, ജീവിതദർശനം തുടങ്ങിയവ ജനങ്ങളിലേക്കെത്തിക്കാൻ സംസ്ഥാനത്തെ 15 കേന്ദ്രങ്ങളിൽ സംഘടിപ്പിച്ച ക്വുർആൻ സമ്മേളനങ്ങൾക്ക് അത്ഭുതകരമായ പ്രതികരണമാണ് ഉണ്ടായത്. തോരാമഴയത്താണ് കണ്ണൂരിൽനിന്ന് ക്വുർആൻ സമ്മേളന സീരീസ് തുടങ്ങുന്നത്. ക്വുർആൻ ലേണിംഗ് സ്കൂൾ, പീസ് റേഡിയോ ഒരുക്കുന്ന 'അന്നൂർ' ക്വുർആൻ പഠന പദ്ധതി തുടങ്ങിയവ സമ്മേളനത്തിലൂടെ പരിചയപ്പെടുത്തി. സമ്മേളനാനുബന്ധമായി ശാഖകളിൽ സംഘടിപ്പിക്കപ്പെട്ട 'ക്വുർആൻ മധുരം' സംഗമങ്ങൾവഴി പ്രാദേശിക ക്വുർആൻ ലേണിംഗ് സ്കൂളുകൾക്ക് പുതിയ പഠിതാക്കളെ ലഭിക്കാൻ അവസരമൊരുക്കി.

### പ്രൊഫൈസ് 3.0

പ്രൊഫഷണൽ മേഖലയിൽ ജോലിചെയ്യുന്ന ആയിരങ്ങളെ അണിനിരത്തിയ മൂന്നാമത് 'പ്രൊഫൈയ്സ്' അംഗമാലിയിൽ നടന്നു. 60% പുതിയ പ്രതിനിധികൾ പങ്കെടുത്ത പ്രൊഫൈസ് ഒരു പൂർണമായ പകൽ ആത്മീയ ആസ്വാദനത്തിന്റെ വേദികൂടിയായി. പ്രൊഫൈസിന്റെ അനുബന്ധമായി ജില്ലാകേന്ദ്രങ്ങളിൽ നടന്ന റിവൈവ് പ്രീ പ്രൊഫൈസ് മീറ്റുകൾവഴി പുതിയ നിരവധി വ്യക്തികളെ ടീം വർക്കിന്റെ ഭാഗമാക്കാൻ സാധിച്ചു.

### കേരള ടീച്ചേഴ്സ് കോൺഫറൻസ്

മാറിയകാലത്ത് അധ്യാപകർക്ക് ഉൾക്കാഴ്ച പകർന്നുനൽകാൻ മഞ്ചേരിയിൽ സംഘടിപ്പിച്ച ടീച്ചേഴ്സ് കോൺഫറൻസിന് സാധിച്ചു. ധാർമികതയുടെ അർഥം പുനർനിർണയിച്ച് യൂറോപ്പിന്റെ സാംസ്കാരിക മാലിന്യങ്ങൾ നമ്മുടെ സാംസ്കാരിക ബോധത്തിൽ കലർത്താൻ ഹിഡൻ അജണ്ടകൾ ഒരുക്കുന്നവരെ തുറന്നുകാണിച്ച കോൺഫറൻസ് വ്യക്തിജീവിതത്തിൽ ഉണ്ടാകേണ്ട കണിശത ബോധ്യപ്പെടുത്തി. ടീച്ചേഴ്സ് കോൺഫറൻസിന്റെ മുന്നോടിയായി നടന്ന ഡിസ്ട്രിക്റ്റ് ടീച്ചേഴ്സ് മീറ്റുകളും അധ്യാപക പ്രതിനിധികളുമായി നടത്തിയ ടേബിൾ ടോക്കുകളും ഏറെ ശ്രദ്ധേയമായി.

### തസ്ഫിയ ആദർശ സമ്മേളനങ്ങൾ

തൗഹീദിന്റെ ശബ്ദം ചെന്നെത്താത്ത 400ൽ അധികം സ്ഥലങ്ങളിൽ സംഘടിപ്പിക്കപ്പെട്ട തസ്ഫിയ ആദർശ സമ്മേളനങ്ങൾ ഇസ്‌ലാഹി പ്രബോധന ചരിത്രത്തിലെ അവിസ്മരണീയ അധ്യായമായി. ദീർഘ കാലമായി പ്രഭാഷണങ്ങൾ നടക്കാത്ത സ്ഥലങ്ങളും ഈ ഗണത്തിൽ പരിഗണിക്കപ്പെട്ടു.

### ആദർശ മുഖാമുഖങ്ങൾ

ഓൺലൈനിലും ഓഫ്‌ലൈനിലും ആയിരങ്ങളുടെ പങ്കാളിത്തമുണ്ടായിരുന്ന മുഖാമുഖങ്ങൾ ആദർശ പ്രബോധന രംഗത്ത് പുതിയ ഊർജം പകർന്നു. വിമർശകർക്ക് ചോദ്യങ്ങൾ ചോദിക്കാൻ നിർഭയം അവസരം നൽകിയ മുഖാമുഖങ്ങൾ ഒട്ടേറെയാളുകളുടെ തെറ്റുധാരണകളകറ്റാൻ സഹായകമായിട്ടുണ്ട്.

### 'മുദബ്ബിറുൽ ആലം,' ആദർശ സമ്മേളനങ്ങൾ

അല്ലാഹുവല്ലാത്തവർ ഉലകം നിയന്ത്രിക്കുന്നു എന്ന തീർത്തും ഇസ്‌ലാമികവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കുന്നവരെ ആശയപരമായി ചോദ്യം ചെയ്ത ആദർശ സമ്മേളനങ്ങൾ വിവിധ കേന്ദങ്ങളിൽ നടന്നു. ശിർക്കിന്റെ പ്രചാരകർക്കിടയിലെ ഭിന്നതകൾ മറനീക്കി പുറത്തു വരാൻ ഇത് കാരണമായി.

### വിവിധ പരിപാടികൾ

കാലിക പ്രസക്തമായ വിഷയങ്ങളിൽ യുവജന നേതൃത്വങ്ങളുമായി ആശയ സംവേദനം സാധ്യമാക്കിയ ടേബിൾ ടോക്കുകൾ, ലഹരിക്കെതിരെയുള്ള 'ടോക് ഷോ'കൾ, പതിനായിരങ്ങളെ നേരിൽ കണ്ട 'ഡോർ ടു ഡോർ,' ഇസ്‌ലാമിനെ പരിചയപ്പെടുത്താൻ 'ടാലന്റ് ലീഗ്,' 'ജനകീയ വിചാരണ,' 'എൻവിഷൻ,' 'ഫാമിലി മീറ്റ്,' 'ട്രോമാ കെയർ വർക്ഷോപ്പു'കൾ, 'മഹബ്ബ പ്രീ മാരിറ്റൽ വർക്ഷോപ്പു'കൾ, 'ഒരുക്കം' സംഗമങ്ങൾ, 'ഇവൻഷ്യ,' 'സന്ദേശ പ്രയാണം,' 'പുസ്തക മേളകൾ...' ഇങ്ങനെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്നതിനു ശേഷമാണ് സമ്മേളനം സംഘടിപ്പിക്കപ്പെട്ടത്.

അത്യദ്ധ്വാനത്തോടെ നിർവഹിക്കപ്പെട്ട പബ്ലിസിറ്റി പ്രവർത്തനങ്ങൾ, കടലിനക്കരെയിരുന്ന് കരുത്തും കരുതലും നൽകി പ്രവാസി സമൂഹം നടത്തിയ പ്രബോധന ഇടപെടലുകൾ... ഓർമകൾക്ക് കുളിർ കോരിച്ചൊരിയുന്ന ഇത്തരം ധന്യനിമിഷങ്ങൾ മനസ്സിൽ ആന്ദോളനങ്ങളുണ്ടാക്കുമ്പോൾ ലഭിക്കുന്നത് ഒരു പുതിയ കരുത്താണ്. അതാണ് നിറഞ്ഞൊഴുകിയ സമ്മേളന നഗരിയിലെ യുവ സഞ്ചയത്തിലൂടെ കണ്ടത്. ■

ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ്
വിവ: ശമീർ മദീനി

**സുന്നത്തും ബിദ്അത്തും; ഒരു സംക്ഷിപ്ത പഠനം 05**

# നല്ല ഉദ്ദേശ്യവും സുന്നത്തും

> മതപരമായ അർഥത്തിൽ 'തക്വ്വ' എന്നു പറയുന്നത് ഒരാൾ തന്റെയും അല്ലാഹുവിന്റെ കോപത്തിനുമിടയിൽ തന്നെ രക്ഷപ്പെടുത്തുന്ന കാര്യങ്ങൾ സ്വീകരിക്കലാണ്. അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകളെ ജീവിതത്തിൽ പ്രയോഗവത്ക്കരിച്ചുകൊണ്ടും വിലക്കിയ കാര്യങ്ങളിൽനിന്നും വിട്ടകന്നുകൊണ്ടുമാണ് അത് സാധിക്കുക.

### ഭാഷയിലും മതത്തിലുമുള്ള ബിദ്അത്തുകൾ തമ്മിലുള്ള വ്യത്യാസം

ഭാഷാപരമായ അർഥം പൊതുവിൽ മതത്തിൽ ഉദ്ദേശിക്കപ്പെടുന്ന അർഥത്തെക്കാൾ വിശാലമായിരിക്കും. ഭാഷാപരമായ ആ വിശാല അർഥത്തിന്റെ ഒരു ഭാഗം മാത്രമായിരിക്കും മതപരമായ വിവക്ഷയിൽ ഉണ്ടാവുക. 'തക്വ്വ' (സൂക്ഷ്മത പാലിക്കൽ, തടുക്കൽ), സ്വിയാം (നോമ്പ്, തടഞ്ഞുവെക്കൽ), ഹജ്ജ് (ഉദ്ദേശിക്കൽ), ഉംറ (സന്ദർശനം), ബിദ്അത്ത് (പുതുനിർമിതി) മുതലായവ ഇതിനുദാഹരണമാണ്.

'തക്വ്വ' എന്നതുകൊണ്ട് ഭാഷയിൽ അർഥമാക്കുന്നത് മനുഷ്യൻ ഭയപ്പെടുന്ന ഏതൊരു കാര്യത്തിൽ നിന്നും സുരക്ഷയും പ്രതിരോധവും സ്വീകരിക്കുക എന്നതാണ്; ചൂടിൽനിന്നും കൊടും തണുപ്പിൽനിന്നുമുള്ള രക്ഷയ്ക്കുവേണ്ടി വീടുകളും ടെന്റുകളും ഉണ്ടാക്കുന്നതുപോലെ, ഭൂമിയിലൂടെ നടന്നുപോകുമ്പോൾ കാലിന് ഉപദ്രവകരമായ ഒന്നും ഏൽക്കാതിരിക്കാൻ പാദരക്ഷകൾ ധരിക്കുന്നതുപോലെ.

എന്നാൽ മതപരമായ അർഥത്തിൽ 'തക്വ്വ' എന്നു പറയുന്നത് ഒരാൾ തന്റെയും അല്ലാഹുവിന്റെ കോപത്തിനുമിടയിൽ തന്നെ രക്ഷപ്പെടുത്തുന്ന കാര്യങ്ങൾ സ്വീകരിക്കലാണ്. അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകളെ ജീവിതത്തിൽ പ്രയോഗവത്ക്കരിച്ചുകൊണ്ടും വിലക്കിയ കാര്യങ്ങളിൽനിന്നും വിട്ടക



ന്നുകൊണ്ടുമാണ് അത് സാധിക്കുക.

'സ്വിയാം' (നോമ്പ്) എന്ന പദം ഏതുതരം തടഞ്ഞുവെക്കലിനും ഭാഷയിൽ പ്രയോഗിക്കും. എന്നാൽ മതപരമായ അതിന്റെ അർഥം നോക്കുമ്പോൾ അത് ഒരു പ്രത്യേകതരം തടഞ്ഞുവെക്കലാണ് എന്ന് കാണാവുന്നതാണ്. അഥവാ, അന്നപാനീയങ്ങളിൽനിന്നും നോമ്പിനെ അസാധുവാക്കുന്ന മറ്റു കാര്യങ്ങളിൽനിന്നും പ്രഭാതം മുതൽ പ്രദോഷംവരെ ശരീരത്തെ തടുത്തുനിർത്തലും അകലം പാലിക്കലുമാണ്.

'ഹജ്ജ്' എന്നാൽ ഭാഷയിൽ 'ഉദ്ദേശിക്കൽ' എന്നാണ് അർഥം. ഏതുതരം ഉദ്ദേശിക്കലും അതിൽപെടും. എന്നാൽ മതപരമായി നോക്കുമ്പോൾ അതിന്റെ അർഥം മതപരമായ ചില പ്രത്യേക കർമങ്ങൾ നിർവഹിക്കാനായി മക്കയെ ലക്ഷ്യമാക്കി പോകലാണ്.

'ഉംറ' എന്ന പദത്തിന് സന്ദർശനം എന്നാണ് ഭാഷാർഥം. അഥവാ ഏതുതരം സന്ദർശനത്തിനും ഭാഷയിൽ 'ഉംറ' എന്നു പറയാം. എന്നാൽ മതപരമായി പറയുമ്പോൾ കഅ്ബയെ ത്വവാഫ് ചെയ്യുന്നതിനും സ്വഫാമർവക്കിടയിൽ സഅ്യ് നടത്തുന്നതിനും മുടി കളയുന്നതിനും വെട്ടുന്നതിനുമൊക്കെയായി മക്ക സന്ദർശിക്കലാണത്. ഭാഷാപരമായി ബിദ്അത്ത് എന്നത് മുൻമാതൃകയില്ലാത്ത എല്ലാ പുതുനിർമിതികളാണ്. മതപരമായി അത് മതത്തിൽ അടിസ്ഥാനമില്ലാത്ത പുതുനിർമിതികളുമാണ്. അതാകട്ടെ സുന്നത്തിന് എതിരുമായിരിക്കും.



### ബിദ്അത്തും മസ്വാലിഹുൽ മുർസലയും

മതപരമായി ചെയ്യണമെന്നോ ചെയ്യരുതെന്നോ പ്രത്യേക നിർദേശം വന്നിട്ടില്ലാത്തതും ചില ഗുണങ്ങളുള്ളതുമായ കാര്യങ്ങൾക്കാണ് 'മസ്വാലിഹുൽ മുർസല' എന്ന് പറയുന്നത്. സത്യത്തിൽ മതം അംഗീകരിച്ച ചില നന്മകൾ സ്വായത്തമാക്കാനുള്ള മാർഗമാണത്. അബൂബക്റി(റ)ന്റെയും ഉസ്മാൻ ഇബ്നു അഫ്ഫാനി(റ)ന്റെയും ഭരണകാലത്ത് നടന്ന ക്വുർആൻ ക്രോഡീകരണവും, കണക്കുകളും രേഖകളും ശേഖരിക്കലും ആനുകൂല്യങ്ങൾക്കർഹരായവരുടെ പേരുവിവരങ്ങൾ രേഖപ്പെടുത്തലുമൊക്കെ അതിനുദാഹരണങ്ങളാണ്. മതപരമായ പ്രത്യേക തെളിവുകൾ അഥവാ, ക്വുർആൻ വചനങ്ങളോ നബി(സ്വ)യുടെ ഹദീസുകളോ ഇത് ചെയ്യണമെന്നോ ചെയ്യരുതെന്നോ പറഞ്ഞുകൊണ്ട് വന്നിട്ടില്ല.

ക്വുർആൻ ക്രോഡീകരണം ക്വുർആനിൽനിന്ന് യാതൊന്നും നഷ്ടപ്പെട്ടുപോകാതെ അത് സംരക്ഷിക്കുന്നതിന്റെ ഭാഗമാണ്. അതാകട്ടെ അല്ലാഹു പറഞ്ഞ ഈ വചനത്തിന്റെ തേട്ടവും സാക്ഷാൽക്കാരവുമാണ്: "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്'' (15:9).

ക്വുർആൻ ക്രോഡീകരണത്തെ കുറിച്ച് ഉമർ(റ) അബൂബക്റി(റ)നോട് സൂചിപ്പിച്ചപ്പോൾ ആദ്യഘട്ടത്തിൽ അദ്ദേഹം അതിനോട് വിയോജിപ്പ് പ്രകടിപ്പിക്കു

കയാണുണ്ടായത്. അദ്ദേഹം പറഞ്ഞു: "നബി(സ്വ) ചെയ്യാതിരുന്ന ഒരു കാര്യം ഞാനെങ്ങനെ ചെയ്യാനാണ്?" അപ്പോൾ ഉമർ(റ) പറഞ്ഞു: "അല്ലാഹുവാണെ, അത് നന്മ(ഖൈർ)യാണ്." അങ്ങനെ ഉമർ(റ) ആവർത്തിച്ചാവർത്തിച്ച് ഉണർത്തിക്കൊണ്ടിരുന്നപ്പോഴാണ് അല്ലാഹു തന്റെ ഹൃദയത്തിന് വിശാലത നൽകിയതും അത് ഉൾക്കൊള്ളാനായതും എന്ന് അബൂബക്ർ(റ) പിന്നീട് പറയുന്നുണ്ട്. "അങ്ങനെ ഉമർ(റ) അഭിപ്രായപ്പെട്ടതിനോട് ഞാനും യോജിച്ചു" (സ്വഹീഹുൽ ബുഖാരി: 4679).

അബൂബക്റിന്റെ(റ) കാലത്തെ ക്വുർആൻ ക്രോഡീകരണം എഴുതിസൂക്ഷിച്ചതും മനഃപാഠവും ഒത്തുനോക്കിക്കൊണ്ടുള്ള ഒരു ക്രോഡീകരണമായിരുന്നുവെങ്കിൽ അതിനെ ആധാരമാക്കി ഗ്രന്ഥരൂപത്തിലുള്ള ക്രോഡീകരണമാണ് ഉസ്മാന്റെ(റ) കാലത്ത് നടന്നത്.

എന്നാൽ പേരുകളും രേഖകളും ക്രോഡീകരിക്കൽ ഉമറിന്റെ(റ) ഭരണകാലത്താണ് നടന്നത്.

'മസ്വാലിഹുൽ മുർസല' എന്ന ഗണത്തിൽ വരുന്ന സംഭവങ്ങളെ ആധാരമാക്കി 'ബിദ്അത്തുകളെ എല്ലാറ്റിനെയും എതിർക്കാൻ പാടില്ല, അതിൽ ചിലത് നല്ല ബിദ്അത്തുകളാണ്' എന്ന ന്യായം പറച്ചിൽ ഒരിക്കലും ശരിയല്ല. കാരണം ഇത്തരം സംഗതികളിൽ അഥവാ മസ്വാലിഹുൽ മുർസലകളിൽ മതം അംഗീകരിച്ച ഒരു നന്മ നേടിയെടുക്കലും സാക്ഷാൽക്കരിക്കലുമാണ് നടക്കുന്നത്. അല്ലാതെ ദീനിൽ പുതിയതായി വല്ലതും ഉണ്ടാക്കലല്ല. എന്നാൽ ബിദ്അത്തുകൾ അങ്ങനെയല്ല. അതിൽ ദീനിന്റെ പൂർണതയിൽ സംശയിക്കുന്ന വിധത്തിലുള്ള കൂട്ടിച്ചേർക്കലാണ് നടക്കുന്നത്.

അതായത്, പല പ്രദേശങ്ങളും ഇസ്‌ലാമിന്റെ കീഴിലേക്ക് വരികയും യുദ്ധസ്വത്തുക്കൾ അധികരിക്കുകയും ചെയ്തപ്പോൾ സൈന്യത്തിൽപെട്ടവരും അല്ലാത്തവരുമായ, സഹായങ്ങൾക്കർഹരായവരുടെ പേരുവിവരങ്ങൾ ശേഖരിക്കേണ്ടതിന്റെ ആവശ്യകതയുണ്ടായി. അങ്ങനെ ഒരു സമ്പ്രദായം ഉമറിന്റെ(റ) ഖിലാഫത്തിന് മുമ്പ് ഉണ്ടായിരുന്നില്ല. അതിലൂടെ ഉദ്ദേശിക്കുന്നത് അർഹരായ ആളുകളിലേക്ക് അവർക്കവകാശപ്പെട്ട സഹായങ്ങൾ എത്തണമെന്നും അർഹതപ്പെട്ട ഒരാളും അതിൽനിന്ന് വിട്ടുപോകരുത് എന്നതുമാണ്.

ഇത്തരത്തിലുള്ള 'മസ്വാലിഹുൽ മുർസല' എന്ന ഗണത്തിൽ വരുന്ന സംഭവങ്ങളെ ആധാരമാക്കി 'ബിദ്അത്തുകളെ എല്ലാറ്റിനെയും എതിർക്കാൻ പാടില്ല, അതിൽ ചിലത് നല്ല ബിദ്അത്തുകളാണ്' എന്ന ന്യായം പറച്ചിൽ ഒരിക്കലും ശരിയല്ല. കാരണം ഇത്തരം സംഗതികളിൽ അഥവാ മസ്വാലിഹുൽ മുർസലകളിൽ മതം അംഗീകരിച്ച ഒരു നന്മ നേടിയെടുക്കലും സാക്ഷാൽക്കരിക്കലുമാണ് നടക്കുന്നത്. അല്ലാതെ ദീനിൽ പുതിയതായി വല്ലതും ഉണ്ടാക്കലല്ല. എന്നാൽ ബിദ്അത്തുകൾ അങ്ങനെയല്ല. അതിൽ ദീനിന്റെ പൂർണതയിൽ സംശയിക്കുന്ന വിധത്തിലുള്ള കൂട്ടിച്ചേർക്കലാണ് നടക്കുന്നത്. ഇമാം മാലികി(റഹി)ന്റെയും മറ്റും വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് അക്കാര്യം നമ്മൾ വിശദീകരിച്ചിരുന്നല്ലോ.

## നല്ല ഉദ്ദേശ്യവും സുന്നത്തും

ബിദ്അത്തുകൾ ചെയ്യുന്നവർ അല്ലാഹുവിലേക്കടുക്കുവാനും പുണ്യം നേടുവാനുമൊക്കെയുള്ള നല്ല ഉദ്ദേശ്യത്തിലാണല്ലോ അവ ചെയ്യുന്നത്. അതിനാൽ ഈയൊരു തലത്തിൽ ചിന്തിക്കുമ്പോൾ അത്തരം പ്രവൃത്തികളെ എതിർക്കേണ്ടതുണ്ടോ, സ്തുത്യർഹമായ നല്ല പ്രവർത്തനങ്ങളായിട്ടല്ലേ അവയെ കാണേണ്ടത് എന്നൊക്കെ ബിദ്അത്തിന്റെ ഗൗരവം കുറച്ചുകാണുന്നവർ ചിലപ്പോൾ ചോദിച്ചേക്കാം.

അതിനുള്ള മറുപടി: നല്ല ഉദ്ദേശ്യത്തോടൊപ്പം ഇതൊരു കർമവും സുന്നത്തിനോട് യോജിക്കലും അനിവാര്യമായ സംഗതിയുമാണ്. സൽകർമങ്ങൾ റബ്ബിന്റെയടുക്കൽ സ്വീകരിക്കപ്പെടണമെങ്കിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട രണ്ട് നിബന്ധനകളിലൊന്നാണത്. അതായത്;

1) പ്രസ്തുത കർമം അല്ലാഹുവിന് മാത്രമായി 'നിഷ്കളങ്കത'(ഇഖ്‌ലാസ്)യോടെ സമർപ്പിച്ചതായി രിക്കണം.

2) നബി(സ്വ)യെ പിൻപ

റ്റിക്കൊണ്ടായിരിക്കണം പ്രസ്തുത കർമം നിർവഹിക്കേണ്ടത്. അഥവാ, ഇത്തിബാഉർറസൂൽ ഉണ്ടായിരിക്കണം.


മതത്തിൽ പുതുതായുണ്ടാക്കപ്പെടുന്ന ബിദ്അത്തുകൾ റബ്ബ് സ്വീകരിക്കാതെ അതിന്റെയാളുകളിലേക്ക് തന്നെ തള്ളപ്പെടുമെന്ന് അറിയിക്കുന്ന ഹദീസ് മുമ്പ് പറഞ്ഞിരുന്നുവല്ലോ. ഇമാം ബുഖാരിയും ഇമാം മുസ്‌ലിമും ഉദ്ധരിച്ച നബി(സ്വ)യുടെ വചനം: "ആരെങ്കിലും നമ്മുടെ ഈ ദീനീകാര്യങ്ങളിൽ പുതുതായി വല്ലതും ഉണ്ടാക്കിയാൽ അത് തള്ളപ്പെടുന്നതാണ്.''

ഇമാം മുസ്‌ലിമിന്റെ ഒരു റിപ്പോർട്ടിൽ ഇങ്ങനെ കാണാം: "നമ്മുടെ കൽപനയില്ലാത്ത ഒരു കാര്യം ആരെങ്കിലും (മതമായി) ആചരിച്ചാൽ അത് തള്ളപ്പെടുന്നതാണ്.''

ഒരു കർമം ചെയ്യുമ്പോൾ നല്ല ഉദ്ദേശ്യത്തോടൊപ്പം പ്രസ്തുതകർമം സുന്നത്തിനോട് യോജിക്കൽ നിർബന്ധമാണെന്ന് അറിയിക്കുന്ന മറ്റൊരു സംഭവമാണ് പെരുന്നാൾ നമസ്കാരത്തിനു മുമ്പേ ബലിയറുത്ത സ്വഹാബിയുടെ വിഷയത്തിൽ നബി(സ്വ) പറഞ്ഞത്. നബി(സ്വ) അദ്ദേഹത്തോട് പറഞ്ഞു: "നീ അറുത്ത ആട് സാധാരണഗതിയിൽ മാംസത്തിനുവേണ്ടി അറുത്ത ആട് മാത്രമാണ്'' (ബുഖാരി, മുസ്‌ലിം). അത് ഉദുഹിയ്യത്തിന്റെ ബലികർമമായി പരിഗണിക്കപ്പെടുകയില്ല എന്ന് സാരം.

ഇബ്നു ഹജർ(റഹി) ഈ ഹദീസിന്റെ വിവരണത്തിൽ പറയുന്നു: "നിശ്ചയമായും ഒരു കർമം നല്ല ഉദ്ദേശ്യത്തോടെ ചെയ്തതാണെങ്കിലും മതത്തിന്റെ നിയമനിർദേശങ്ങളോട് യോജിച്ചാലല്ലാതെ അത് സാധുവാകുകയില്ല'' (ഫത്ഹുൽ ബാരി: 10/17).

അപ്രകാരം തന്നെ സുനനുദ്ദാരിമിയിൽ സ്വഹീഹായ പരമ്പരയോടെ ഉദ്ധരിക്കുന്ന മറ്റൊരു സംഭവവും ഇക്കാര്യം അറിയിക്കുന്നുണ്ട്. അതായത്, പള്ളിയിൽ വട്ടംകൂടിയിരിക്കുന്ന ഒരുപറ്റം ആളുകളുടെ അടുക്കലേക്ക് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) ചെല്ലുന്നു. ആ ആളുകളുടെ കൈകളിൽ ചരൽക്കല്ലുകളുണ്ട്. അവരിൽ ഒരാൾ വിളിച്ചു പറയും: 'നിങ്ങൾ നൂറ് തക്ബീർ' (അല്ലാഹുഅക്ബർ) പറയുക.' അപ്പോൾ അവർ നൂറുപ്രാവശ്യം തക്ബീർ ചൊല്ലും. അവരുടെ കൈകളിലുള്ള ചരൽക്കല്ലുകൾകൊണ്ട് അവർ അതിനു എണ്ണം പിടിക്കുകയും ചെയ്യും. പിന്നെ അവരോട് നൂറ് പ്രാവശ്യം 'തഹ്‌ലീൽ' (ലാ ഇലാഹ ഇല്ലല്ലാഹ്) ചൊല്ലാൻ പറയും. പിന്നെ നൂറ് പ്രാവശ്യം 'തസ്ബീഹ്' (സുബ്ഹാനല്ലാഹ്) ചൊല്ലാൻ പറയും. അവർ കൈകളിലുള്ള ചരൽക്കല്ലുകൾകൊണ്ട് എണ്ണംപിടിച്ചു പ്രസ്തുത ദിക്റുകൾ ചൊല്ലും. ഇത് കണ്ടുകൊണ്ട് അവരുടെ അടുക്കൽ ചെന്ന് ഇബ്നുമസ്ഊദ്(റ) ചോദിച്ചു: "നിങ്ങളെന്താണീ ചെയ്തുകൊണ്ടിരിക്കുന്നത്?'' അവർ പറഞ്ഞു: "അല്ലയോ അബൂഅബ്ദിറഹ്മാൻ, ഞങ്ങൾ കുറച്ച് ചരൽക്കല്ലുകൾ എടുത്തുകൊണ്ട് തക്ബീറും തഹ്‌ലീലും തസ്ബീഹുമൊക്കെ ചൊല്ലുകയാണ്.''അപ്പോൾ അദ്ദേഹം പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ തെറ്റുകൾ എണ്ണിനോക്കുന്നതായിരിക്കും നിങ്ങൾക്ക് ഇതിനെക്കാൾ ഉത്തമം. എങ്കിൽ നിങ്ങളുടെ നന്മകളൊന്നും നഷ്ട



പ്പെടുകയില്ല എന്ന് ഞാൻ ഉറപ്പുനൽകാം. മുഹമ്മദ് നബി(സ്വ)യുടെ സമുദായമേ, നിങ്ങൾക്ക് നാശം! എത്രപെട്ടെന്നാണ് നിങ്ങൾ നശിക്കുന്നത്! ഇതാ നിങ്ങളുടെ പ്രവാചകന്റെ അനുചരന്മാർ ഇവിടെ വേണ്ടുവോളമുണ്ട്. നബി(സ്വ)യുടെ വസ്ത്രങ്ങളിതാ, അവ നുരുമ്പിപ്പോയിട്ടില്ല, അവിടുന്ന് ഉപയോഗിച്ച പാത്രങ്ങൾ പോലും ഉടഞ്ഞുപോയിട്ടില്ല. എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ(അല്ലാഹു) തന്നെയാണേ സത്യം! മുഹമ്മദ് നബി(സ്വ)യുടെ മാർഗത്തെക്കാൾ ഉത്തമമായ വല്ല മാർഗത്തിലുമാണോ നിങ്ങളുള്ളത്?''

അവർ പറഞ്ഞു: "അല്ലയോ അബൂ അബ്ദിറഹ്മാൻ! അല്ലാഹുവാണേ, നല്ലതല്ലാതെ യാതൊന്നും ഞങ്ങൾ ഉദ്ദേശിച്ചിട്ടില്ല.'' അപ്പോൾ അദ്ദേഹം പറഞ്ഞു: "എതയെത്ര ആളുകൾ നല്ലത് ഉദ്ദേശിക്കുന്നു. പക്ഷേ, അവർക്കത് നേടുവാനാകുന്നതേയല്ല...'' (ശൈഖ് അൽബാനി(റ)യുടെ അസ്സിൽസിലതുസ്സ്വഹീഹ, ഹദീസ് നമ്പർ 2005).

*(തുടരും)*

സൂറ: സ്വാദ്
(മക്കയിൽ അവതരിച്ചത്)

അധ്യായം 38

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# ദാവൂദ് നബി(അ), സുലൈമാൻ നബി(അ)
## എന്നിവരുടെ ചരിത്രത്തിൽനിന്ന് മനസ്സിലാകുന്ന
# തത്ത്വങ്ങളും പാഠങ്ങളും

തനിക്കു മുമ്പ് കഴിഞ്ഞുപോയ പ്രവാചകന്മാരുടെ കഥകൾ അല്ലാഹു മുഹമ്മദ് നബി(സ്വ)ക്ക് പറഞ്ഞുകൊടുക്കുന്നു. അദ്ദേഹത്തിന്റെ ഹൃദയത്തെ ഉറപ്പിച്ചുനിർത്താനും മനസ്സിന് സമാധാനം ലഭിക്കാനും അത് ഉപകരിക്കുന്നു. അവരുടെ ആരാധന, സഹനശേഷി, ഭക്തി എന്നിവ ഓർമപ്പെടുത്തി. അങ്ങനെ അവരുമായി മത്സരിക്കാനും അവരെപ്പോലെ അല്ലാഹുവിലേക്ക് അടുക്കാനും തന്റെ ജനതയുടെ ഉപദ്രവം സഹിക്കുന്നതിൽ ക്ഷമ കാണിക്കാനും അവൻ നിർദേശിച്ചു. തന്റെ ദാസനായ ദാവൂദിനെ ഓർമിപ്പിച്ച് അദ്ദേഹത്തെ മാതൃകയാക്കാനും ഉപദേശിക്കുന്നു.

ദീനിനെ പുലർത്തുന്നതിൽ കാണിക്കുന്ന ശക്തിയും ധീരതയും അല്ലാഹു പുകഴ്ത്തുന്നു. ഹൃദയത്തിന്റെയും ശരീരത്തിന്റെയും ശക്തി. അതുമൂലം മതകാര്യങ്ങൾ ശരിയായും കൂടുതലായും അനുഷ്ഠിക്കുവാൻ കഴിയുന്നു. ദുർബലരായവർക്കത് സാധിക്കുന്നില്ല. ഒരാളെപ്പോഴും താൻ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം. മടിയുണ്ടാവാൻ പാടില്ല. അലസത ശക്തി ക്ഷയിപ്പിക്കുകയും മനസ്സിനെ ദുർബലമാക്കുകയും ചെയ്യും.

എല്ലാ കാര്യത്തിലും അല്ലാഹുവിലേക്ക് മടങ്ങുക എന്നത് അല്ലാഹുവിന്റെ ദൂതന്മാരുടെയും അവന്റെ സൃഷ്ടികളിലെ ഉന്നതരുടെയും സവിശേഷതയാണ്. അക്കാര്യത്തിലാണ് ദാവൂദ്(അ), സുലൈമാൻ (അ) എന്നിവരെ അല്ലാഹു പ്രശംസിച്ചത്. അതിനാൽ നന്മയിൽ മാതൃകയാക്കുന്നവർ അവരെയാണ് മാതൃകയാക്കേണ്ടത്. അവരുടെ വഴിയാണ് സ്വീകരിക്കേണ്ടത്.

أُوْلَٰٓئِكَ ٱلَّذِينَ هَدَى ٱللَّهُۖ فَبِهُدَىٰهُمُ ٱقۡتَدِهۡۗ

"അവരെ അല്ലാഹു സന്മാർഗത്തിലാക്കി. അവരുടെ മാർഗം നീ പിന്തുടരുക."

നല്ല ശബ്ദം നൽകിയും ദാവൂദ് നബി(അ)യെ അല്ലാഹു ആദരിച്ചു. ആ ശബ്ദത്താൽ കേൾവി ശക്തിയില്ലാത്ത പർവതങ്ങളെയും ഗ്രഹിക്കാൻ കഴിയാത്ത പക്ഷികളെയും അദ്ദേഹം പ്രകീർത്തനം ചെയ്യുമ്പോൾ പ്രതികരിക്കുന്നവയാക്കി. രാവിലെയും വൈകുന്നേരവും അദ്ദേഹത്തോടൊപ്പം

അവയെ പ്രകീർത്തനം ചെയ്യുന്നവയുമാക്കി.

പ്രയോജനകരമായ അറിവ് നൽകുക എന്നതാണ് അല്ലാഹു തന്റെ ദാസന് നൽകുന്ന ഏറ്റവും വലിയ അനുഗ്രഹം. അവന് നിയമങ്ങൾ മനസ്സിലാക്കാനും ജനങ്ങൾക്കിടയിൽ തീർപ്പുകൽപിക്കാനും കഴിയുന്നു. ദാവൂദ് നബി(അ)ക്ക് അല്ലാഹു നൽകിയത് ഈ അനുഗ്രഹമാണ്.

എന്തെങ്കിലും നിസ്സാരമായ വീഴ്ചകൾ സംഭവിക്കുമ്പോഴേക്കു തന്നെ തന്റെ പ്രവാചകന്മാരും വിശുദ്ധരുമായവരെ അല്ലാഹു പരീക്ഷിക്കുന്നു എന്നതാണ് മറ്റൊന്ന്. അതിലൂടെ അവർ അത് തിരുത്തുന്നു. ആദ്യത്തേതിനെക്കാൾ നല്ലവരായി അവർ മാറുന്നു. അതാണിവിടെ സുലൈമാൻ നബിയിലും ദാവൂദ് നബിയിലും കണ്ടത്.

അല്ലാഹുവിൽനിന്നും എത്തിക്കാൻ പറ്റിയ ദൗത്യങ്ങളിൽ യാതൊരു വീഴ്ചയും സംഭവിക്കാത്തവരാണ് പ്രവാചകന്മാർ. കാരണം, അങ്ങനെയായാലേ പ്രവാചകത്വം പൂർണമാകൂ. പിഴവുകളിൽനിന്നും പ്രകൃതിപരമായ ചിലത് അവർക്കും സംഭവിക്കാം. എന്നാൽ അല്ലാഹു തന്റെ കാരുണ്യത്താൽ അവർ പശ്ചാത്തപിക്കുന്നു.

ദാവൂദ് നബി(അ) മിക്ക സമയങ്ങളിലും തന്റെ രക്ഷിതാവിനുള്ള ആരാധനകളുമായി പ്രാർഥനാ മണ്ഡപത്തിൽതന്നെ കഴിഞ്ഞുകൂടുകയാണ് ചെയ്തിരുന്നത്. അതുകൊണ്ടാണ് വഴക്കുകൂടിയ കക്ഷികൾ പ്രാർഥനാ മണ്ഡപത്തിലേക്ക് മതിൽ കയറിച്ചെന്ന് എത്തിയത്. പ്രാർഥനാ മണ്ഡപത്തിൽ ആരാധനാനിരതനാവുമ്പോൾ ആരും അദ്ദേഹത്തിന്റെയടുക്കൽ വരുന്നില്ല. അതായത് എല്ലാസമയവും ജനങ്ങൾക്കായി നീക്കിവെക്കുന്നില്ലെന്നർഥം; ധാരാളം കാര്യങ്ങൾ അദ്ദേഹത്തിന് ചെയ്യാനുണ്ടെങ്കിലും. മറിച്ച് കുറച്ചുസമയം തന്റെ റബ്ബിനുവേണ്ടി അദ്ദേഹം മാറ്റിവെച്ചു. അതിലൂടെ അദ്ദേഹം കൺകുളിർമ നേടി. അത് എല്ലാ കാര്യങ്ങളും ആത്മാർഥമായി ചെയ്യാൻ അദ്ദേഹത്തെ സഹായിച്ചു.

ഭരണാധികാരികളുടെ അടുത്ത് ചെല്ലുമ്പോൾ ചില മര്യാദകൾ നിർബന്ധമായും പാലിക്കണം. പതിവില്ലാത്ത ഒരു സമയത്താണ് തർക്ക കക്ഷികൾ കടന്നുചെന്നത്. മാത്രമല്ല, ശരിയായ വാതിലിലൂടെയല്ല. അദ്ദേഹം പേടിച്ചു. അത് പ്രയാസമുണ്ടാക്കി. അത് സന്ദർഭത്തിന് യോജിച്ചതല്ലാത്തതായി അദ്ദേഹം കണ്ടു.

കക്ഷികളുടെ മര്യാദയില്ലാത്ത പെരുമാറ്റം ഭരണാധികാരികളെ ന്യായത്തിൽനിന്ന് തടയാനോ തെറ്റായത് ചെയ്യാനോ പ്രേരിപ്പിക്കാതവതല്ല.

ദാവൂദ് നബി(അ)യുടെ അങ്ങേയറ്റത്തെ ക്ഷമയാണ് മറ്റൊന്ന്. സമ്മതം കൂടാതെ കടന്നുവന്നിട്ടുപോലും ആ കക്ഷികളോട് അദ്ദേഹം കോപിച്ചില്ല. അദ്ദേഹം രാജാവാണ്. അവരെ വിരട്ടുകയോ അപമാനിക്കുകയോ ചെയ്തില്ല.

അക്രമിക്കപ്പെട്ടവന് തന്നെ അക്രമിച്ച വ്യക്തിയോട് 'നീ എന്നെ അക്രമിച്ചു' എന്നോ 'ഏ അക്രമീ' എന്നോ 'എന്നെ അക്രമിച്ചവനേ' എന്നോ ഒക്കെ പറയൽ അനുവദനീയമാണ്. അതിന് തെളിവ് ഈ വചനമാണ്. (ഞങ്ങൾ രണ്ട് എതിർകക്ഷികളാകുന്നു. ഞങ്ങളിൽ ഒരു കക്ഷി മറുകക്ഷിയോട് അന്യായം ചെയ്തിരിക്കുന്നു).

ഉപദേശിക്കപ്പെടുന്നവൻ എത്ര തന്നെ ഉന്നതനും അറിവുള്ളവനുമാണെങ്കിലും അവനെ ആരെങ്കിലും ഉപദേശിക്കുകയോ ഗുണദോഷിക്കുകയോ ചെയ്താൽ അവൻ ദേഷ്യപ്പെടാനോ അനിഷ്ടം കാണിക്കാനോ പാടില്ല. മറിച്ച് വേഗത്തിൽ ആ ഉപദേശം സ്വീകരിക്കുകയും നന്ദി പറയുകയും ചെയ്യുകയാണ് വേണ്ടത്. തർക്ക കക്ഷികൾ രണ്ടുപേരും ദാവൂദ് നബി(അ)യെ ഉപദേശിക്കുന്നുണ്ട്. അദ്ദേഹം ഒരനിഷ്ടവും കാണിച്ചില്ല, കോപിച്ചതുമില്ല. അന്യായം ചെയ്യാൻ അത് കാരണമായില്ല. ശരിയായ ന്യായപ്രകാരം അദ്ദേഹം വിധിച്ചു.

സുഹൃത്തുക്കളും ബന്ധുക്കളുമായി ഇടപഴകുമ്പോഴും സാമ്പത്തിക ഇടപാടുകൾ ധാരാളമായി നിർവഹിക്കുമ്പോഴും അതിക്രമമുണ്ടാവുക സാധാരണമാണ്. 'അവർ ചിലർ ചിലരോട് അതിക്രമം കാണിച്ചു' എന്നു പറഞ്ഞത് അതാണ്. അല്ലാഹുവിനെക്കുറിച്ചുള്ള ശരിയായ സൂക്ഷ്മതയും ക്ഷമയുമാണ് ഇത്തരം അതിക്രമങ്ങളെ തടയുന്നത്. ശരിയായ വിശ്വാസംകൊണ്ടും സൽപ്രവൃത്തികൊണ്ടും പിടിച്ചുനിൽക്കണം. ഇത് വളരെ അപൂർവം ആളുകൾക്ക് മാത്രം കഴിയുന്നതാണ്.

പാപമോചനം, ആരാധനകൾ, പ്രത്യേകിച്ച് നമസ്കാരം എന്നിവ പാപങ്ങളെ മായ്ച്ചുകളയുന്നതാണ്. കാരണം ദാവൂദ് നബിയുടെ പാപമോചനത്തെ അല്ലാഹു അദ്ദേഹത്തിന്റെ പാപമോചന പ്രാർഥനയും സുജൂദുമായി ബന്ധിപ്പിച്ചു.

തന്റെ ദാസന്മാരായ ദാവൂദ് നബിക്കും സുലൈമാൻ നബിക്കും അല്ലാഹു നൽകിയ ആദരവാണ് മറ്റൊരു കാര്യം. അവന്റെ സാമീപ്യവും നല്ല പ്രതിഫലവും നൽകി ആദരിച്ചു. അവർക്ക് സംഭവിച്ച കാര്യങ്ങൾ കൊണ്ട് അല്ലാഹുവിന്റെ അടുക്കൽ അവർക്കുള്ള പദവി കുറഞ്ഞിട്ടില്ല. ഇത് നിഷ്കളങ്കരായ

തന്റെ ദാസന്മാർക്ക് അവൻ നൽകുന്ന സ്നേഹത്തിന്റെ ഭാഗമാണ്. പൊറുത്തുകൊടുക്കുമ്പോൾ ആ തെറ്റിന്റെ അനന്തരഫലങ്ങളെയും അവൻ ഇല്ലാതാക്കും, ആളുകളുടെ മനസ്സിലുണ്ടാകുന്ന സ്വാധീനം പോലും. കാരണം അവർക്ക് സംഭവിച്ച തെറ്റിനെക്കുറിച്ച് ജനങ്ങളറിയുമ്പോൾ അവരെക്കുറിച്ച് ജനങ്ങളുടെ മനസ്സിലുള്ള അവരുടെ സ്ഥാനം കുറയും. അതാണ് അല്ലാഹു നീക്കിക്കളഞ്ഞത്. ഔദാര്യവാനും പാപം പൊറുക്കുന്നവനുമായ അല്ലാഹുവിന് അത് തീരെ പ്രയാസകരമല്ല.

ജനങ്ങൾക്കിടയിൽ തീർപ്പുകൽപിക്കൽ മതപരമായ ഒരു പദവിയാണ്. പ്രവാചകന്മാരും മനുഷ്യരിൽ പ്രധാനികളുമാണ് അത് ഏറ്റെടുത്തിരിക്കുന്നത്. അത് ഏറ്റെടുക്കുന്നവൻ നീതിപൂർവം നിർവഹിക്കണം. തന്നിഷ്ടം നോക്കരുത്. ശരിയായി വിധിക്കാൻ മതപരമായ അറിവ് അനിവാര്യമാണ്. വിധിപറയുന്ന കാര്യത്തെക്കുറിച്ചും അറിവ് വേണം. അതെങ്ങനെ മതപരമായ വിധിയിൽ ഉൾപ്പെടുന്നെന്നും അറിയണം. ഇതിൽ ഏതെങ്കിലും ഒന്നറിയില്ലെങ്കിൽ വിധി ശരിയാവില്ല. ഈ ദൗത്യം ഏറ്റെടുത്ത് മുന്നോട്ടുപോകുന്നത് അദ്ദേഹത്തിന് അനുവദനീയമല്ല.

തന്റെ താൽപര്യങ്ങൾ വിധികളെ ബാധിക്കുന്നത് വിധികർത്താവ് ഭയപ്പെടണം. അതിനെ ഗൗരവപരമായി കാണണം. കാരണം ആരും അതിൽനിന്ന് മുക്തമല്ല. വരാതിരിക്കാൻ നന്നായി പരിശമിക്കണം. വിധി ന്യായപ്രകാരമാകണം എന്നതായിരിക്കണം ഉദ്ദേശ്യം. വിധി പറയുമ്പോൾ ദേഹേച്ഛയെ മാറ്റിനിർത്തണം. ഏതെങ്കിലും ഒരു കക്ഷിയോടുള്ള ഇഷ്ടമോ കോപമോ സ്വാധീനിക്കരുത്.

അല്ലാഹു ദാവൂദ് നബി(അ)ക്ക് നൽകിയ അനുഗ്രഹമാണ് സുലൈമാൻ നബി(അ). നല്ല സന്താനത്തെ നൽകുക എന്നത് ഒരു ദാസന് അല്ലാഹു നൽകുന്ന ഏറ്റവും വലിയ അനുഗ്രഹമാണ്. പണ്ഡിതനായ പിതാവാണെങ്കിൽ അത് വെളിച്ചത്തിനുമേൽ വെളിച്ചമാണ്.

സുലൈമാൻ നബി(അ)യെ അല്ലാഹു പ്രത്യേകം പുകഴ്ത്തുന്നു എന്നതാണ് മറ്റൊന്ന്.

نِعۡمَ ٱلۡعَبۡدُ إِنَّهُۥٓ أَوَّابٌ

“വളരെ നല്ല ദാസൻ. തീർച്ചയായും അദ്ദേഹം ധാരാളമായി ഖേദിച്ചുമടങ്ങുന്നവനാകുന്നു.”

തന്റെ ദാസന്മാർക്ക് അല്ലാഹു നൽകുന്ന ഗുണങ്ങളും അനുഗ്രഹങ്ങളും ഏറെയാണെന്നതാണ് മറ്റൊരു കാര്യം. അവരുടെ സൽപ്രവൃത്തിയും സൽസ്വഭാവവും കാരണം അവൻ നൽകിയ കാര്യത്തിൽ അവരെ പ്രശംസിക്കുകയും ചെയ്യുന്നു. അവൻ അത്യധികമായി നൽകുന്ന മഹാ ഔദാര്യവാൻ.

സുലൈമാൻ നബി(അ) എല്ലാറ്റിനെക്കാളും അല്ലാഹുവിനെയാണ് സ്നേഹിക്കുന്നത്. അല്ലാഹുവിൽനിന്ന് അശ്രദ്ധമാകുന്നതൊന്നും അവന്റെ ദാസനിൽനിന്ന് ഉണ്ടായിക്കൂടാ. അങ്ങനെയാണെങ്കിൽ അത് ഉപേക്ഷിക്കലാണ് അവന് ഏറ്റവും നല്ലത്. അല്ലാഹുവിനുവേണ്ടി ഉപേക്ഷിക്കുന്ന കാര്യത്തിന് അവൻ പകരം നൽകും എന്നൊരു തത്ത്വമുണ്ട്. അതും ഇവിടെ കാണാം. സുലൈമാൻ നബി(അ) തനിക്കേറ്റവും ഇഷ്ടപ്പെട്ട മുന്തിയതരം കുതിരകളെ അറുത്തു. അല്ലാഹുവിനോടുള്ള സ്നേഹത്തിന് മുൻഗണന നൽകി. അപ്പോൾ അല്ലാഹു അതിനെക്കാൾ ഉത്തമമായത് പകരം നൽകി. മൃദുലവും സമൃദ്ധവുമായ കാറ്റിനെ കീഴ്പ്പെടുത്തി നൽകി. അവ അദ്ദേഹം ഉദ്ദേശിക്കുന്നിടത്തേക്ക് അദ്ദേഹത്തിന്റെ നിർദേശപ്രകാരം സഞ്ചരിക്കും. പ്രഭാത സഞ്ചാരം ഒരു മാസത്തെ ദൂരവും അതിന്റെ സായാഹ്ന സഞ്ചാരം ഒരു മാസത്തെ ദൂരവുമാകുന്നു. പിശാചുക്കളെയും അദ്ദേഹത്തിന് കീഴ്പ്പെടുത്തി നൽകി. അവർ മനുഷ്യന് കഴിയാത്ത പല കാര്യങ്ങളും ചെയ്യാൻ കഴിവുള്ളവരാകുന്നു.

സുലൈമാൻ നബി(അ) ഒരു രാജാവും പ്രവാചകനുമാണ്. ഉദ്ദേശിച്ചതെന്തും ചെയ്യാനാവും. പക്ഷേ, ന്യായമല്ലാത്തതൊന്നും ചെയ്യില്ല. ഇത് മറ്റുള്ളവരിൽനിന്നുള്ള പ്രവാചകന്മാരുടെ വ്യത്യാസമാകുന്നു. അവരുടെ താൽപര്യങ്ങൾ അല്ലാഹുവിന്റെ നിർദേശങ്ങളെ ആശ്രയിച്ചാണ്. അവന്റെ കൽപനയില്ലാതെ ഒന്നും ചെയ്യുകയോ ചെയ്യാതിരിക്കുകയോ ഇല്ല. മുഹമ്മദ് നബി(സ്വ)യും ഇതുപോലെയാണ്. ■



ടി.കെ ത്വൽഹത്ത് സ്വലാഹി

# വാക്കുകൾ സൂക്ഷിക്കുക



അബൂഹുറയ്റ (റ) യിൽ നിന്ന് നിവേദനം; തിരുനബി(സ്വ) പറഞ്ഞു: "ഒരു അടിമ വ്യക്തമായി അറിയാത്ത (സംശയാസ്പദമായ) ചില വാക്കുകൾ സംസാരിക്കും; അതുമുഖേന അയാൾ കിഴക്ക് പടിഞ്ഞാറിന്നിടയിലുള്ള അകലത്തെക്കാൾ ആഴത്തിൽ നരകത്തിലേക്ക് വഴുതിവീഴും" (മുസ്‌ലിം)

നമ്മുടെ വിശ്വാസവും കർമവും സ്വഭാവവും ശരിയാക്കുന്നതോടൊപ്പം നമ്മുടെ ഓരോ വാക്കും നോക്കും വികാരങ്ങളും വിചാരങ്ങളും അല്ലാഹുവിന്റെ തൃപ്തിക്കും പ്രീതിക്കും എതിരാകാത്തതുമായിരിക്കണം. സത്യവിശ്വാസിയുടെ സ്വർഗവും നരകവും തീരുമാനിക്കപ്പെടുന്നതിൽ അവന്റെ സംസാരത്തിന് മുഖ്യമായ പങ്കുണ്ടെന്ന് പഠിപ്പിക്കുന്ന ഹദീസാണ് മുകളിൽ കൊടുത്തത്.

ഇസ്‌ലാം വിലക്കിയ, അല്ലാഹുവിന് തൃപ്തിയില്ലാത്ത 'ഒരു വാക്ക്' പറഞ്ഞതിന്റെ പേരിൽ പോലും നരകത്തിൽ പ്രവേശിക്കുന്നവരുണ്ടാകുമെന്നാണ് നബി(സ്വ) ഇതിലൂടെ പഠിപ്പിക്കുന്നത്. തെറ്റാണെന്ന് അറിയാത്തതിനാലോ, ഇത്തരം തെറ്റുകയുടെ ഗൗരവമറിയാത്തതിനാലോ, അറിയുമെങ്കിലും പറഞ്ഞു ശീലിച്ചതിനാലോ ധാരാളം തെറ്റായ പദപ്രയോഗങ്ങൾ നമ്മിൽ സംഭവിക്കാറുണ്ട്. ഇത്തരം കാര്യങ്ങളെ ഇസ്‌ലാം വളരെ ഗൗരവമായിട്ടാണ് കാണുന്നത്.

തെറ്റാണെന്ന് ഉറപ്പുള്ളതു മാത്രമല്ല, തനിക്ക് പ്രയോജനമില്ലാത്തതെല്ലാം ഉപേക്ഷിക്കുന്നവനാണ് നല്ല മുസ്‌ലിം. തിരുനബി(സ്വ) പഠിപ്പിച്ചു: 'തനിക്ക് ഉപകാരമില്ലാത്തത് ഉപേക്ഷിക്കുക എന്നത് ഒരാളുടെ ഇസ്‌ലാം നന്നാകുന്നതിൽ പെട്ടതാണ്.'

മറ്റൊരു ഹദീസിൽ ഇപ്രകാരം വന്നിട്ടുണ്ട്, നബി(സ്വ) പറഞ്ഞു: "താൻ കേട്ടതെല്ലാം പറയുക എന്നതു തന്നെ ഒരാളിൽ മതിയായ പാപമാണ്" (മുസ്‌ലിം). കേട്ടതെന്തും പറയുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർ ഗുരുതരമായ തെറ്റാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു: "നിങ്ങൾ നിങ്ങളുടെ നാവുകൾകൊണ്ട് അതേറ്റുപറയുകയും നിങ്ങൾക്കൊരു വിവരവുമില്ലാത്തത് നിങ്ങളുടെ വായകൊണ്ട് മൊഴിയുകയും ചെയ്തിരുന്ന സന്ദർഭം. അതൊരു നിസ്സാരകാര്യമായി നിങ്ങൾ ഗണിക്കുന്നു. അല്ലാഹുവിന്റെയടുക്കൽ അത് ഗുരുതരമാകുന്നു" (ക്വുർആൻ 24:15).

അറിയാത്ത കാര്യങ്ങളിൽ അഭിപ്രായം പറയാനും വിശദീകരിക്കാനും നിൽക്കുന്നവർക്ക് ഗുണത്തെക്കാളേറെ ദോഷമായിരിക്കും ഉണ്ടാവുക. തന്റെ ചെവിയിലെത്തുന്ന ഒരു വാർത്ത കേട്ട പാതി കേൾക്കാത്ത പാതി മറ്റുള്ളവർക്ക് കൈമാറാൻ വ്യഗ്രത കാണിക്കുന്നവർ സ്വന്തത്തിനുതന്നെ അപകടം വിളിച്ചുവരുത്തുന്നവരാണ്. ശരിയായ വാക്ക് മാത്രമെ പറയാവൂ എന്ന് അല്ലാഹു അനുശാസിച്ചിട്ടുണ്ട്: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ശരിയായ വാക്ക് പറയുകയും ചെയ്യുക" (ക്വുർആൻ 33:70).

നാം പറയുന്ന കാര്യങ്ങളെല്ലാം രേഖപ്പെടുത്തപ്പെടുന്നുണ്ടെന്നും അതിനെക്കുറിച്ചെല്ലാം ചോദിക്കപ്പെടുമെന്നുള്ള യാഥാർഥ്യം നാം മറക്കരുത്. വിശുദ്ധ ക്വുർആൻ ശക്തമായ താക്കീത് നൽകുന്നത് നോക്കൂ: "വലതുഭാഗത്തും ഇടതുഭാഗത്തും ഇരുന്നുകൊണ്ട് ഏറ്റുവാങ്ങുന്ന രണ്ടുപേർ ഏറ്റുവാങ്ങുന്ന സന്ദർഭം. അവൻ ഏതൊരു വാക്ക് ഉച്ചരിക്കുമ്പോഴും അവന്റെയടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകൻ ഉണ്ടാവാതിരിക്കുകയില്ല" (ക്വുർആൻ 50:17,18).

"നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്" (ക്വുർആൻ 17:36).

ഏതു കാര്യത്തിലും താൻ കണ്ടതിനും കേട്ടതിനുമപ്പുറം കാണാനും കേൾക്കാനും ബാക്കിയുണ്ടെന്ന തിരിച്ചറിവ് നല്ലതാണ്. അല്ലാഹു അനുഗ്രഹിക്കട്ടെ. ■

ശാഹുൽ പാലക്കാട്
: 97478 90521

ദൈവാസ്തിത്വവും ഭൗതിക സമവാക്യങ്ങളും 04

# സ്വയം നിലനിൽക്കൽ അനിവാര്യമായ അസ്തിത്വം

അനിവാര്യമായ ഒരു ആദികാരണം നിലനിൽക്കുന്നുവെങ്കിൽ തന്നെ അത് ദൈവമാണെന്ന് വാദിക്കാൻ ന്യായമെന്ത് എന്ന ചോദ്യം അവശേഷിക്കുന്നു. ഈ പ്രശ്നത്തെയാണ് ഗ്യാപ് പ്രോബ്ലം (gap problem) എന്ന് വിശേഷിപ്പിക്കുന്നത്. അതിനാൽ ഒരു necessary beingനെ സ്ഥാപിച്ചുകഴിഞ്ഞാൽ പിന്നെ ആ അനിവാര്യമായത് ദൈവമായിരിക്കണം എന്ന് സ്ഥാപിക്കലാണ് അവശേഷിക്കുന്ന രണ്ടാമത്തെ ഭാഗം.

## റിച്ചാർഡ് സ്വിൻബർണിന്റെ വാദം (Swinburne’s inductive contingency argument)

1) ഒരു നിശ്ചിത സ്വഭാവത്തിലുള്ള പ്രപഞ്ചം നിലനിൽക്കുന്നുണ്ട്.

2) പ്രപഞ്ചം സങ്കീർണവും ക്രമസ്വഭാവമുള്ളതും ആസൂത്രിതവുമാണ്. ജന്തു-മനുഷ്യനാഗരികതകൾക്ക് പരിണമിക്കാനും നിലനിൽക്കാനും കഴിയുന്ന പ്രകൃതമാണ് പ്രപഞ്ചത്തിന്. ലോകത്തെ സംബന്ധിച്ച ശരിയായ അറിവു നേടാനും അതനുസരിച്ച് പ്രവർത്തിക്കാനും കഴിവുള്ള മനുഷ്യർ ഇവിടെ ഉണ്ടായിരിക്കുന്നു.

3) ഇത്തരമൊരു പ്രപഞ്ചം ആസ്തികവാദം (theism) അനുസരിച്ച് സ്വാഭാവികവും നിരീശ്വരവാദം അനുസരിച്ച് അസ്വാഭാവികവുമാണ്.

4) ആയതിനാൽ പ്രപഞ്ചത്തിന് ചേരുന്ന വിശദീകരണം ആസ്തികവാദമാണ്. ഒരു സ്രഷ്ടാവ് ഉണ്ടെന്ന വിശ്വാസമാണ് യുക്തിപരം.

നാം ഇതുവരെ കണ്ടിഞ്ചൻസി ആർഗ്യുമെന്റിന്റെ ഏഴു വ്യത്യസ്തരൂപങ്ങളാണ് കണ്ടത്. പരാശ്രയ മുക്തമായ, സ്വയം നിലനിൽപുള്ള അനിവാര്യമായ ഒരു അനിവാര്യകാരണം കണ്ടിഞ്ചന്റ് ആയ ലോകത്തിന്റെ സൃഷ്ടിപ്പിനു പിന്നിൽ ഉണ്ടായിരിക്കണം എന്ന തീർപ്പിൽ അവസാനിക്കുന്നവയാണ് ഇവയെല്ലാം. ഇതുവരെയുള്ള ചർച്ചകളെ ഒന്നുകൂടി ലളിതമാക്കി മൂന്ന് സ്റ്റേജുകളാക്കി കാണാം:

(1) സർവ ഭൗതിക കാര്യങ്ങൾക്കും ഒരു വിശദീകരണം



ഉണ്ടെന്ന PSR തത്ത്വത്തെ സ്ഥാപിക്കുന്നു.

(2) സ്വയം വിശദീകരണം ഉള്ളവ അനിവാര്യ ഉണ്മയും മറ്റൊന്ന് കാരണമായി നിലനിൽക്കുന്നവ കണ്ടിഞ്ചന്റുമാണ് എന്ന് മനസ്സിലാക്കുന്നു.

(3) മറ്റൊന്നിനെ ആശ്രയിച്ചു മാത്രം നിലനിൽക്കുന്നവയുടെ കൂട്ടത്തിന് (മുഴുവൻ ഭൗതിക ലോകത്തിന്) നിലനിൽക്കാൻ അനിവാര്യമായ ബാഹ്യകാരണം വേണ്ടതായുണ്ടെന്ന തീർപ്പിലെത്തുന്നു.

(4) സ്വയം നിലനിൽപുള്ള, പരാശ്രയമുക്തവും അനിവാര്യവുമായ ഒരു necessary beingന്റെ സൃഷ്ടിയാണ് പ്രപഞ്ചമെന്ന് സ്ഥാപിക്കുന്നു.

പ്രപഞ്ചസൃഷ്ടിപ്പിന് കാരണമായി വർത്തിച്ച ആദിയും അനിവാര്യവുമായ ഒരു അസ്തിത്വത്തെ സ്ഥാപിക്കുകയാണ് കണ്ടിഞ്ചൻസി ആർഗ്യുമെന്റ്വഴി ദൈവത്തിൽ എത്തുന്നതിന്റെ ഒന്നാം ഭാഗമെന്ന് പറഞ്ഞല്ലോ. മുൻകഴിഞ്ഞ ചർച്ചകൾവഴി സംശയലേശമന്യേ ഒരാദികാരണം ഉണ്ടാകേണ്ടതിന്റെ അനിവാര്യതയാണ് നാം കണ്ടത്. സ്വയം നിലനിൽക്കൽ അനിവാര്യമായ അത്തരമൊരു അസ്തിത്വം ദൈവമായിരിക്കേണ്ടതുണ്ട് എന്ന് സ്ഥാപിക്കുക മാത്രമാണ് ഈ ചർച്ചയുടെ അവശേഷിക്കുന്ന ഭാഗം. അതിലേക്ക് കടക്കുന്നതിനു മുമ്പ് പ്രായോഗികമായി ഈ വാദങ്ങളെ ഉപയോഗിക്കുന്നതിലേക്ക് വരാം. ഉണ്മകളെ തത്ത്വചിന്തയിൽ മൂന്നായാണ് തരംതിരിക്കാറുള്ളത്.

Possible beings: കണ്ടിഞ്ചന്റ് ആയവയെ തന്നെ വിളിക്കാവുന്ന മറ്റൊരു പേരാണിത്. ഇവ നിലനിൽക്കുകയും നിലനിൽക്കാതിരിക്കുകയും ചെയ്യൽ സാധ്യമാണ്. ഉദാഹരണത്തിന്, ഈ പുസ്തകം-അത് നിലനിൽക്കുകയും നിലനിൽക്കാതിരിക്കുകയും സാധ്യമാണ്. ഒരു സമയത്തിനു മുമ്പ് ഇത് നിലനിന്നിരുന്നില്ല. പിന്നീട് ഇത് നിലനിൽക്കാൻ കാരണമായത് ബാഹ്യലോകമാണ്. ഭൗതികമായതെന്തിനും ഈ സ്വഭാവം ഉണ്ടെന്നും ആയതിനാൽ അവ possible/contingent beings ആണെന്നും പറയാം.

Impossible beings: നിലനിൽക്കുക സാധ്യമല്ലാത്തവ എന്നതിനെ വിശദീകരിക്കാം. ഉദാഹരണത്തിന്, വട്ടത്തിലുള്ള ത്രികോണം എന്ന സങ്കല്പം ഇംപോസിബിൾ ആണെന്ന് പറയാം. അങ്ങനെയൊന്ന് നിലനിൽക്കുക സാധ്യമല്ല. ഒരു വസ്തുവിന് ഒരേസമയം വട്ടവും ത്രികോണവും ആയിരിക്കാനാവില്ല.

Necessary being: നിലനിൽക്കൽ അനിവാര്യമായവ. ഇവ നിലനിൽക്കുന്നത് മറ്റൊന്ന് കാരണമായല്ല. മറിച്ച് സ്വയംതന്നെ നിലനിൽക്കുക അനിവാര്യമായ പ്രകൃതമുള്ളത് എന്ന് ഇതിനെ വിശദീകരിക്കാം.

ഇനി നാം ഏറ്റവും ലളിതമായ സത്യത്തിൽനിന്നും തുടങ്ങുന്നു. എന്തൊക്കെയോ നിലനിൽക്കുന്നുണ്ട് (something exists) എങ്കിൽ നിലനിൽക്കുന്നവയ്ക്ക് രണ്ട് പ്രകൃ

തം ഉണ്ടാവാനേ സാധ്യതയുള്ളൂ.

ഒന്ന്) ഈ നിലനിൽക്കുന്ന ലോകം പോസിബിൾ/കണ്ടിഞ്ചന്റ് ആണെന്നു പറയാം. കണ്ടിഞ്ചന്റ് എന്നാൽ മറ്റൊന്നിനെ ആശ്രയിച്ചു മാത്രം നിലനിൽക്കുന്നതാണ്. അപ്പോൾ കണ്ടിഞ്ചന്റ് ആയ ലോകം ഒരു നെസസ്സറി ബീയിങ്ങിനെ ആശ്രയിക്കുന്നുവെന്ന് വരും. അഥവാ പ്രപഞ്ചം കണ്ടിഞ്ചന്റ് ആണെന്ന് വാദിക്കുന്ന മനുഷ്യന് ഒരു നെസസ്സറി ബീയിങ്ങിനെ അംഗീകരിക്കേണ്ടതായി വരുന്നു.

രണ്ട്) പ്രപഞ്ചം നെസസ്സറി ആണെന്നും ഒരു നാസ്തികന് വാദിക്കാം. അപ്പോഴും ഒരു നെസസ്സറി ബീയിങ്ങിന്റെ അസ്തിത്വത്തെ വിശ്വസിക്കുകയാണ് നാസ്തികനായ വ്യക്തി ചെയ്യുന്നത്.

പിന്നെ ഈ പ്രപഞ്ചത്തിന് അനിവാര്യമാവുക (necessary being) സാധ്യമാണോ എന്ന ചർച്ചയിലൂടെ പ്രപഞ്ചം അനിവാര്യമല്ലെന്നും അതിനാൽ പ്രപഞ്ചത്തിന് കാരണമായ മറ്റെന്തോ ആണ് അനിവാര്യം എന്നും സ്ഥാപിക്കാം. ഉദാഹരണത്തിന്, പ്രപഞ്ചം പല ഭാഗങ്ങൾകൊണ്ട് നിർമിക്കപ്പെട്ടതാണ്. എങ്കിൽ അത്തരം ഭാഗങ്ങൾ ഒരു പ്രത്യേക രൂപത്തിൽ സംവിധാനിക്കപ്പെടാൻ ഉറപ്പായും ബാഹ്യകാരണങ്ങൾ വേണം. ഉദാഹരണത്തിന്, നമ്മുടെ മൊബൈൽ ഫോൺ ഒരു പ്രത്യേക രൂപത്തിൽ സംവിധാനിക്കപ്പെട്ടതാണ്. അത് ആ രൂപത്തിലാവാൻ നിശ്ചിത ബാഹ്യകാരണമുണ്ട്. അതിനാൽ പ്രപഞ്ചം കണ്ടിഞ്ചന്റ് ആണ്. ഇതിനെ ഇങ്ങനെ സംഗ്രഹിക്കാം:

1) Anything made up of Pieces is caused (ഭാഗങ്ങളാൽ നിർമിതമായവയ്ക്ക് കാരണമുണ്ട്).
2) The universe is made up of pieces (പ്രപഞ്ചം ഭാഗങ്ങളാൽ നിർമിതമാണ്).

> പ്രപഞ്ചത്തിനകത്തെ പരിമിത സ്വഭാവങ്ങൾ (arbitrary limit), ചലനം (motion) മാറ്റങ്ങൾ (change) അതിന്റെ തുടക്കം (beginning) തുടങ്ങിയ കണ്ടിഞ്ചന്റ് ആയ സ്വഭാവങ്ങളിൽനിന്നെല്ലാം പ്രപഞ്ചം necessary അല്ലെന്നും അതിന്റെ നിലനിൽപിന് അനിവാര്യമായ ഒരു ആദികാരണത്തെ ആശ്രയിക്കുന്നുണ്ട് എന്നും തെളിയിക്കാനാവും

3) Therefore the universe is caused (ആയതിനാൽ പ്രപഞ്ചത്തിന് ബാഹ്യ കാരണമുണ്ട്).

ചിലപ്പോൾ പ്രപഞ്ചം അനന്തമാണെന്നും ഈ പ്രപഞ്ചത്തിനു മുമ്പ് മറ്റൊരു പ്രപഞ്ചം, അതിനുമുമ്പ് മറ്റൊന്ന് എന്നിങ്ങനെ ഈ ലോകം അനന്തമാണെന്നും ഒരു നാസ്തികൻ വാദിച്ചേക്കാം, അപ്പോഴും ഈ പ്രശ്നം ബാധകമാണ്.

1) Anything made up of pieces is caused (ഭാഗങ്ങളിൽ നിർമിതമാകുന്നവയ്ക്ക് കാരണമുണ്ട്).
2) An infinite multiverse is made up of pieces (അനന്തമായ ബാഹ്യപ്രപഞ്ചങ്ങൾ ഭാഗങ്ങളാൽ നിർമിതമാണ്).
3) Therefore and infinite multiverse is caused (ആയതിനാൽ അനന്തമായ ബഹുപ്രപഞ്ചങ്ങൾക്ക് ബാഹ്യകാരണമുണ്ട്).

എന്നതുപോലെ ഭാഗങ്ങളെ ആശ്രയിച്ച് മാത്രമാണ് ഏതൊരു ഭൗതിക അവസ്ഥയുടെയും നിലനിൽപ്. ഭാഗങ്ങൾ ഇല്ലെങ്കിലോ ഭാഗങ്ങൾ നശിപ്പിക്കപ്പെട്ടാലോ അവയ്ക്ക് നിലനിൽപില്ല. ഭാഗങ്ങൾ എടുത്തുമാറ്റിയാൽ പിന്നെ ഫോൺ ഇല്ലാതാകുന്ന പോലെ. ഇതിൽനിന്നും മറ്റൊരു വാദം കൂടി മുന്നോട്ടു വയ്ക്കാം:

1) Everything made up of Pieces is dependent (ഭാഗങ്ങളാൽ നിർമിതമായവ നിലനിൽപിന് ആ ഭാഗങ്ങളെ ആശ്രയിക്കുന്നു).
2) an infinite multiverse made up of pieces (അനന്തമായ ബാഹ്യപ്രപഞ്ചങ്ങൾ ഭാഗങ്ങളാൽ നിർമിതമാണ്).
3) Therefore and infinite multiverse is dependent (അതിനാൽ അനന്തമായ ബാഹ്യ പ്രപഞ്ചങ്ങൾ ഭാഗങ്ങളിൽ ആശ്രിതമായി നിലനിൽക്കുന്നവയാണ്).

ഭാഗങ്ങളാൽ നിർമിതമായവയ്ക്ക് ഒരിക്കലും നെസസ്സറി ആകാൻ കഴിയില്ല എന്നതിന് മറ്റൊരു കാരണംകൂടി നോക്കാം:

1) Anything that could be conceived of otherwise in abstraction was arranged by something else .

മറ്റൊരു രൂപത്തിൽ കൂടി സംവിധാനിക്കാവുന്ന ഒന്ന് ഒരു

പ്രത്യേക രൂപത്തിൽ നിർമിതമായതിന് കാരണമുണ്ടാവണം. ഉദാഹരണത്തിന്, ABCD എന്ന സെറ്റിനെ നോക്കുക. ABCD എന്നിവയ്ക്ക് നിലനിൽക്കാമെങ്കിൽ CDBA എന്ന രൂപത്തിലേക്ക് അവയെ പുനക്രമീകരിക്കാം. ഇങ്ങനെ നിരവധി ക്രമീകരണങ്ങൾ സാധ്യമാണ് എന്നിരിക്കെ ഒരു നിശ്ചിത ക്രമീകരണത്തിൽതന്നെ നിലവിൽവരാൻ കാരണമായതെന്തോ അവിടെ നിലനിന്നിരിക്കണം.

2) An infinite multiverse could be conceived otherwise in abstraction (അനന്ത പ്രപഞ്ചങ്ങളെ മറ്റൊരുതരത്തിലും ക്രമീകരിക്കുക ബുദ്ധിപരമായി സാധ്യമാണ്).

3) Therefore and infinite multiverse was arranged by something else (ആയതിനാൽ അനന്തമായ ബാഹ്യ പ്രപഞ്ചങ്ങൾ ഈ രൂപത്തിൽ സംവിധാനിക്കപ്പെട്ടിരിക്കുന്നതിനും ബാഹ്യകാരണമുണ്ട്).

ഇതിൽനിന്നും മനസ്സിലാകുന്നത് ഭാഗങ്ങളാൽ നിർമിതമല്ലാത്ത എന്തോ ഒന്നാണ് പ്രപഞ്ചത്തിന്റെ മൂലകാരണം (necessary being) എന്നാണ്. ഈ ചർച്ചയുടെ ആദ്യഭാഗത്ത് എന്താണ് കണ്ടിഞ്ചന്റ് എന്നും അവയുടെ സ്വഭാവങ്ങൾ എന്തെല്ലാമായിരിക്കുമെന്നും പറഞ്ഞത് ശ്രദ്ധിക്കുമല്ലോ. അവിടെ ഭാഗങ്ങളാൽ നിർമിതമായവ കണ്ടിഞ്ചന്റ് ആയിരിക്കുമെന്ന് പറഞ്ഞിരുന്നു. ആ 'ഒരു' ഗുണത്തെ ആശ്രയിച്ച് പ്രപഞ്ചം കണ്ടിഞ്ചന്റ് ആണെന്ന് തെളിയിക്കുക മാത്രമാണ് ഇവിടെ ചെയ്തത്. ഈ സ്വഭാവത്തിൽ പ്രപഞ്ചത്തിനകത്തെ പരിമിത സ്വഭാവങ്ങൾ (arbitrary limit), ചലനം (motion) മാറ്റങ്ങൾ (change) അതിന്റെ തുടക്കം (beginning) തുടങ്ങിയ കണ്ടിഞ്ചന്റ് ആയ സ്വഭാവങ്ങളിൽനിന്നെല്ലാം പ്രപഞ്ചം necessary അല്ലെന്നും അതിന്റെ നിലനിൽപിന് അനിവാര്യമായ ഒരു ആദികാരണത്തെ ആശ്രയിക്കുന്നുണ്ട് എന്നും തെളിയിക്കാനാവും. ഇവയെ ഇങ്ങനെ ചുരുക്കിപ്പറയാം:


1) പ്രപഞ്ചം കണ്ടിഞ്ചന്റ് ആണ്.

2) കണ്ടിഞ്ചന്റ് ആയവ എന്തുകൊണ്ട് നിലനിൽക്കുന്നു എന്നതിന് ബാഹ്യമായ വിശദീകരണവും കാരണവും വേണം.

3) പ്രപഞ്ചം നിലനിൽക്കുന്നതിന് പിറകിൽ കണ്ടിഞ്ചന്റ് അല്ലാത്ത കാരണമുണ്ട്.

4) കണ്ടിഞ്ചന്റ് അല്ലാത്ത കാരണം നെസസ്സറിയാണ്.

5) നെസസ്സറിയായ ഒരു ഉണ്മയുടെ സൃഷ്ടിപ്പാണ് പ്രപഞ്ചം.



## ദി ഗ്യാപ്പ് പ്രോബ്ലം

ഇതുവരെയുള്ള ചർച്ചകളുമായി അധികം ആധുനിക തത്ത്വചിന്തകർക്കും എതിരഭിപ്രായമില്ല. നാസ്തികലോകത്തെ ജീവിച്ചിരിക്കുന്നവരിൽ വലിയ തത്ത്വചിന്തകനായ ഗ്രഹാം ഓപ്പിയുടെ തന്നെ നിലവിലെ അഭിപ്രായത്തിൽ ഒരു അനിവാര്യ ഹേതു (necessary being) ഉണ്ടെന്നാണ്. എന്നാൽ ആ ആദികാരണവും ഭൗതികമായതെന്തോ മാത്രമാണ് എന്ന് സ്ഥാപിക്കാൻ മാത്രമാണ് അദ്ദേഹം അടക്കമുള്ള നാസ്തികരുടെ ശ്രമം.

ചുരുക്കത്തിൽ, അനിവാര്യമായ ഒരു ആദികാരണം നിലനിൽക്കുന്നുവെങ്കിൽ തന്നെ അത് ദൈവമാണെന്ന് വാദിക്കാൻ ന്യായമെന്ത് എന്ന ചോദ്യം അവശേഷിക്കുന്നു. ഈ പ്രശ്നത്തെയാണ് ഗ്യാപ്പ് പ്രോബ്ലം (gap problem) എന്ന് വിശേഷിപ്പിക്കുന്നത്. അതിനാൽ ഒരു necessary beingനെ സ്ഥാപിച്ചുകഴിഞ്ഞാൽ പിന്നെ ആ അനിവാര്യമായത് ദൈവമായിരിക്കണം എന്ന് സ്ഥാപിക്കലാണ് അവശേഷിക്കുന്ന രണ്ടാമത്തെ ഭാഗം.

സാധാരണയായി ഫിലോസഫിക്കൽ ലിറ്ററേച്ചറുകളിൽ ഉള്ളത് ഈ രണ്ട് സ്റ്റെപ്പുകളാണ്. അവ സ്ഥാപിക്കുന്നതിലൂടെ തന്നെ ദൈവമുണ്ടെന്ന തീർപ്പിൽ അത് എത്തുകയും ആയതിനാൽ നാസ്തികത തത്ത്വചിന്താപരമായി തെറ്റാണെന്ന് തെളിയിക്കപ്പെടുകയും ചെയ്യുന്നു.

*(തുടരും)*

മൂസ സ്വലാഹി കാര
: 97473 45768

സമസ്തയുടെ നൂറാം ആണ്ടും തീരാത്ത പാരമ്പര്യാവകാശ തർക്കങ്ങളും 02

# തീരാത്ത മൂപ്പിളമത്തർക്കം



സംഘടനാവിഭജനത്തിന് പ്രധാന ഹേതുവായ എറണാകുളം സമ്മേളനത്തിന് കണ്ണിയത്ത് നൽകിയ ആശീർവാദം കാണുക: "എനിക്ക് ഇപ്പോൾ തീരെ സുഖമില്ല. ഇൻശാ അല്ലാഹ് സാധിച്ചെങ്കിൽ ഞാനും ഈ സമ്മേളനത്തിന് പങ്കെടുക്കും. തങ്ങൾ എനിക്കുവേണ്ടി ദുആ ചെയ്യണം. ഇത് സുന്നികളുടെ സമ്മേളനമാണ്. തങ്ങൾ നിർബന്ധമായും പോകണം. എപിയും അവേലത്ത് തങ്ങളും സമ്മേളനത്തിന് വരില്ലേ? അവരോട് പ്രാർത്ഥിക്കാൻ പറയണം" (സുന്നിവോയ്സ്/2018 നവംബർ 16-30/പേജ് 29).

പാരമ്പര്യ വിഷയത്തിൽ പൊന്മള മുസ്‌ലിയാർ പറയുന്നു: "വിവാദമായ ത്വലാഖ് ഫത്‌വയിൽ വിഘടിത സമസ്ത സെക്രട്ടറി ഒ.കെ ഉസ്താദിനെതിരിൽ വന്നതോടെ ഈ വിഭാഗത്തിന് പാരമ്പര്യം അവകാശപ്പെടാൻ ഒരു അർഹതയുമില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു" (സിറാജ്/1999 ഏപ്രിൽ 19, തിങ്കൾ).ഈ വിവരണങ്ങളിൽ ഏതെങ്കിലും ഒന്ന് അല്ലെങ്കിൽ രണ്ടും കളവ് എന്നല്ലാതെ മറ്റെന്ത് പറയാൻ കഴിയും? മറ നീക്കി പൂർണസത്യം പുറത്തുവിടാൻ പിളർപ്പിന്റെ അനുഭവസ്ഥരായ പുരോഹിതന്മാർ തന്നെ മുതിരുന്നില്ല എന്നതാണ് ഏറ്റവും പുതിയ എഴുത്തുകളും തെളിയിക്കുന്നത്.

"ഒരു നൂറ്റാണ്ടുകാലം മുസ്‌ലിം കേരളത്തിന്റെ ആത്മീയ ചാലകശക്തിയായി ശോഭിച്ച സമസ്തയുടെ നൂറാം വാർഷികം 2016ലെ സമസ്ത 90-ാം വാർഷിക വേദിയിൽ തന്നെ പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ പ്രഖ്യാപിച്ചതാണ്. എന്നാൽ ഇന്നലത്തെ മഴയിൽ മുളച്ചുപൊന്തിയ ചിലർ സമസ്തയോട് കിടപിടിക്കുന്നതിന് വേണ്ടി 37ൽ നിന്നും നൂറിലേക്ക് ചാടി സമ്മേളനത്തിന് കാൽ നാട്ടുന്നത് ധാർമികവും വിവേകവുമല്ല. വസ്തുതകൾക്ക് നിരക്കാത്ത സകലതും പടച്ചുവിട്ട് തുള്ളിച്ചാടുന്ന കള്ളനാണയങ്ങളെ മുസ്‌ലിം സമൂഹം തിരിച്ചറിയുക തന്നെ ചെയ്യും. ഒരു നൂറ്റാണ്ടുകാലം ഉമ്മത്തിനെ വഴി നടത്തിയ സമസ്ത കേരള ജംഇയ്യത്തുൽ ഉലമക്ക് മാത്രമാണ് നൂറാം വാർഷികം ആഘോഷിക്കാനുള്ള അർഹത" (സുന്നിഅഫ്കാർ/2024 ജനുവരി 1/ പേജ് 41).

"എസ്‌വൈഎസ്, എസ്‌എ

സ്എഫ് പോലുള്ള സംഘടനകളും സിറാജ്, സുന്നിവോയ്സ്, രിസാല പോലുള്ള പ്രസിദ്ധീകരണങ്ങളും സമസ്തയുടെ ഓരം ചേർന്നു നിന്ന് ദീനീ പ്രചാരണ രംഗത്ത് സജീവമായി നിലകൊള്ളുന്നു. അങ്ങനെ ഉമ്മത്തിനെ ശരിയായ പാതയിൽ വഴിനടത്തുന്ന കാഴ്ച എത്ര മനോഹരമാണ്. അഹ്ലുസ്സുന്നയുടെ ഇന്ത്യൻ നായകൻ അഹ്മദ് റിളാഖാൻ ബറേൽവി(റ) രൂപം നൽകിയ ത്രിവർണ ധ്വജം ഇന്നും ഈ പ്രസ്ഥാനം അഭിമാനപൂർവം നെഞ്ചേറ്റുന്നു. വാനിലുയർത്തുകയും ചെയ്യുന്നു. അൽഹംദുലില്ലാഹ്. 2026ൽ സമസ്തക്ക് ഒരു നൂറ്റാണ്ട് തികയുകയാണ്. നൂറാം വാർഷികാഘോഷങ്ങളുടെ പ്രഖ്യാപന മഹാസംഗമം ഡിസംബർ 30ന് കാസർകോട് വെച്ച് നടക്കാനിരിക്കുന്നു(ഇ.അ). ഈ വഴിവിളക്ക് ഇനിയും ഉജ്ജ്വലമായി പ്രഭവിതറട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം” (സുന്നിവോയ്സ്/2023 ഡിസംബർ 16-31/പേജ് 5).

സത്യത്തെ നിരാകരിക്കുകയും പണ്ഡിത മഹത്തുക്കളെ വേദനിപ്പിക്കുകയും ആത്മാർഥതയുള്ള പ്രബോധകരെ വേട്ടയാടുകയും ചെയ്തതിന്റെ ദുരന്തഫലമാകാം ഇവരിന്നനുഭവിക്കുന്നത്. സമസ്തയിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന പിളർപ്പുകൾ സമസ്ത മുസ്‌ലിയാക്കന്മാരെയും അനുയായികളെയും മൊത്തത്തിൽ അലോസരപ്പെടുത്തുന്ന വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. വലിയ വിശേഷണങ്ങൾ നൽകി, അഭിമാനമായി കൊണ്ടുനടക്കുന്ന ഉസ്താദുമാരെ സമൂഹമധ്യത്തിലിട്ട് തട്ടിക്കളിക്കുന്ന തിരക്കിലാണ് തലമുതിർന്ന നേതാക്കൾ. കാന്തപുരം പക്ഷക്കാരനായ എം.എ അബ്ദുൽ ഖാദിർ മുസ്‌ലിയാർ സങ്കടം തുളുമ്പുന്ന വാക്കുകൾകൊണ്ട് പ്രശ്നാന്തരീക്ഷത്തെ ഓർക്കുന്നത് കാണുക:

“നിയന്ത്രിക്കാൻ ബാധ്യതപ്പെട്ടവർ നിയന്ത്രിക്കാതെയും രഹസ്യമായി ചെയ്യാവുന്ന കാര്യം അനിയന്ത്രിമാക്കുകയും ചെയ്തവർ മാപ്പർഹിക്കുന്നില്ലെന്ന കാര്യം രേഖപ്പെടുത്താതെ നിവൃത്തിയില്ല. സമസ്ത ഓഫീസ് കൈയേറി, സെക്രട്ടറിയെ കൈയേറ്റം ചെയ്തു എന്നീ തലക്കെട്ടുകളിട്ട് പിറ്റേദിവസം ചില പത്രമാധ്യമങ്ങളെ ഒരു കക്ഷി ഉപയോഗപ്പെടുത്തുകയായിരുന്നു. ഫസൽ തങ്ങളുടെ വീട്ടിൽ വേദന കടിച്ചിറക്കിയിരുന്ന ഞങ്ങൾ രണ്ടുപേരും മുഖത്തോടു മുഖം നോക്കി അസഹനീയതയോടെ സ്ഥലം വിട്ടത് ഇന്നും മനോമുകുരത്തിൽ തളം കെട്ടി നിൽക്കുന്നു. എന്നാൽ സ്ഥലത്ത് ഉണ്ടായിട്ടില്ലെന്നു മാത്രമല്ല എനിക്കു മുഖപരിചയം പോലുമില്ലാത്ത ഒരു എംഎൽഎയും ഈ വിനീതനും അതിനു നേതൃത്വം നൽകിയെന്നു കെട്ടുകഥയുണ്ടാക്കി പ്രചരിപ്പിക്കാൻ പോലും പിശാച് ചിലർക്കു പ്രചോദനം നൽകിയതോർത്തു വിലപിക്കുകയല്ലാതെ നിവൃത്തിയുണ്ടായില്ല. ഏതായാലും നാട്ടിക മൂസ മൗലവിയുടെ പത്രപ്രസ്താവന മുഖേന തടിച്ചുകൂടിയ ജനങ്ങൾ തമ്മിൽ ഉരസലുണ്ടായെങ്കിൽ അതു നിയന്ത്രിക്കേണ്ട നേതാക്കൾ അവസരോചിതം വേണ്ടതു ചെയ്യാതെ നിരപരാധികളുടെ മേൽ പഴിചാരാൻ മുതിർന്നതും അവർക്കു നേതൃത്വം കൊടുത്തതും അനന്തരം ജനങ്ങൾ ചേരിതിരിഞ്ഞു സുന്നീ അണികളെ ശിഥിലീകരിക്കാനിടവരുത്തിയെന്ന യാഥാർത്ഥ്യവും വിസ്മരിക്കാൻ കഴിയാത്തതാണ്. അതിന് ഉത്തരവാദികളായവർ റബ്ബിന്റെ കോടതിയിൽ മറുപടി പറയട്ടെയെന്നു സമാധാനിക്കുക മാത്രമേ നിർവാഹമുള്ളൂ” (സമസ്തയുടെ ചരിത്രം/എംഎ/പേജ് 135,136).

സത്യത്തെ നിരാകരിക്കുകയും പണ്ഡിത മഹത്തുക്കളെ വേദനിപ്പിക്കുകയും ആത്മാർഥതയുള്ള പ്രബോധകരെ വേട്ടയാടുകയും ചെയ്തിന്റെ ദുരന്തഫലമാകാം ഇവരിന്നനുഭവിക്കുന്നത്. സമസ്തയിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന പിളർപ്പുകൾ സമസ്ത മുസ്‌ലിയാക്കന്മാരെയും അനുയായികളെയും മൊത്തത്തിൽ അലോസരപ്പെടുത്തുന്ന വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. വലിയ വിശേഷണങ്ങൾ നൽകി, അഭിമാനമായി കൊണ്ടുനടക്കുന്ന ഉസ്താദുമാരെ സമൂഹമധ്യത്തിലിട്ട് തട്ടിക്കളിക്കുന്ന തിരക്കിലാണ് തലമുതിർന്ന നേതാക്കൾ.

അന്നത്തെ മുശാവറയിൽനിന്ന് പതിനൊന്ന് പേരാണ് ഇറങ്ങിയതെന്നുകൂടി ഇദ്ദേഹം വ്യക്തമാക്കുന്നത് കാണുക: “ഭൂരിപക്ഷത്തിന്റെ ഹുങ്കിൽ തീരുമാനം പാസ്സാക്കൊനൊരിങ്ങിയപ്പോൾ 95 ശതമാനം അല്ലാഹുവില്ലെന്നു പറഞ്ഞാൽ അതു സ്വീകരിക്കണമെന്നാണോ വാദം എന്നു ചോദിച്ചുകൊണ്ട് ഉള്ളാൾ തങ്ങളുടെ നേതൃത്വത്തിൽ ഞങ്ങൾ പതിനൊന്നാളുകളും ഇറങ്ങിപ്പോരുകയാണ് ചെയ്തത്. ഉള്ളാൾ സയ്യിദ് അബ്ദുറഹ്മാൻ അൽബുഖാരി, കാന്തപുരം എപി അബൂബക്ർ മുസ്‌ലിയാർ, എവി മാനുപ്പ മുസ്‌ലിയാർ, അണ്ടോണ അബ്ദുല്ല മുസ്‌ലിയാർ, സി അബ്ദുറഹ്മാൻ മുസ്‌ലിയാർ നെടിയനാട്, കെപി ഹംസ മുസ്‌ലിയാർ ചിത്താരി, അണ്ടോണ മുഹ്‌യിദ്ദീൻ മുസ്‌ലിയാർ, ഇമ്പിച്ചി മുസ്‌ലിയാർ, പിഎ അബ്ദുല്ല മുസ്‌ലിയാർ, സിഎം അബ്ദുല്ല മുസ്‌ലിയാർ ചെമ്പരിക്ക, എംഎ അബ്ദുൽ ഖാദിർ മുസ്‌ലിയാർ എന്നിവരായിരുന്നു ഇറങ്ങിപ്പോന്ന പതിനൊന്നു മെമ്പർമാർ. നിയമാനുസൃതം പറഞ്ഞാൽ മുശാവറയുടെ കോറമായിരുന്ന പതിനൊന്നു പേരാണ്

അന്നിറങ്ങിപ്പോന്നത്. രണ്ടുപേർ തിരക്കിട്ടു സ്ഥലം വിട്ടെങ്കിലും ബാക്കി ഒമ്പതു പേർ പത്രക്കാരെ വിളിച്ചു പത്രസമ്മേളനം നടത്തി എഴുതി ഒപ്പിട്ടു കൊടുത്താണു സ്ഥലം വിട്ടിരുന്നത്. അന്ന് യോഗത്തിൽ സംബന്ധിക്കാതിരുന്ന എൻ. ബാവ മുസ്‌ലിയാർ വൈലത്തൂരും ഉള്ളാൾ തങ്ങളെ അധ്യക്ഷ സ്ഥാനത്തുനിന്നു മാറ്റിയത് ഇഷ്ടപ്പെടാതെ നേരത്തെ ഇറങ്ങിപ്പോന്ന ഷിറിയ ആലിക്കുഞ്ഞി മുസ്‌ലിയാരും പിന്നീട് ഞങ്ങൾക്കൊപ്പം ചേർന്നു. അതിനുശേഷം അവർക്കിഷ്ടമുള്ളതു പാസ്സാക്കുകയും പിന്നീടു ഞങ്ങളെ പിരിച്ചുവിടുന്നതായി പ്രസ്താവനയിറക്കി അപമാനിക്കുകയുമാണു ചെയ്തത്" (സമസ്തയുടെ ചരിത്രം/പേജ് 139,140).

മറുഭാഗം സമസ്ത അവരുടെ ന്യായം നിരത്തി ഇതിനെ ഖണ്ഡിക്കുന്നതു കാണുക:

"1986ന് ശേഷം കത്തിനിന്ന ശരീഅത്ത് പ്രശ്നമാണ് സമസ്തയിൽ പ്രകമ്പനം സൃഷ്ടിച്ച മറ്റൊരു വിഷയം. ശരീഅത്ത് വിവാദ കാലത്ത് എല്ലാ മുസ്‌ലിം സംഘടനകളെയും സംഘടിപ്പിച്ചു കോഴിക്കോട് ശരീഅത്ത് സംരക്ഷണ സമ്മേളനം നടന്നപ്പോൾ ഇതരപ്രസ്ഥാന നേതാക്കളോടൊപ്പം സമസ്തയുടെ ജനറൽ സെക്രട്ടറി ശംസുൽ ഉലമ വേദി പങ്കിട്ടു എന്നതായിരുന്നു ചിലർ ഉയർത്തിക്കാണിച്ച പ്രശ്നം. അക്കാരണം ചൂണ്ടിക്കാട്ടി അവർ സംഘടനയിൽ കലാപം സൃഷ്ടിച്ചു. സുന്നി യുവജന സംഘത്തിന്റെയും വിദ്യാർത്ഥി ഘട്ടമായ സുന്നീ സ്റ്റുഡന്റ്സ് ഫെഡറേഷന്റെയും നേതൃത്വത്തിലുള്ളവരായിരുന്നു അതിനു ചുക്കാൻ പിടിച്ചത്. പല മസ്ലഹത്ത് ശ്രമങ്ങളും നടന്നിരുന്നെങ്കിലും വിജയിച്ചില്ല. 1989 ജനുവരി 19-22ന് എസ്‌വൈഎസ് നേതൃത്വം സമസ്ത മുശാവറയുടെ തീരുമാനം ധിക്കരിച്ചുകൊണ്ട് എറണാകുളത്ത് സമ്മേളനം നടത്തിയതോടെ സംഘടനാ രംഗം കലുഷിതമായി.

അതിനു വേണ്ടി ചരടുവലികൾ നടത്തിയ കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാരും ഉള്ളാൾ കുഞ്ഞിക്കോയ തങ്ങളും ഉൾപ്പെടെ ആറു പേർ സമസ്ത മുശാവറയിൽ നിന്നു ഇറങ്ങിപ്പോവുകയും സമസ്തയുടെ പേരിൽ മുശാവറയും കീഴ്ഘടകങ്ങളും രൂപീകരിക്കുകയുമായിരുന്നു പിന്നീട്. അതോടെ കേരളത്തിലെ സുന്നീ സമൂഹം രണ്ടു ചേരികളിലായി'' (മുഖ്യധാരയും വിഘടിത ചേരികളും/ പി.എ സ്വാദിഖ് ഫൈസി താനൂർ/ പേജ് 294).

എപിക്കാർ പറയുന്നു: "ആധുനിക കാലത്തിന്റെ മാനസികാവസ്ഥ കണ്ടറിഞ്ഞുള്ള പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും സുന്നീ വിദ്യാഭ്യാസ ബോർഡ് തയാറാക്കുകയും വിവിധ ഭാഷകളിലേക്ക് പുസ്തകം തയാറാക്കി ഇതര സ്റ്റേറ്റുകളിൽ കൂടി വിതരണം ചെയ്യാനും അത് അഖിലേന്ത്യാ തലത്തിൽ വ്യാപിപ്പിക്കാനും കഴിഞ്ഞു. ഉറുദു ഭാഷയിലുള്ള പാഠപുസ്തകങ്ങൾ മുഖേന ഇന്ത്യയുടെ മൊത്തം മത വിദ്യാഭ്യാസ മേഖലയിൽ വ്യാപകമാക്കാനും അതു സഹായിച്ചുവെന്ന് ചാരിതാർത്ഥ്യത്തോടെ അനുസ്മരിക്കട്ടെ. സുന്നീ വിദ്യാഭ്യാസ ബോർഡിന്റെ കേരളാഘടകം സെക്രട്ടറിയെന്ന നിലക്ക് പ്രസിഡണ്ട് സയ്യിദ് അവേലത്ത് അബ്ദുൽ ഖാദിർ അഹ്ദൽ തങ്ങളോടും ഖജാൻജി മൗലാനാ എ.പി അബൂബക്കർ മുസ്‌ലിയാരോടും കൈകോർത്തു നീങ്ങുകയും അഖിലേന്ത്യാ തലത്തിൽ വിനീതനായ ഈയുള്ളവൻ പ്രസിഡണ്ടും പാറ്റ്നയിലെ പ്രസിദ്ധ പണ്ഡിതനും മുഫ്തിയും നവീന വാദികളുടെ കണ്ഠകോടാലിയുമായ മൗലാനാ മുഫ്തി മുതീഉറഹ്മാൻ സെക്രട്ടറിയുമായി ഡൽഹി ആസ്ഥാനമായി ഓഫീസ് പ്രവർത്തനം നടത്താനും പ്രസ്തുത വഴിത്തിരിവ് പ്രചോദനമായിത്തീർന്നത് പുളകത്തോടുകൂടി രേഖപ്പെടുത്തട്ടെ" (സമസ്തയുടെ ചരിത്രം/പേജ് 141,142).

ഈ പുകഴ്ത്തുപാട്ടിനെ ഇ.കെ വിഭാഗം തള്ളിക്കളയുന്നത് കാണുക: "കേരള മുസ്‌ലിംകളിൽ മഹാഭൂരിപക്ഷവും ഇപ്പോഴും കാളമ്പാടി മുഹമ്മദ് മുസ്‌ലിയാരും ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാരും നേതൃത്വം നൽകുന്ന സമസ്ത കേരള ജംഇയ്യത്തുൽ ഉലമായോടൊപ്പമാണ്. മറ്റു സംഘടനകൾക്കെല്ലാം ധാരാളം പള്ളികളും സ്ഥാപനങ്ങളുമെല്ലാം ഉണ്ടെങ്കിലും സമുദായത്തിന്റെ അടിസ്ഥാന യൂണിറ്റായ മഹല്ലുകളിൽ സമസ്തക്കാണ് ആധിപത്യം. കേരളത്തിലെ ആധികാരിക പരമോന്നത പണ്ഡിത പ്രസ്ഥാനമായി മലയാളികൾ ഇപ്പോഴും നോക്കിക്കാണുന്നത് സമസ്തയെ തന്നെയാണെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. കേരളക്കരക്കു ലഭിച്ച മഹാ അനുഗ്രഹമാണീ സംഘശക്തി. മുസ്‌ലിം കേരളത്തിന്റെ ഈമാനിനു കാവൽ നിൽക്കുന്ന ഈ പണ്ഡിതസഭ എന്നും നമുക്ക് ആശയും പ്രതീക്ഷയുമാണ്. ഊർജ്ജവും ഉന്മേഷവുമാണ്. താങ്ങും തണലുമാണ്" (മുഖ്യധാരയും വിഘടിത ചേരികളും/പേജ് 295).

സമസ്തയുടെ ചരിത്രം എഴുതുന്നവർ പോലും പറയാൻ മടിക്കുന്ന ഇത്തരം അവകാശവാദങ്ങൾ അവരുടെ രേഖകളിൽനിന്ന് എടുത്തുദ്ധരിക്കുന്നത് ഇത്തരക്കാരുടെ പുറംമോടി കണ്ട് വഞ്ചിതരായവർ സമസ്തയുടെ അകം അപകടങ്ങൾ കൊണ്ട് അലംകൃതമാണെന്ന് തിരിച്ചറിയാനും ഭൂരിപക്ഷ വാദികൾ നിരീക്ഷിക്കപ്പെടാനും വേണ്ടിയാണ്. നൂറിന്റെ അവകാശം പറയലും ചോദ്യം ചെയ്യലുമൊക്കെ ഇവരുടെ സ്വാതന്ത്ര്യം. പക്ഷേ, ഇവർ സമുദായത്തിലെ ഒട്ടേറെയാളുകളെ വഴിപിഴപ്പിച്ചത് മാപ്പർഹിക്കുന്നതാണോ?

ഒരു നൂറ്റാണ്ടായി ഇവർ വിശ്വസിച്ചുവന്നതും പ്രചരിപ്പിച്ചതുമായ പലതും തെറ്റായിരുന്നു എന്ന് പറയാൻ തുടങ്ങിയത് അഭിനന്ദനീയമാണ്. പുതിയ വിശ്വാസം പഠിപ്പിക്കാൻ തെരഞ്ഞെടുക്കപ്പെട്ടവർക്കു വേണ്ടി ഉലമാ സമ്മേളനങ്ങൾ, ആധുനിക സംവിധാനങ്ങൾവഴി ചോദ്യം ചെയ്യലുകളും ഭീഷണികളും, ആത്മീയ ചൂഷണ സദസ്സുകൾ കൊണ്ട് പൊറുതി മുട്ടിയതിനാൽ പലതിൽനിന്നും കൈകഴുകി ഒഴിയുന്നു, പല ജാറങ്ങളിലും നടത്തിപ്പുകാരായി രണ്ട് കമ്മിറ്റികൾ, എത്രയോ മഹല്ലുകളിൽ ഇപ്പോഴും സംഘർഷ ഭരിതമായ അവസ്ഥ തുടരുന്നു, തങ്ങന്മാരിലെ വ്യാജന്മാരെ കണ്ടെത്താൻ പ്രത്യേകം സംഘടന നിലവിൽ വന്നു. അനാവശ്യമായി മഹല്ലുകളിൽ ഏർപ്പെടുത്തിയ ഊരുവിലക്കുകളും ബഹിഷ്ക്കരണങ്ങളും നിയമക്കുരുക്കിലകപ്പെട്ട സന്ദർഭം... ഗ്ലാസ് വീണുടഞ്ഞതുപോലെ മഹല്ലുകളിലെ മുക്കു മൂലകളിൽ ഗ്രൂപ്പുകൾ ജന്മമെടുക്കുകയാണിപ്പോൾ. അതെ, പിളർപ്പ് തുടങ്ങിവെച്ചവർ അതിന്റെ ഞെരുക്കത്തിലമർന്നു കൊണ്ടേയിരിക്കുകയാണ്.

രാഷ്ട്രീയ ഇടപെടലിന്റെ പേരിൽ ഭിന്നിച്ചവർ ഇന്നും അതിന്റെ പേരിലുള്ള വാഗ്വാദത്തിലാണ്. ഇകെ വിഭാഗത്തിൽ തന്നെ അതിന്റെ പേരിൽ ശക്തമായ ഭിന്നതയുണ്ട്. അന്ന് രാഷ്ട്രീയ ഇടപെടലിനെ എതിർത്ത കാന്തപുരം ഇന്ന് അനുകൂലമായ നിലപാടിലെത്തിയിരിക്കുന്നു. ഇനിയെങ്കിലും, അഹ്ലുസ്സുന്നയുടെ പാതയിൽ മുന്നേറുന്ന സലഫികളെയും കെ.എം മൗലവിയെ പോലുള്ള നവോത്ഥാന നായകരെയും അന്ധമായി ആക്ഷേപിക്കൽ അവസാനിപ്പിച്ച് സത്യത്തിന്റെ പാതയിൽ സമുദായത്തെ നയിക്കാൻ ശ്രമിക്കുക എന്നാണ് പറയാനുള്ളത്.

എ. നജീബ് മൗലവി നയിക്കുന്ന മറ്റൊരു ഗ്രൂപ്പായ സംസ്ഥാനക്കാർ പറയുന്നു: "ഈ ശിർക്കാരോപണം അവസാനിപ്പിക്കുകയെന്ന നാല്പതു നാൾ നീണ്ടുനിന്ന പ്രഥമ ക്യാംപെയ്ൻ തന്നെ കേരളീയ സമൂഹം സർവ്വാത്മനാ സ്വാഗതം ചെയ്യതിന്റെ ഫലമായാണു സമുദായത്തിനകത്ത് ഒരു നൂറ്റാണ്ടോളം നിലനിന്ന ശിർക്കാരോപണം അവസാനിച്ചതെന്നത് ഒരു വസ്തുതയാണ്. കേവലം ശബ്ദഘോഷങ്ങളിലും ജനകീയ മേളനങ്ങളിലും പര്യവസാനിക്കുന്ന വാർഷികാഘോഷങ്ങൾക്കു പകരം കേരള സുന്നീ ജമാഅത്തിന്റെ അർത്ഥപൂർണ്ണവും ശാന്തവുമായ ഈ പതിനഞ്ചാം വാർഷികാഘോഷവും അഭിനന്ദനീയവും ആഹ്ലാദകരവുമാണ്. സങ്കുചിത കക്ഷിതാല്പര്യങ്ങൾക്കതീതമായി സുന്നത്തു ജമാഅത്തിനെ നിഷ്കപടമായി സേവിക്കാൻ സുന്നീജമാഅത്തിനെ അല്ലാഹു തുണക്കട്ടേയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയാണ്" (ബുൽബുൽ മാസിക/2022 നവംബർ/പേജ് 8).

നൂരിശാഹ് തങ്ങളുടെ അനുയായികൾ സംഘടനയിലെ കുഴപ്പങ്ങളെ വിലയിരുത്തി അഭിപ്രായപ്പെടുന്നത് കാണുക: "സമസ്തയിൽ അക്കാലംവരെയും പ്രത്യക്ഷമാകാതെ അന്തഃക്ഷോഭങ്ങളായി നിലനിന്ന പല പ്രവണതകളും എല്ലാ മറയും നീക്കി പുറത്തുവന്നുകൊണ്ടിരുന്നു. ശംസുൽ ഉലമ ഇ.കെ അബൂബക്കർ മുസ്ലിയാർ, ബഹുമാന്യ പണ്ഡിതൻ കണ്ണിയ്യത്ത് ഉസ്താദ് തുടങ്ങിയ പ്രമുഖർക്കുണ്ടായിരുന്ന പ്രാമുഖ്യം ദുർബലപ്പെടുകയും ദീനീതാത്പര്യങ്ങളെക്കാൾ വൈയക്തികമായ ഇഷ്ടാനിഷ്ടങ്ങൾക്ക് പ്രാമുഖ്യം കൈവരിക്കുകയും ചെയ്യുന്ന ദുഷ്പ്രവണതകൾ സുന്നത്ത് ജമാഅത്തിന്റെ ലേബലിൽ തന്നെ പ്രബലപ്പെട്ടു വന്നു. സുന്നത്ത് ജമാഅത്തിന്റെ പാരമ്പര്യങ്ങളെയും അതിന്റെ തനതായ മൂല്യങ്ങളെയും പ്രതിനിധീകരിച്ച സാത്വികരായ പണ്ഡിതന്മാർ ആദ്യമേതന്നെ സംസ്ഥാന ജംഇയ്യത്തുൽ ഉലമയായും മറ്റും പിരിഞ്ഞുപോയിരുന്നു. സൂക്ഷ്മതയുള്ള അത്തരം ഉലമാക്കൾ പലരും സമസ്തയിൽ പിൽക്കാലത്തും ശേഷിച്ചിരുന്നുവെങ്കിലും സംഘടനയും അതിന്റെ സ്ഥാപിത താത്പര്യങ്ങളും നടത്തിക്കൊണ്ടുപോകാൻ അത്തരം ഉലമാക്കൾ സന്നദ്ധരായിരുന്നില്ല. അഥവാ ദീനീ മൂല്യങ്ങളെക്കാൾ വൈയക്തികമായ താത്പര്യങ്ങൾക്കും രാഷ്ട്രീയ പക്ഷപാതിത്വങ്ങൾക്കും പ്രാമുഖ്യം നൽകുന്നവർക്ക് മാത്രം നടത്തി കൊണ്ടുപോകാൻ സാധിക്കുന്ന ഒന്നായി ഉലമാ സംഘടന ഈ ഘട്ടത്തിൽ മാറിക്കഴിഞ്ഞിരുന്നു" (ഫൈളാനേ നൂരി വോള്യം 2/ യു.മുഹമ്മദ് ഇബ്രാഹീം മുസ്ലിയാർ/പേജ് 426).

അല്ലാഹു പറയുന്നു: "പൂർവവേദക്കാർ ഭിന്നിച്ചത് അവർക്ക് അറിവ് വന്നുകിട്ടിയതിനുശേഷം തന്നെയാണ്. അവർ തമ്മിലുള്ള വിരോധം നിമിത്തമാണത്. നിർണിതമായ ഒരു അവധിവരേക്ക് ബാധകമായ ഒരു വചനം നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് മുമ്പു തന്നെ ഉണ്ടായിട്ടില്ലായിരുന്നുവെങ്കിൽ അവർക്കിടയിൽ (ഉടനെ) തീർപ്പുകൽപിക്കപ്പെടുമായിരുന്നു. അവർക്ക് ശേഷം വേദഗ്രന്ഥത്തിന്റെ അനന്തരാവകാശം നൽകപ്പെട്ടവർ തീർച്ചയായും അതിനെപ്പറ്റി അവിശ്വാസജനകമായ സംശയത്തിലാകുന്നു" (42:14).

ഇതിന്റെ വിശദീകരണത്തിൽ ഇബ്നു കസീർ(റഹി) പറയുന്നു: "അവരുടെ കാര്യത്തെപ്പറ്റി അവർക്ക് ഉറപ്പില്ല. പകരം അവർ തങ്ങളുടെ പിതാക്കന്മാരെയും പൂർവികരെയും തെളിവോ രേഖയോ ഇല്ലാതെ അനുകരിക്കുകയാണ്. അവരുടെ കാര്യത്തിൻ ആശയക്കുഴപ്പത്തിലും സംശയത്തിലും ഛിദ്രതയിലും അകപ്പെട്ടിരിക്കുകയാണവർ." ■



# ശഅ്ബാൻ മാസത്തിലെ അനാചാരങ്ങൾ

ഉസ്മാൻ പാലക്കാഴി
: 9656 292 244

അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ദിവസങ്ങളും ആഴ്ചകളും അടങ്ങിയതാണ് മാസം. അല്ലാഹുവിന്റെ അടുത്ത് മാസങ്ങൾ പന്ത്രണ്ടാണെന്ന് വിശുദ്ധ ക്വുർആൻ (9:36) പറയുന്നുണ്ട്.

ചില മാസങ്ങൾക്ക് മറ്റു മാസങ്ങളെക്കാൾ ഇസ്‌ലാം ശ്രേഷ്ഠതയും പ്രത്യേകതയും നൽകിയിട്ടുണ്ട്. അത് അങ്ങനെ തന്നെ അംഗീകരിക്കുകയാണ് സത്യവിശ്വാസികൾ ചെയ്യേണ്ടത്. ഹിജ്‌റ വർഷത്തിലെ എട്ടാമത്തെ മാസമാണ് ശഅ്ബാൻ. വർഷത്തിലൊരിക്കൽ മനുഷ്യരുടെ കർമങ്ങൾ അല്ലാഹുവിങ്കലേക്ക്ഉയർത്തപ്പെടുന്നത് ഈ മാസത്തിലാണെന്ന് നബി(സ്വ) പറഞ്ഞതായി കാണാം. അതുകൊണ്ടുതന്നെ റമദാൻ കഴിഞ്ഞാൽ നബി(സ്വ) ഏറ്റവും കൂടുതൽ നോമ്പനുഷ്ഠിച്ചിരുന്നത് ശഅ്ബാൻ മാസത്തിലാണ്.

ഉസാമത് ഇബ്‌നു സൈദ്(റ) പറഞ്ഞു: "ഞാൻ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, (റമദാൻ കഴിഞ്ഞാൽപിന്നെ) ശഅ്ബാൻ മാസത്തിൽ അങ്ങ് വ്രതമനുഷ്ഠിക്കുന്നതുപോലെ മറ്റൊരു മാസത്തിലും അത്രയും വ്രതമെടുക്കുന്നത് ഞാൻ കണ്ടിട്ടില്ലല്ലോ.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'റജബിനും റമദാനിനും ഇടയിൽ ആളുകൾ (പരിഗണിക്കാതെ) അശ്രദ്ധരായി വിടുന്ന ഒരു മാസമാണത്. അതാകട്ടെ അല്ലാഹുവിങ്കലേക്ക് കർമങ്ങൾ ഉയർത്തപ്പെടുന്ന ഒരു മാസമാണ്. അതുകൊണ്ട് ഞാൻ നോമ്പുകാരനായിരിക്കെ എന്റെ കർമങ്ങൾ അല്ലാഹുവിങ്കലേക്ക് ഉയർത്തപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നു" (നസാഈ, ശൈഖ് അൽബാനി ഹസനെന്ന് വിശേഷിപ്പിച്ച ഹദീസ്).

പ്രത്യേക പ്രാധാന്യമുള്ള രണ്ടു മാസങ്ങൾക്കിടയിൽ വരുന്ന ഒരു മാസമാണ് ശഅ്ബാൻ. അഥവാ യുദ്ധം നിഷിദ്ധമാക്കപ്പെട്ട (പവിത്ര) മാസമായ റജബിനും ക്വുർആൻ അവതരിച്ച മാസമായ റമദാനിനും ഇടയിലുള്ള മാസം. 'ജനങ്ങൾ അതിനെക്കുറിച്ച് അശ്രദ്ധയിലാണ്' എന്ന പരാമർശം അതാണ് സൂചിപ്പിക്കുന്നത്.

നോമ്പുകൾ നോറ്റുവീട്ടാൻ ബാക്കിയുള്ളവർ അക്കാര്യവും ഈ മാസത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. ആഇശ(റ) പറയുന്നു: "റമദാനിലെ നോമ്പ് എനിക്ക് നോറ്റുവീട്ടാൻ ബാക്കിയുള്ളത് ശഅ്ബാനിലാണ് നോറ്റുവീട്ടാൻ എനിക്ക് കഴിഞ്ഞിരുന്നത്" (ബുഖാരി).

രോഗം കാരണത്താലോ മറ്റോ നോമ്പനുഷ്ഠിക്കാൻ കഴിയാതിരുന്നവരും ഇക്കാര്യം ശ്രദ്ധിക്കണം. ഒരിക്കലും നോമ്പെടുത്ത് വീട്ടാൻ കഴിയാത്തവർ ഫിദ്‌യ നൽകണം. ഒരു സാധുവിന് ഒരു നേരത്തെ ഭക്ഷണമാണ് ഫിദ്‌യ നൽകേണ്ടത്.

ചിലയാളുകൾ അനുഷ്ഠിക്കുന്ന ശഅ്ബാൻ പതിനഞ്ചിന്റെ രാവിലെ 'സ്വലാത്തുൽ അൽഫിയ' എന്ന നമസ്‌കാരം യാതൊരു പ്രമാണവുമില്ലാത്തതാണ്, ബിദ്അത്താണ്. ശഅ്ബാൻ പതിനഞ്ചിന് ഓരോ റക്അത്തിലും 10 തവണ വീതം സൂറത്തുൽ ഇഖ്‌ലാസ് പാരായണം ചെയ്യുന്ന, നൂറു റക്അത്ത് നമസ്‌കാരമാണ് അത്. അതിനെക്കുറിച്ച് ഇമാം നവവി(റഹി) പറയുന്നത് അത് വെറുക്കപ്പെട്ട ബിദ്അത്താണ് എന്നാണ്.

"തീർച്ചയായും നാം അതിനെ (ക്വുർആനിനെ) ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. തീർച്ചയായും നാം മുന്നറിയിപ്പ് നൽകുന്നവനാകുന്നു" (ക്വുർആൻ 44:3).

ഇതിലെ 'അനുഗൃഹീത രാത്രി' കൊണ്ടുള്ള വിവക്ഷ ശഅ്ബാൻ 15 ആണെന്ന് ഒരുവിഭാഗം വാദിക്കുകയും അന്ന് അവർ പ്രത്യേകം ആരാധനകൾ നിർവഹിക്കുകയും ചെയ്തു വരുന്നുണ്ട്. യഥാർഥത്തിൽ ഇത് വിശുദ്ധ ക്വുർആനിന്റെ ഖണ്ഡിതമായ തെളിവുകൾക്ക് വിരുദ്ധമാണ്. കാരണം ക്വുർആൻ പറയുന്നത്, അതിനെ ഒരു അനുഗൃഹീത രാവിലാണ് അവതരിപ്പിച്ചിട്ടുള്ളതെന്നാണ്. പ്രസ്തുത രാവുകൊണ്ട് ഉദ്ദേശിക്കുന്നത് ലൈലത്തുൽ ക്വദ്‌റാണെന്ന് ക്വുർആൻ തന്നെ വ്യക്തമാക്കുന്നുണ്ട്: "തീർച്ചയായും നാം ഇതിനെ (ക്വുർആനിനെ) ലൈലത്തുൽ ക്വദ്‌റിൽ (നിർണയത്തിന്റെ രാത്രിയിൽ) അവതരിപ്പിച്ചിരിക്കുന്നു" (97:1). പ്രമാണങ്ങൾ പഠിപ്പിക്കുന്ന ഇബാദത്തുകളെ പരിഗണിക്കാതെ, പുതുനിർമിതികളുടെ പിന്നാലെ പോകുന്നവർ ഖേദിക്കേണ്ടിവരുന്ന ഒരു ദിവസം വരാനുണ്ടെന്നു തിരിച്ചറിഞ്ഞാൽ അവർക്കു നല്ലത്.

WISDOM BOOKS

# പുറത്തിറങ്ങി..!!!

₹710 വിലയുള്ള
പുസ്തകങ്ങൾ ഇപ്പോൾ
25% വിലക്കിഴിവിൽ




CALL: +91 7356 766 478
http://www.wisdombooksonline.com

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
24 FEBRUARY 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-


# വ്യവസ്ഥാപിത മതപഠനത്തിന്റെ പത്ത് വർഷങ്ങൾ...!!

SCHOOL OF Qur'an

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA



## രജിസ്ട്രേഷൻ ആരംഭിച്ചു

## സവിശേഷതകൾ

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല
- തജ്‌വീദിന് പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- അൽ ക്വാഇദത്തുന്നൂറാനിയ്യയുടെ സമ്പൂർണ കോഴ്സ്
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- 12 ഭാഷകളിലായി സൗജന്യ ക്വുർആൻ മൊബൈൽ ആപ്ലിക്കേഷൻ – നൂർ ആപ്പ്
- രക്ഷിതാക്കൾക്കായി വ്യവസ്ഥാപിത രൂപത്തിലുള്ള ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഫോളോപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- കേന്ദ്രീകൃത ഖുർആൻ മൂല്യനിർണയം
- 18 വർഷം നീണ്ടുനിൽക്കുന്ന തുടർപഠന സൗകര്യം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- ഓഡിയോ വിഷ്വൽ ക്ലാസ് റൂമുകൾ
- നിരന്തര, കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ
- കേരളത്തിലും തമിഴ്നാട്ടിലുമായി 40ൽ അധികം സെന്ററുകൾ

- ☆ നാല് മുതൽ അഞ്ചര വയസ് വരെയുള്ളവർക്ക് പ്രീ സ്കൂളിലേക്ക് പ്രവേശനം
- ☆ ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് ഗ്രേഡ് ഒന്നിലേക്ക് പ്രവേശനം
- ☆ 2,3 ഗ്രേഡിലേക്ക് എൻട്രൻസ് പരീക്ഷയിലൂടെ നേരിട്ട് അഡ്മിഷൻ
- ☆ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം ഫിസിക്കൽ ക്ലാസുകൾ

- ☆ അപേക്ഷകർ മുകളിലുള്ള QR CODE സ്കാൻ ചെയ്ത് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് അപേക്ഷാഫോം പൂരിപ്പിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: +91 8606788882, 9072646000
സന്ദർശിക്കുക: www.schoolofquran.in

KASARAGODE: 8089192273 | KANHANGAD: 9605210101 | THALIPARMBA: 8606776770 | KINAVAKKAL: 99953 34766 | VADAKARA: 9995494598 | KAPPAD: 9846808230 | PARAPPANAGADI: 9544924596 | TIRUR: 9633099992 | THOTTASSERIYARA: 8606600555 | CHATTIPARAMBA: 9496526220 | KOTTAKKAL: 9995798755 | EDATHANATTUKARA: 9495467259 | MANJERI: 9846872999 | AREEKODE: 9447926082 | VENGIDANGU: 9048869220 | MARANCHERY: 9946739215 KOLLAM: 80895 46729 | KAYAMKULAM: 89434 64478 | ATTINGAL: 9497714521 | KODUVAYUR: 9745287883 | KOLLAYIL: 9747258263 | OTHAYI : 9497 650100 PALAPPETTY : 9207942750 | KANNANALLOOR : 9961493999 | COIMBATORE: 9080475224 | ERODE: 9942958888 | SALEM : 9865167864 | METTUPALAYAM: 8300886551 | POLLACHI : 9940838413 | UDAMALPET : 9865051917

**Head Office:** Jamia Al-Hind Al-Islamiyya | Wadi Al Hikma | Jamia Campus | Mini Ootty | Oorakam Malappuram | Kerala | India | PIN 676519 | Mob: +91 8606788882 | WhatsApp: 9072646000
mail@schoolofquran.in  www.schoolofquran.in